# ഇനിയും തോൽക്കണമോ?

പ്രൊഫ. എം. വൈ. യോഹന്നാൻ

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# ഇനിയും തോൽക്കണമോ?


**പ്രൊഫ. എം. വൈ. യോഹന്നാൻ**

*റിട്ട. പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

**മേച്ചങ്കര, കടയിരുപ്പ് പി.ഒ.,**

**കോലഞ്ചേരി – 682 311, കേരളം.**

**ഫോൺ: (0484) 2689489, 2689889**

E - mail : profmyyohannan@crfgospel.org

Website : www.crfgospel.org


●


Publisher :

**ഫീലിയോ ബുക്ക്സ്**

**കോലഞ്ചേരി – 682 311**

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

Layout & Printing

Merin Graphics, Edappally, Kochi- 24

E-mail: meringraphics@gmail.com


●


*copy right reserved*


●

# മുഖവുര

അജ്ഞാതനാമാവായ ഒരു ഗ്രന്ഥകാരന്റെ ഹൃദയസ്പർശിയായ ഒരു താരതമ്യ പഠനം ഒരിക്കൽ വായിക്കാനിടയായി.

"Socrates taught for 40 years, Plato for 50, Aristotle for 40, and Jesus for only 3. Yet the influence of Christ's 3-year ministry infinitely transcends the impact left by the combined 130 years of teaching from these men who were among the greatest philosophers of all antiquity".

സോക്രട്ടീസ് 40 വർഷം പഠിപ്പിച്ചു. പ്ലേറ്റോ 50 വർഷവും അരിസ്റ്റോട്ടിൽ 40 വർഷവും. യേശുക്രിസ്തു മൂന്നു വർഷം മാത്രം. എന്നാൽ യേശുക്രിസ്തുവിന്റെ മൂന്നുവർഷത്തെ പരസ്യശുശ്രൂഷ, പുരാതനകാലത്തെ ഏറ്റവും മഹാന്മാരായ ദാർശനികന്മാരുടെ 130 വർഷത്തെ ആകമാനാദ്ധ്യാപനത്തെക്കാൾ സർവ്വാതിശായിയത്രേ.

യേശുക്രിസ്തു ഒരു പടവും വരച്ചിട്ടില്ല. എന്നാൽ റാഫേൽ, മൈക്കൽ ആൻജലോ, ലിയൊണാർഡൊ

ഡാവിൻസി, എന്നിവരുടെ ചിത്രരചനയ്ക്ക് പ്രചോദനം ക്രിസ്തുവായിരുന്നു. ക്രിസ്തു ഒരു കവിതയും രചിച്ചില്ല. എന്നാൽ Divine Comedy എഴുതിയ ഡാന്റെ (Dante) Paradise Lost എഴുതിയ മിൽട്ടൺ, In Memmorium എഴുതിയ Lord Tennyson മുതലായ എത്രയോ കവികളെ സ്വാധീനം ചെയ്തു ക്രിസ്തുവിന്റെ ജീവിതാശയങ്ങൾ ! ക്രിസ്തു ഒരു ഗ്രന്ഥവും രചിച്ചില്ല. എന്നാൽ ടോൾസ്റ്റോയി, വിക്ടർയൂഗോ മുതലായ വിശ്വപ്രസിദ്ധരായ സാഹിത്യകാരന്മാർ പ്രചോദനമുൾക്കൊണ്ടത് ക്രിസ്തുവിൽ നിന്നാണ്.

ക്രിസ്തു ഒരുപാട്ടും എഴുതിയില്ല. എന്നാൽ Haydn, Handel, Beethoven, Bach, Mendelssohn മുതലായവർ രചിച്ചു രൂപപ്പെടുത്തിയ പാട്ടുകളും കീർത്തനങ്ങളും താളലയാനുസൃതഗീതങ്ങളും ക്രിസ്തുവിനെ പ്രകീർത്തിച്ചും ക്രിസ്തുവിനായി ജീവിതാർപ്പണം ചെയ്തുമായിരുന്നു.

മനുഷ്യമഹത്വത്തിന്റെ സമസ്തമേഖലകളും പരിപോഷണം നേടിയതും ഉൽക്കർഷമാർജ്ജിച്ചതും നസറേത്തിലെ തച്ചൻ എന്ന് അസൂയാലുക്കളും അധികാര പ്രമത്തരുമായ മതമൗലികവാദികൾ അസഹിഷ്ണുതയോടെ വിളിച്ച യേശു ക്രിസ്തുവിന്റെ ദിവ്യവ്യക്തിത്വത്താലാണ്.

"An outline History of the world'' (ലോകചരിത്രസംഗ്രഹം) എന്ന ഗ്രന്ഥത്തിൽ H.G. Wells എഴുതി : മാനവസംസ്ക്കാരം എവിടെയെല്ലാം വളർന്നിട്ടുണ്ടോ, മാനവിക മൂല്ല്യങ്ങൾ എന്നെല്ലാം ആദരിക്കപ്പെട്ടിട്ടുണ്ടോ, അവയുടെയെല്ലാം പിന്നിൽ ക്രിസ്തുവിന്റെ അന്യാദൃശമായ സ്വാധീനം കാണാം.

മാനവവംശത്തിനുള്ള ക്രിസ്തുവിന്റെ അതുല്യ സംഭാവന ആത്മാവിന്റെ രക്ഷയാണ്. തത്വശാസ്ത്രത്തിന് അത് നൽകാൻ സാദ്ധ്യമല്ല. കലയ്ക്കും സാഹിത്യത്തിനും സംഗീതത്തിനും ആത്മരക്ഷ നൽകാനാവില്ല. പാപത്തിന്റെയും സാത്താന്റെയും ചങ്ങലക്കെട്ടുകളെപ്പൊട്ടിക്കാൻ ക്രിസ്തുവിന് മാത്രമെ സാധിക്കുകുള്ളൂ. മനുഷ്യന്റെ അന്തർദ്ദാഹം ശമിപ്പി

ക്കാനും ഉള്ളിൽ ആന്തരിക ശാന്തി പകരാനും ക്രിസ്തുവിന് മാത്രമേ കഴിയൂ. ആത്മാവിൽ മരിച്ചവരെ ജീവിപ്പിക്കാനും ബലഹീനരെ ബലശാലികളാക്കുവാനും ഉൾക്കരുത്തില്ലാത്ത വരെ ശക്തരാക്കുവാനും യേശുക്രിസ്തുവിനുമാത്രമേ സാധി ക്കുകയുള്ളു.

തോറ്റുപോയ ജീവിതങ്ങളെ വിജയപാതയിലെത്തിക്കുന്ന ക്രിസ്തുവിന്റെ ക്രൂശിനെ വരച്ചുകാണിക്കാനും ക്രൂശിൽ കാണിച്ചു തന്ന സ്നേഹത്തിന്റെ ഊഷ്മള സന്ദേശം മനുഷ്യ ഹൃദയങ്ങളിൽ പാകാനും അഗാധമായ ആഗ്രഹം ഉള്ളതുകൊ ണ്ടാണ്. “ഇനിയും തോൽക്കണമോ?” എന്ന ഈ ഗ്രന്ഥം എഴുതാൻ ഞാൻ താത്പര്യം കാണിച്ചത്. എന്റെ മറ്റുപുസ്ത കങ്ങളെല്ലാം ഏറ്റുവാങ്ങി വായിക്കുകയും എനിക്ക് നിർദ്ദേശ ങ്ങൾ തന്നും തിരുത്തലുകൾ തന്നും എന്നെ സഹായിക്കു കയും ചെയ്ത എന്റെ ബഹുമാന്യ സഹോദരങ്ങളോട് എനിക്ക് അകൈതവമായ നന്ദിയുണ്ട്. ഈ പുസ്തക വായനയും നിങ്ങൾക്കേവർക്കും അനുഗ്രഹപ്രദമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

നിങ്ങളുടെ സ്വന്തം,

കടയിരുപ്പ്
20-01-2011

**എം.വൈ. യോഹന്നാൻ**

# ഒന്ന്

വലിയ ഒരു ഘോഷയാത്ര. വലിയ ആഡംബരസമന്വിത മായ ഘോഷയാത്ര. ഓരോ ജംഗ്ഷനിൽ എത്തുമ്പോഴും ഘോഷയാത്രയിൽ ആളുകളുടെ എണ്ണം കൂടിക്കൂടി വരുന്നു.

ആ യാത്രയിൽ ഏതോ ഒരു സമയത്ത് എനിക്കും ചേരാൻ ഇടയായി. ഞാനും ആ യാത്രയിൽ ചേർന്നു നടക്കാൻ ഇട യായി. ഏറ്റവും മുമ്പുനടക്കുന്നത് കർത്താവായ യേശുക്രി സ്തുവാണ്. യേശുക്രിസ്തു വളരെ സൗമ്യനായി, ശാന്തനാ യി, സ്നേഹം വഴിഞ്ഞൊഴുകുന്ന മുഖത്തോടെ, മധുരപ്പുഞ്ചി രിയോടെ, നടന്നു നീങ്ങുന്നു. പിന്നാലെ ശ്രേഷ്ഠരായ അപ്പോ സ്തലൻമാർ പോകുന്നു, സഹദേന്മാർ പോകുന്നു, പ്രവാച കൻമാർ പോകുന്നു, ഘോഷയാത്ര അങ്ങനെ നീണ്ടുപോകു കയാണ്. ഒരു സമയത്ത് എനിക്കും ആ ഘോഷയാത്രയിൽ പങ്കെടുക്കാൻ ഇടയായി. പോകുന്തോറും ആളുകളുടെ എണ്ണം കൂടിക്കൂടി വരുന്ന കാഴ്ചയാണ് ഞാൻ കണ്ടു കൊണ്ടിരിക്കു ന്നത്.

സ്വർഗ്ഗീയസീയോൻ പൂരിയിലേക്കുള്ള ആഘോഷ സമ ന്വിതമായ യാത്രയിൽ പങ്കാളികളാകാൻ ദൈവം നമുക്ക് എല്ലാ വർക്കും ഭാഗ്യം നൽകട്ടെ.

സുവിശേഷപ്രവർത്തനം മൂലം അനേകരുണർന്നു. അനേകർക്ക് കുടുംബത്തിൽ ശാന്തി ലഭിച്ചു; ആത്മീയമായ ഒരു കാഴ്ചപ്പാട് കിട്ടി, അനേകം കുടുംബങ്ങൾ ഇന്ന് സന്തോഷം അനുഭവിക്കുന്നു, എത്രയോപേരുടെ മദ്യപാനം മാറി, കടം മാറി, എത്രയോ യുവാക്കൾ നല്ല ശാന്തസ്വഭാവി കളും മാതാപിതാക്കളെ അനുസരിക്കുന്നവരുമായിത്തീർന്നു!

സങ്കീർത്തനത്തിൽ ഒരു വാക്യം ഉണ്ട്

> "എന്റെ ഉള്ളിൽ ഹൃദയത്തിന് ചൂട് പിടിച്ചു ,എന്റെ ധ്യാനത്തിങ്കൽ തീ കത്തി, അപ്പോൾ ഞാൻ നാവ് എടുത്തു സംസാരിച്ചു."

ഞാൻ ആഗ്രഹിക്കുകയാണ്, ഇതു വായിക്കു മ്പോൾത്തന്നെ നിങ്ങളുടെ ഓരോരുത്തരുടെയും ഉള്ളിൽ തീ പിടിക്കട്ടെ എന്ന്.

ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ തീ ഇപ്പോൾ നിങ്ങ ളുടെ ഓരോരുത്തരുടെയും ഉള്ളിൽ പകരട്ടെ. ആ തീ നിങ്ങ ളുടെ ഹൃദയത്തിലേക്ക് കടന്നുവന്ന് നിങ്ങളുടെ ജീവിതത്തിൽ അത്ഭുതകരമായ വ്യതിയാനങ്ങൾ വരുത്തട്ടെ. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളെ രൂപാന്തരപ്പെടുത്തട്ടെ.

ആ തീ നിങ്ങളെ തൊടുമ്പോൾ നിങ്ങളുടെ അവശത കൾ മാറും, പരിശുദ്ധാത്മാവ് എന്ന തീ നിങ്ങളെ തൊടുമ്പോൾ നിങ്ങളുടെ രോഗങ്ങൾ കത്തിപോകും, ആ തീ നിങ്ങളെ തൊടുമ്പോൾ നിങ്ങളുടെ സ്വഭാവത്തിലുള്ള മാലിന്യങ്ങൾ കത്തിപോകും, ആ തീ നിങ്ങളെ തൊടുമ്പോൾ നിങ്ങളുടെ മദ്യപാനം മാറിപോകും, പരിശുദ്ധാത്മാവ് എന്ന തീ നിങ്ങളെ തൊടുമ്പോൾ നിങ്ങളുടെ കൊള്ളരുതായ്മകളും അഴിമതി കളും മാറിപ്പോകും.

നിങ്ങൾ മാറ്റാൻ ശ്രമിക്കുന്നതല്ല, ദൈവം എല്ലാം മാറ്റുന്നതാണ്. പരിശുദ്ധാത്മാവ് അനുഗ്രഹിച്ച് നിങ്ങളെ ഉയർത്തും. ചില അത്ഭുതകരമായ അനുഭവങ്ങൾ  നിങ്ങൾക്ക് ലഭിക്കും. ഈ തീ നിങ്ങളുടെ ഹൃദയങ്ങളെ ചൂടുപിടിപ്പിക്കുക മാത്രമല്ല, നിങ്ങളെ കത്തിച്ച് രൂപാന്തരപ്പെടുത്തും. വാക്കത്തി,  തൂമ്പ, മഴു, കോടാലി, മുതലായവ തീയിൽ, ഉലയിൽ ഇട്ട് നല്ലതുപോലെ തീ ആളിക്കുമ്പോൾ അത് പഴുത്ത് പഴുത്ത് വരുന്നതുപോലെ.  നിങ്ങൾ ഇത് വായിച്ചു കഴിയുമ്പോൾ നിങ്ങളുടെ ഹൃദയം ശുഭ്രവും സ്വച്ഛവുമായിത്തീരും.

പരിശുദ്ധാത്മാവിന്റെ ചുറ്റിക കൊണ്ട് അടിച്ച്  നല്ല മൂർച്ചയുള്ള ആയുധമായി നിങ്ങൾ മാറും.  ഇതുവരെ വെട്ടിയാൽ മുറിയാത്ത ആയുധമായിരുന്നു.  ഇതുവരെ വായ്ത്തല മടങ്ങിയിരുന്ന ആയുധമായിരുന്നു, എന്നാൽ  തീയിൽ വെച്ച് കുറച്ചുനേരം കഴിയുമ്പോൾ പഴുത്തുവരും, തക്കസമയത്ത് പരിശുദ്ധാത്മാവിന്റെ വചനമായ ചുറ്റിക കൊണ്ട് അടിക്കും, വായ്ത്തലയില്ലാത്തത് വായ്ത്തലയുള്ള നല്ല മൂർച്ചയുള്ള ആയുധമായി മാറും.

ഇന്ന് വചനം വായിക്കാൻ തുടങ്ങുമ്പോൾ നിങ്ങൾ പ്രാർത്ഥിക്കണം, ദൈവമേ, വചനം എന്റെ ഹൃദയത്തിൽ തൊടണമേ, ഇന്ന് സ്വർഗ്ഗത്തിലെ തീ ഇറങ്ങിവരണമേ എന്ന്.  ഇന്ന് എന്റെ രോഗാണുക്കളെ കത്തിച്ചുകളയണമേ എന്ന്.  മാരകമായ രോഗങ്ങൾ മാറ്റണമേ എന്ന്.  എന്റെ കർത്താവേ, എന്റെ കടത്തിന് ഒരു പൊറുതി തരണമേ എന്ന് നിങ്ങൾപ്രാർത്ഥിച്ചു കൊണ്ടിരിക്കൂ, ചിലതെല്ലാം സംഭവിക്കാൻ പോകുകയാണ്.

കൊരിന്ത്യർക്കെഴുതിയ 1-ാംലേഖനം 15-ാം അദ്ധ്യായം അമ്പത്തിയേഴാം വാക്യമാണ്  ചിന്താവിഷയം.

> “കർത്താവായ  യേശുക്രിസ്തുമുഖാന്തിരം നമുക്കു ജയം നൽകുന്ന ദൈവത്തിന് സ്തോത്രം.”

## ജയകരമായ ജീവിതം നയിക്കുന്നതെങ്ങനെയാണ്?

അനേകം കാര്യങ്ങളിൽ തോറ്റവരാണ് പലരും. വിദ്യാഭ്യാസത്തിൽ, ജോലിയിൽ, വരുമാനമാർഗ്ഗങ്ങളിൽ തോറ്റവരുണ്ട്. കുടുംബജീവിതത്തിൽ, സ്വഭാവത്തിൽ, ബിസിനസ്സിൽ തോറ്റവരുണ്ട്. പലതിലും തോറ്റവരാണ് അനേകരും. എന്നെങ്കിലും തോൽവി അടഞ്ഞവരാണ് എല്ലാവരും.

ഒരു പക്ഷെ പരീക്ഷയിൽ ജയിച്ചിട്ടുണ്ടാവും, പക്ഷേ ജീവിത രംഗങ്ങളിൽ പലതിലും തോറ്റുപോയിട്ടുണ്ടാവും.

ചിന്തിക്കൂ, നിങ്ങൾ എവിടെയെല്ലാമാണ് തോറ്റ് വശംകെട്ടുപോയത്? നിങ്ങൾക്ക് ജയിക്കണമെന്ന് ആഗ്രഹിച്ചിട്ടും ജയിക്കാൻ കഴിയാതെ ഇരുന്ന കാര്യങ്ങൾ എന്തെല്ലാമാണ്.?

ഏറ്റവും വേദനാകരമായ കാര്യം കുടുംബജീവിതത്തിൽ പരാജയപ്പെട്ടതാണ്. ഭാര്യയും ഭർത്താവും തമ്മിലുള്ളതായ സ്നേഹത്തിലും ഐക്യത്തിലും, പരാജയം. എന്നും ഭർത്താവിന്റെ മർദ്ദനം ഏൽക്കേണ്ടിവരുക, മദ്യപിച്ച് സുബോധം ഇല്ലാതെ ഭർത്താവ് കടന്നുവരുന്നു. വളരെ ക്രൂരമായി മർദ്ദിക്കുന്നു. കുടിക്കാതിരിക്കുമ്പോൾ വളരെ നല്ല മനുഷ്യൻ. പക്ഷേ, മദ്യപിച്ചുകഴിയുമ്പോൾ ഭ്രാന്തുപിടിച്ചതുപോലെയാണ്. എല്ലാം മറന്നുപോകുന്നു, എല്ലാ സ്നേഹബന്ധങ്ങളും മറന്നുപോകുന്നു, മനുഷ്യത്വം തന്നെ മറന്നുപോകുന്നു, കുടുംബജീവിതത്തിൽ പരാജയം.

ഭർത്താവും ഭാര്യയും തമ്മിലുള്ള ബന്ധത്തിൽ മാത്രമല്ല, അമ്മായിഅമ്മയും മരുമകളും തമ്മിലുള്ള ബന്ധത്തിൽ പരാജയം സംഭവിച്ചവർ എത്രയോ പേർ! കുടുംബത്തിൽ ഐക്യമില്ല, സ്നേഹമില്ല, എന്റെ മോനെ ഇവൾ അപഹരിച്ചുകൊണ്ടുപോയി, എന്നോടുള്ള സ്നേഹം കുറഞ്ഞു എന്നാണ് അമ്മയുടെ ചിന്ത. ഭാര്യ, പാവം പെൺക്കുട്ടി, വലയുന്നു. അവൾക്ക് ഭർത്താവുമായിട്ടൊന്നു മിണ്ടാൻ പോലും അനുവാദമില്ല, സ്വാതന്ത്ര്യം ഇല്ല.

ഈ ആധുനിക യുഗത്തിൽ അങ്ങനെയുണ്ടോ? സഹോദരങ്ങൾ തമ്മിൽ മുഷിച്ചിലും നീരസവും ഭിന്നതയും. അപ്പൻ എനിക്ക് തന്നത് പോരാ, എന്നെ മാനിച്ചില്ല, എന്നെ കരുതിയില്ല, എന്റെ അനിയന് കൂടുതൽ കൊടുത്തു എന്നിങ്ങനെയെല്ലാം ചിന്തിക്കുന്നവർ. അവിടെ സ്നേഹത്തിലും ഐക്യത്തിലും പരാജയമാണ്.

നിങ്ങളുടെ വിവാഹജീവിതം പരാജയപ്പെട്ടതാണോ? നിങ്ങളുടെ കുടുംബജീവിതം പരാജയപ്പെട്ടതാണോ? സമാധാനം നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ?

ഔദ്യോഗിക ജീവിതത്തിൽ പരാജയപ്പെട്ടവർ, ജോലി നഷ്ടപ്പെട്ടവർ, എത്ര ശ്രമിച്ചിട്ടും ജോലിയിൽ മികവു വരുന്നില്ല. കാര്യക്ഷമതയോടെ കാര്യങ്ങൾ ചെയ്യാൻ കഴിയുന്നില്ല. കരകയറിവരാൻ ശ്രമിക്കുന്നുണ്ട്, പക്ഷേ സാധിക്കുന്നില്ല. നിങ്ങൾ ആഗ്രഹിച്ചിട്ടില്ലേ, ഈ പരാജയത്തിൽ നിന്ന് കരകയറണമെന്ന്? ഉണ്ട്, തീർച്ചയായും. നെടുവീർപ്പോടെ നിങ്ങൾ ഓരോരുത്തരും ആഗ്രഹിച്ചിട്ടുണ്ട്. പക്ഷെ പരാജയം തന്നെ.

ഒരു കൊച്ചുകുട്ടിയുണ്ടായിരുന്നു. അവൻ വിദ്യാഭ്യാസത്തിൽ പരാജയപ്പെട്ടു. അവന്റെ ക്ലാസ്സ് ടീച്ചർ പറഞ്ഞു, നീ ഈ ക്ലാസ്സിന് ചേർന്നവനല്ല. (You are not fit for this class). എത്രപഠിപ്പിച്ചാലും പഠിക്കുകയില്ല, മരമണ്ടൻ! അവൻ ശ്രമിക്കുന്നുണ്ട്, പക്ഷേ അവന് പഠിച്ച് കരകയറാൻ സാധിക്കുന്നില്ല.

ഒരു ദിവസം അധ്യാപകൻ അവനെ ക്ലാസ്സിൽ നിന്ന് ഇറക്കിവിട്ടു. അവൻ ഒരു കാര്യം ചെയ്തു. ഫിസിക്കൽ എജ്യുക്കേഷൻ പീരിയഡ് ഉണ്ട്, അവിടെ കുട്ടികൾ കളിക്കുന്നുണ്ട്, അങ്ങോട്ട് പോകാം. അവരോടുകൂടെ കളിക്കാം. അവൻ കളിക്കുന്ന ഗ്രൗണ്ടിൽ ചെന്നപ്പോൾ കൂട്ടുകാരെല്ലാം പറയുകയാണ്:

"നീ ഇങ്ങോട്ട് വരണ്ട, No, you are not fit for the play ground.

നിനക്ക് കളിക്കാൻ അറിയാൻ പാടില്ല. പഠിക്കാനും കൊള്ളുകയില്ല, കളിക്കാനും കൊള്ളുകയില്ല.”

അവൻ വളരെ ലജ്ജിതനായി, നിരാശനായി മടങ്ങി വീട്ടിലെത്തി. അവൻ നേരെ അമ്മയുടെ മുമ്പിലേക്ക് പോയില്ല, കട്ടിലിന്റെ ചുവട്ടിൽ കയറിക്കിടന്നു ഏങ്ങലടിച്ചുകരഞ്ഞു. അവൻ ഓർത്തു എനിക്ക് എന്താണ് ഇങ്ങനെ? എനിക്ക് ഒരിടത്തും ജയം കിട്ടുന്നില്ലല്ലോ, അവൻ നിരാശയോടെ കിടന്ന് വിതുമ്പിക്കരഞ്ഞു.

സമയം ആയിട്ടും അവനെ കാണാഞ്ഞിട്ട് അമ്മ ഞരക്കം കേൾക്കുന്നിടത്ത് നോക്കി കണ്ടെത്തി. അവൻ കരഞ്ഞു വീർത്ത മുഖവുമായി അമ്മയുടെ അടുത്ത് വന്നു വിതുമ്പി. അമ്മ ചോദിച്ചപ്പോൾ അവൻ പറഞ്ഞു: “ഇന്നും സാർ പറഞ്ഞു: നീ ഇങ്ങോട്ട് വരണ്ട എന്ന്. എന്നെ ക്ലാസിൽ നിന്ന് ഇറക്കിവിട്ടു. ഞാൻ പ്ലേഗ്രൗണ്ടിൽ ചെന്നപ്പോൾ കൂട്ടുകാർ പറഞ്ഞു: നീ കളിക്കാൻ വരണ്ട എന്ന്.” അവൻ ഏങ്ങലടിച്ചുകരഞ്ഞു.

അമ്മ അവനെ ചേർത്ത് അണച്ചു നിറുകയിൽ ഉമ്മ വച്ചുകൊണ്ട് പറഞ്ഞു: “നിന്റെ ക്ലാസ്സ് ടീച്ചർ കാണുന്നതിനു മുമ്പ് ഞാൻ നിന്നെ കണ്ടതല്ലേ? നിന്റെ കൂട്ടുകാർ അറിയുന്നതിനെക്കാൾ കൂടുതൽ ഞാൻ നിന്നെ അറിയുന്നതല്ലേ? മോനെ നമുക്ക് ഒരു ദൈവം ഉണ്ട്. ഞാൻ മോന് വേണ്ടി പ്രാർത്ഥിക്കാം. നീയും പ്രാർത്ഥിക്കണം. മോനെ നീ വിഷമിക്കണ്ട. നീ ഇന്ന് പരാജയപ്പെട്ടെങ്കിലും നിന്നെ ജയിപ്പിക്കുന്ന യേശുവുണ്ട്.” അമ്മ ദൈവത്തെ അറിഞ്ഞ്, യേശുക്രിസ്തുവിനെ വിശ്വസിക്കുന്ന ഒരു ദൈവദാസിയായിരുന്നു.

ഏതാനും വർഷങ്ങൾ കഴിഞ്ഞ്, അവൻ പഠിച്ച അവന്റെ ക്ലാസ്സ് റൂമിന്റെ ചുവരിൽ അവന്റെ ഫോട്ടോ തൂക്കി. അന്നത്തെ ക്ലാസ്സ് ടീച്ചർ പറയുകയാണ്, നിങ്ങളെപ്പോലെ ഈ ക്ലാസ്സിൽ ഇരുന്നു പഠിച്ച ഒരാളാണ് ഇത്. പേര് തോമസ് ആൽവ എഡിസൻ! വിശ്വവിഖ്യാതനായ ശാസ്ത്രജ്ഞൻ!

ഇലക്ട്രിക്ക് ബൾബും മറ്റും കണ്ടുപിടിച്ച മഹാനായ ശാസ്ത്ര ജ്ഞൻ!

തോൽവി അടഞ്ഞവനായിരുന്നു, നിരാശനായിരുന്നു, ഒരിടത്തും കൊള്ളാത്തവനായിരുന്നു, പക്ഷേ യേശുക്രിസ്തു അവനെ ഉയർത്തി. നിങ്ങൾ ഇതുവരെ പരാജയപ്പെട്ടവരാണെങ്കിലും നിങ്ങൾക്ക് ജയിക്കാം. നിങ്ങളുടെ ബിസിനസ്സിലാകട്ടെ, ജോലിയിലാകട്ടെ, ദൈനംദിനജീവിതത്തിലാകട്ടെ, എവിടെ എല്ലാം നിങ്ങൾ പരാജയപ്പെട്ടെങ്കിലും അവിടെയെല്ലാം കർത്താവായ യേശുക്രിസ്തു നിങ്ങൾക്ക് ജയം തരും. യേശുക്രിസ്തു നിങ്ങളെ അറിയുന്നു, നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾക്ക് വേണ്ടി കരുതുന്നു. "ഇനിയും നിങ്ങൾ തോൽക്കേണ്ട."

യേശുക്രിസ്തു ജീവിക്കുന്നു, യേശുക്രിസ്തു നിങ്ങളുടെ തല ഉയർത്തിത്തരും. നിങ്ങളെ ഉയർത്താനും ജയിപ്പിക്കാനും യേശുക്രിസ്തുവിന് കഴിയും. നിങ്ങളുടെ ജീവിതത്തിൽ മ്ലാനതകൾ മാറ്റുന്ന ദൈവം ഉണ്ട്, വാട്ടങ്ങൾ മാറ്റുന്ന ദൈവമുണ്ട്. ഇത് വിശ്വസിച്ചുകൊണ്ട് ഇത് വായിച്ചാൽ നിങ്ങൾ ഇന്ന് ജയാളിയായി എഴുന്നേൽക്കും.

"നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്ക് ജയം നൽകുന്ന ദൈവത്തിന് സ്തോത്രം."

ഷാന്റി എന്ന ഒരു പെൺകുട്ടിയുണ്ട്. 14-മത്തെ വയസ്സിൽ അന്ധത ബാധിച്ചു. ഈ പ്രകൃതിയെയും ഭൂമിയെയും അപ്പനെയും അമ്മയെയും കണ്ടുകൊണ്ടിരുന്നയാൾക്ക് ഒരു ദിവസം കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു. ഏതോ ഒരു രോഗം വന്നു. കാഴ്ച നഷ്ടപ്പെട്ടു.

ജയം തരുന്ന ക്രിസ്തുവിനെ ഷാന്റി പരിചയപ്പെട്ടു. ഷാന്റി വചനം കേട്ടു. വചനം കൈക്കൊണ്ടു. നിരാശയിൽ ആണ്ടുപോയിരുന്നു, പക്ഷേ ഷാന്റി പിന്നെയും പഠിച്ച് എം.എ മ്യൂസിക്ക് പാസ്സായി, മലയാളത്തിൽ എം.എ പാസ്സായി, പിന്നീട്

ബി.എഡ് പാസ്സായി, പി.ജി.ഡി.സി.എ. (കമ്പ്യൂട്ടർ സയൻസ്) പാസ്സായി. ഒരു ഹയർസെക്കന്ററി സ്കൂളിൽ പഠിപ്പിച്ചു, എന്നാൽ അതിനെക്കാളെല്ലാം ഉയർന്ന പദവിയിൽ ഇന്ന് ജോലിചെയ്തുകൊണ്ടിരിക്കുന്നു.

ഒരു മനുഷ്യനിൽ ക്രിസ്തു പ്രവർത്തിച്ചാൽ അത്ഭുതം സംഭവിക്കും. ക്രിസ്തു നിങ്ങളിൽ പ്രവർത്തിക്കാൻ നിങ്ങളുടെ ഹൃദയം തുറന്നുവയ്ക്കുമോ? കർത്താവേ, നീ എന്റെ ഹൃദയത്തിലേക്ക് കടന്നുവരണമേ, യേശുവേ, നീ എന്റെ ജീവിതത്തിലേക്ക് കടന്നുവരണമേ, എന്നെ നീ രൂപാന്തരപ്പെടുത്തണമേ, എന്നെ നീ ജയിപ്പിക്കണമേ, എന്റെ പരാജയം മാറ്റണമേ, എന്റെ ജീവിതത്തിൽ നഷ്ടം നീ മാറ്റിത്തരണമേ, എന്റെ ജീവിതത്തിൽ ജയം തരണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കൂ.

ഞാനും പരാജയപ്പെട്ട മനുഷ്യനായിരുന്നു. വിദ്യാഭ്യാസത്തിലായിരുന്നില്ല. പഠിക്കാൻ കൃപയുണ്ടായിരുന്നു. എന്നാൽ ഞാൻ പരാജയപ്പെട്ടത് ആകെയുള്ള ജീവിതത്തിൽ ആയിരുന്നു. എന്നും മ്ലാനതയായിരുന്നു. ഞാൻ ഒരുവയസ്സിൽ അപ്പൻ നഷ്ടപ്പെട്ട ഒരു മനുഷ്യനായിരുന്നു. എന്റെ അമ്മ മുപ്പതാമത്തെ വയസ്സിൽ വിധവയായി. പാവം! അമ്മയുടെ കണ്ണുനീർ കണ്ടാണ് ഞാൻ വളർന്നത്. എന്നെ സമാധാനത്തിലേക്ക് ആനയിച്ചത് കർത്താവായ യേശുക്രിസ്തുവാണ്.

ആ കാലങ്ങളിൽ ഞാൻ പലപ്പോഴും കരയാറുണ്ട്, പലപ്പോഴും ഏങ്ങലടിക്കാറുണ്ട്, അമ്മ കരയുമ്പോൾ കൂടെ ഇരുന്ന് കരയാറുണ്ട്. അമ്മയും പെങ്ങളും കരയും. കൂടെ ഞാനും കരയും. ഞങ്ങളുടെ വീട് മ്ലാനത മുറ്റിയതായിരുന്നു. ദുഃഖം തളം കെട്ടിയ വീടായിരുന്നു. ഞങ്ങളുടെ കുടുംബം തളർന്നുപോയി. ഞങ്ങൾ കടത്തിൽ മുങ്ങിയവരായിരുന്നു, ദുഃഖിതരായിരുന്നു.

അപ്പൻ മരിക്കുമ്പോൾ അപ്പന് കുറെ രൂപ കിട്ടേണ്ടതുണ്ടായിരുന്നു. ആ രൂപ കിട്ടിയില്ല. എന്നാൽ കൊടുക്കേണ്ടതായ രൂപ മുഴുവൻ കൊടുക്കേണ്ടിവന്നു, അപ്പന് കൃഷിക്ക്

പുറമേ, ബിസിനസ്സ് ഉണ്ടായിരുന്നു. അന്ന് ഒരവസരത്തിൽ ഒരു സമ്പന്നനായ ഒരു മനുഷ്യന്റെ വീട്ടിൽ അമ്മ പോയി വന്നിട്ട്, ഇരുന്നു കരഞ്ഞത് ഞാനോർക്കുന്നു. നല്ല ഒരു തുക തരാൻ ഉണ്ട്. പക്ഷേ അദ്ദേഹം പറഞ്ഞു: തരാൻ ഉദ്ദേശിക്കു ന്നില്ലെന്ന്. പാവം ഒരു വിധവയ്ക്ക് എന്തുചെയ്യാൻ പറ്റും? കരഞ്ഞുകൊണ്ടുപോന്നു. അത് വലിയ തുകയായിരുന്നു. ആ കാലങ്ങളിലാണ് ഞങ്ങളുടെ നെൽപ്പാടത്തെ കുറെ ഭൂമി വിറ്റ് കടം തീർത്തത്. അദ്ദേഹം തരാനുള്ള രൂപ തന്നിരുന്നെങ്കിൽ ആ ഭൂമി വിൽക്കേണ്ടിയിരുന്നില്ല. എത്ര എത്ര കാര്യങ്ങൾ ഇതുപോലെ! അന്ന് അമ്മ ഇരുന്നു കരയും. ആളുണ്ടായിരു ന്നെങ്കിൽ ഇങ്ങനെ വരുമായിരുന്നില്ലല്ലോ എന്ന് പറഞ്ഞ് അമ്മ യിരുന്നു കരയുമ്പോൾ എനിക്കും പെങ്ങൾക്കും കരയാന ല്ലാതെ മറ്റൊന്നിനും കഴിയില്ലായിരുന്നു.

അപ്പനില്ലാത്തതിന്റെ ദുഃഖം ഞാൻ ഒത്തിരി അനുഭവി ച്ചു. ആരോരുമില്ലാതെ ഒറ്റപ്പെട്ടതിന്റെ മ്ലാനതയെന്തെന്ന് ഞാൻ അനുഭവിച്ചു. ഞാൻ മുഖംവാടിയവനായിരുന്നു, മുഖം കുനി ഞ്ഞവനായിരുന്നു.

പതിനേഴാമത്തെ വയസ്സിൽ യേശുക്രിസ്തു എന്റെ ഹൃദ യത്തിലേക്ക് എഴുന്നള്ളിവന്നു. ക്രിസ്തുവിന്റെ വചനം ഞാൻ കേട്ടു. ഞങ്ങളുടെ പള്ളിയിൽ ക്രിസ്തുവിന്റെ വചനം കേട്ടു കൊണ്ടിരുന്നപ്പോൾ ഞാൻ എന്റെ ജീവിതം ദൈവത്തിന് കൊടുത്തു. അത് എന്റെ ജീവിതത്തിന്റെ വഴിത്തിരിവായി മാറി. എന്റെ മ്ലാനതയെല്ലാം മാറി. എന്റെ ഹൃദയത്തിൽ പുഞ്ചിരി വിരിയാൻ തുടങ്ങി. എന്റെ അമ്മയ്ക്കും പെങ്ങൾക്കും സന്തോഷമായിത്തുടങ്ങി. ഞങ്ങളുടെ കുടുംബം കൊച്ചു സ്വർഗ്ഗമായിത്തുടങ്ങി. ഞങ്ങൾക്ക് നഷ്ടപ്പെട്ടതെല്ലാം തിരികെ കിട്ടാൻതുടങ്ങി. കർത്താവ് എല്ലാം തിരികെ തന്നു. ഒന്നിനും കുറവില്ലാതെ കരുണയുള്ള കർത്താവ് കൃപയാൽ ഉയർത്തി നിറുത്തി.

പത്താം ക്ലാസ്സ് കഴിഞ്ഞ് പഠിക്കുമെന്ന് പ്രതീക്ഷിച്ചതല്ല

ഞാൻ. കാരണം എറണാകുളം മഹാരാജാസ് കോളേജ് മാത്രമേ അന്നുള്ളൂ. അവിടെവരെ പോയി പഠിക്കാൻ നിർവ്വാഹമില്ല. വീട്ടിൽ ആണും തൂണും ഇല്ലാത്തതുകൊണ്ട് കൃഷിക്കാര്യം നോക്കാൻ ആരും ഇല്ല. അമ്മപറഞ്ഞു കൃഷി നോക്കിയാൽ മതിയെന്ന്. എനിക്ക് പഠിക്കാൻ ആഗ്രഹമുണ്ട്. പഠിത്തം മുടങ്ങിപ്പോയി.

എന്നാൽ കരുണയുള്ള കർത്താവിന്റെ കൃപയാൽ യേശു ജീവിതത്തിലേക്ക് വന്നപ്പോൾ  എന്റെ തോൽവി അടഞ്ഞ ജീവിതത്തെ ജയമുള്ളതാക്കി മാറ്റി.

നിങ്ങൾക്ക് ജയശാലികൾ ആകാൻ ആഗ്രഹമുണ്ടോ? നിങ്ങളുടെ ജീവിതത്തിൽ പുതിയ നാമ്പുകൾ കിളിർത്തുവരാൻ ആഗ്രഹിക്കുന്നുണ്ടോ? നിങ്ങളുടെ ജീവിതത്തിൽ പുതിയ ജയ ജീവിതം നേടാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? ഒരു സമാധാന ജീവിതം കിട്ടുമെന്ന് പ്രതീക്ഷയില്ലാതെ ഇരിക്കുകയല്ലായിരുന്നോ?

എന്നാൽ ദൈവത്തിന്റെ ആത്മാവ് ഇപ്പോൾ നിങ്ങളോട് പറയുന്നു: മകനേ, ചൂടുപിടിപ്പിക്കുന്ന വചനത്തിന്റെ ശക്തി നിന്നെ തൊടുകയാണ്.  മകളേ, നിന്റെ ഹൃദയത്തെ ചൂടുപിടിപ്പിക്കുന്ന വചനത്തിന്റെ ആത്മാവ് നിന്നെ സമീപിക്കുകയാണ്.  ഈ സമയം നഷ്ടപ്പെടുത്താതെ നീ പറയൂ: “കർത്താവേ, എന്നെ ജയിപ്പിക്കണമേ.  തോൽവിയടഞ്ഞ എന്റെ ജീവിതത്തെ, ജയകരമാക്കിത്തരണമേ.”

പറയൂ: എന്റെ ജീവിതം ഞാൻ താറുമാറാക്കി, പൈസ മുടിച്ചുകളഞ്ഞവനാണ്. മദ്യത്തിന് വേണ്ടി എല്ലാം കളഞ്ഞ് കുളിച്ചവനാണ്.  എന്റെ കർത്താവേ, കടംവന്ന് മൂടിയതാണ്. ഞാൻ കുടുംബസ്വസ്ഥത നഷ്ടപ്പെട്ടവളാണ്. ആരോരുമില്ലാത്തവളായി ഒരു അഗതിയെപോലെ കഴിയുന്നവളാണ്. എന്റെ യേശുവേ, നീ എന്റെ ഹൃദയത്തിൽ വരണമേ.  പരിശുദ്ധാത്മാവിന്റെ അഗ്നി എന്റെ ഹൃദയത്തിൽ ഇറങ്ങി എന്നെ ചൂടുപിടിപ്പിച്ച് നിന്റെ ജയത്താൽ എന്നെ നിറയ്ക്കണമേ, യേശു

ക്രിസ്തുവിന്റെ ജയം എനിക്ക് തരണമേ, വിജയകരമായ ജീവിതം നയിക്കാൻ എനിക്ക് കൃപതരണമേ.

ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ കാണാം യേശുവിന്റെ കരം നിങ്ങളുടെ കണ്ണുനീര് തുടയ്ക്കുന്നത്, നിങ്ങളെ തലോടുന്നത്, അനുഗ്രഹിക്കുന്നത്. നിങ്ങൾ ജയശാലിയായി മാറുകയാണ്. നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവനായി മാറുകയാണ്. അനേകർക്ക് അനുഗ്രഹം പകരുന്നവനായി മാറുകയാണ്. അതിനാണ് യേശു നിങ്ങളെ വിളിച്ചിരിക്കുന്നത്.

ഒരു കൊച്ചുകുട്ടിയുണ്ടായിരുന്നു. അവന്റെ അപ്പൻ മരിച്ചതുകൊണ്ട് അവന് എപ്പോഴും നിരാശയായിരുന്നു അവന്റെ അമ്മ കുറച്ചുകഴിഞ്ഞപ്പോൾ വേറെ കല്യാണം കഴിച്ചു. അവനെ വളർത്തിയത് വല്യമ്മയാണ്. അവൻ കരയുമ്പോൾ വല്യമ്മ പറയും: “നിനക്ക് അപ്പനുണ്ട്” “ആരാണ്?” God is my Father (ദൈവം എന്റെ അപ്പനാണ്) എന്ന് പറഞ്ഞ് ദൈവവിശ്വാസിയായി അവൻ വളർന്നു. 24-മാത്തെ വയസ്സിൽ അവൻ വിശ്വപ്രസിദ്ധ ശാസ്ത്രജ്ഞനായിത്തീർന്നു, Law of Gravity കണ്ടുപിടിച്ച ഐസക്ക് ന്യൂട്ടൺ!

ഐസക്ക് ന്യൂട്ടൺ അപ്പനില്ലാതെ വളർന്നവനാണ്. ദൈവം എന്റെ അപ്പനാണെന്ന് പറഞ്ഞ് വളർന്ന് വന്നവനാണ്. യേശുക്രിസ്തുവിനെ കിട്ടിയാൽ നിങ്ങൾക്കും ജയശാലിയാകാം.

ഉള്ളിൽ പറയൂ: യേശുവേ, നീ ഒരു യാഥാർത്ഥ്യമാണെങ്കിൽ ഇപ്പോൾ നീ എന്റെ ഹൃദയത്തിൽ കടന്നു വരണം. എങ്ങിനെയാണ് സമർപ്പിക്കേണ്ടത് എന്ന് എനിക്ക് അറിഞ്ഞുകൂടാ. ക്രിസ്തീയ ജീവിതം എന്തെന്ന് എനിക്ക് അറിഞ്ഞുകൂടാ. ഒന്ന് എനിക്ക് അറിയാം ഞാൻ പാപിയായ ഒരു മനുഷ്യനാണ് എന്ന്. യേശുവേ, നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളിവരണമേ.

യേശു നിങ്ങളുടെ ഹൃദയത്തിൽ എഴുന്നള്ളിവരുമ്പോൾ

നിങ്ങളുടെ പാപങ്ങളെല്ലാം മാഞ്ഞുപോകും. തെറ്റുകൾ നോക്കുകയില്ല. പാപങ്ങൾ നിങ്ങൾക്ക് വന്നിട്ടുണ്ടാവും. നിങ്ങളുടെ കഴിഞ്ഞകാലം യേശു നോക്കുകയില്ല. അനുസരണക്കേട് വന്നിട്ടുണ്ടാവും. കൊള്ളരുതായ്മകൾ സംഭവിച്ചിട്ടുണ്ടാവും. മാതാപിതാക്കളോട് ധിക്കാരപരമായി പെരുമാറിയിട്ടുണ്ടാവും. ഭാര്യയെ ഉപദ്രവിച്ചിട്ടുണ്ടാവും. മദ്യത്തിന് വേണ്ടി നിങ്ങളുടെ ആയുസ്സും ശരീരവും പണവും നഷ്ടപ്പെടുത്തിയിട്ടുണ്ടാവും. കഞ്ചാവ് വലിച്ച് നിങ്ങളുടെ ആയുസ്സ് കളഞ്ഞിട്ടുണ്ടാവും. മയക്കുമരുന്നിന് അടിമപ്പെട്ട് ജീവിതം താറുമാറാക്കിയിട്ടുണ്ടാവും. നിങ്ങളുടെ വാക്കും പ്രവൃത്തിയും അനേകർക്ക് വേദനയുണ്ടാക്കിയിട്ടുണ്ടാവും. പലരെയും ഉപദ്രവിച്ചിട്ടുണ്ടാവും. നിന്റെ കഴിഞ്ഞകാലം എന്തെന്ന് യേശു ചോദിക്കുകയില്ല. നിങ്ങൾ വിശ്വസിക്കൂ, ഒന്നും ചോദിക്കാതെ എല്ലാം മറന്നും മറച്ചും, യേശു നിങ്ങളെ അനുഗ്രഹിക്കും.

യേശു നിങ്ങളുടെ ഹൃദയത്തിൽ രാജാവായി വാഴും. നിങ്ങൾ അത്ഭുതപ്പെടും. എങ്ങിനെയാണ് എന്റെ കോപം പോയതെന്ന്. മദ്യപാനാസക്തി എങ്ങിനെയാണ് പോയത്? അയ്യോ, എന്റെ അഹങ്കാരം എങ്ങിനെയാണ് പോയതെന്ന്. യേശുവരുമ്പോൾ എല്ലാം പോകും. വെളിച്ചം വരുമ്പോൾ ഇരുൾപോകുന്നതുപോലെ നിങ്ങളുടെ കഴിഞ്ഞകാലത്തെ പാപങ്ങളെല്ലാം മാറിപ്പോകും. നിങ്ങൾ സമാധാനപുത്രനായി, ആശ്വാസ പുത്രിയായി മാറും. "നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തിരം ജയം നൽകുന്ന ദൈവത്തിന് സ്തോത്രം."

ഏഴുകാര്യങ്ങളിൽ കർത്താവ് ജയം തരുന്നുണ്ട്.

ഒന്നാമത് ജയം കിട്ടേണ്ടത് പാപത്തിന്റെ മേലാണ്. പാപത്തിന്റെ മേൽ നമുക്ക് ജയം കിട്ടണം. പാപം മനുഷ്യനെ കാരാഗൃഹത്തിൽ ആക്കിയിരിക്കുകയാണ്. ക്രിസ്തു ബന്ധനമഴിച്ച് ജയജീവിതം തരും.

> “അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്ക് തമ്മിൽ കൂട്ടായ്മ ഉണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമുക്ക് പാപം ഇല്ല എന്നു നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുഎങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധികരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.”
>
> 1 യോഹ. 1:7-9

നമ്മുടെ എല്ലാവരുടെയും ഹൃദയത്തിൽ പാപം ഉണ്ട്, ചിലപ്പോൾ പ്രവൃത്തിയിൽ വരാറുണ്ട്. പാപം വാക്കിൽ വരാറുണ്ട്. ചിലപ്പോൾ ഹൃദയത്തിൽ, ചിന്തയിൽ തങ്ങിനിൽക്കുന്നു. നാം ആരും നീതിമാന്മാരല്ല. നാം എല്ലാവരും പാപികളാണ്.

> “നീതിമാൻ ആരുമില്ല. ഒരുത്തൻ പോലും ഇല്ല. ഗ്രഹിക്കുന്നവൻ ഇല്ല. ദൈവത്തെ അന്വേഷിക്കുന്നവനുമില്ല. എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു. നന്മചെയ്യുന്നവനില്ല ഒരുത്തൻപോലുമില്ല. അവരുടെ തൊണ്ട തുറന്ന ശവക്കുഴി. നാവ് കൊണ്ട് അവർ ചതിക്കുന്നു. സർപ്പവിഷം അവരുടെ അധരങ്ങൾക്ക് കീഴെ ഉണ്ട്. അവരുടെ വായിൽ ശാപവും കൈയ്പും നിറഞ്ഞിരിക്കുന്നു. അവരുടെ കാൽ രക്തം ചൊരിയുവാൻ ബദ്ധപ്പെടുന്നു. നാശവും അരിഷ്ടതയും അവരുടെ വഴികളിൽ ഉണ്ട്. സമാധാനമാർഗ്ഗം അവർ അറിഞ്ഞിട്ടില്ല. അവരുടെ ദൃഷ്ടിയിൽ

ദൈവഭയം ഇല്ല."

റോമർ 3:10-18

"ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു."

റോമർ 3:23

"ആകാശമേ, കേൾക്ക, ഭൂമിയേ ചെവിതരിക. യഹോവ അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റിവളർത്തി. അവരോ എന്നോട് മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടയവനെയും, കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയെയും അറിയുന്നു. യിസ്രായേലോ അറിയുന്നില്ല. എന്റെ ജനം ഗ്രഹിക്കുന്നതുമില്ല. അയ്യോ, പാപമുള്ള ജാതി! അകൃത്യഭാരം ചുമക്കുന്ന ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി! വഷളായി നടക്കുന്ന മക്കൾ! അവർ യഹോവയെ ഉപേക്ഷിച്ചു യിസ്രായേലിന്റെ പരിശുദ്ധനെ നിരസിച്ചു. പുറകോട്ട് മാറിക്കളഞ്ഞിരിക്കുന്നു. ഇനി നിങ്ങളെ അടിച്ചിട്ട് എന്ത്? നിങ്ങൾ അധികം അധികം പിൻമാറുകേയുള്ളൂ. തലമുഴുവൻ ദീനവും ഹൃദയം മുഴുവൻ രോഗവും പിടിച്ചിരിക്കുന്നു. അടിതൊട്ട് മുടിവരെ ഒരു സുഖവും ഇല്ല. മുറിവും ചതവും പഴുത്ത വ്രണവും മാത്രമേ ഉള്ളൂ. അവയെ ഞെക്കി കഴുകീട്ടില്ല, വെച്ചുകെട്ടീട്ടില്ല, എണ്ണപുരട്ടി ശമിപ്പിച്ചിട്ടുമില്ല."

യെശയ്യാ 1:2-6

നാം എല്ലാവരും പാപികളാണ്. അതുകൊണ്ടാണ് നാം ചിലപ്പോൾ പൊട്ടിത്തെറിച്ചു കോപിച്ചു പോകുന്നത്, ചിലപ്പോൾ ആരൊടെങ്കിലും നമുക്ക് വഴക്ക് കൂടാൻ മടിതോന്നാ

ത്തത്, ചിലരോട് പരിഭവം വെച്ചുകൊണ്ടിരിക്കാൻ മടിയില്ലാത്തത്. അതിനുകാരണം മനുഷ്യനെ പാപം വിഴുങ്ങിയിരിക്കുന്നു. നമ്മുടെ ഹൃദയത്തിൽ വൈരാഗ്യം വരുന്നു, വിദ്വേഷം വരുന്നു, സ്വാർത്ഥത വരുന്നു, ദ്രവ്യാഗ്രഹം വരുന്നു, അഹങ്കാരം വരുന്നു. നാം നമ്മിൽ തന്നെ ഒതുങ്ങി ഇരുന്നുകൊണ്ട് നമ്മുടെ കാര്യം മാത്രം അന്വേഷിക്കുന്നു. 'ഞാൻ' 'ഞാൻ' എന്ന ചിന്തയേ ഉള്ളൂ. 'ഞാനും എന്റെ ഭാര്യയും എന്റെ മക്കളും' അതിന് അപ്പുറത്തേയ്ക്ക് സ്നേഹിക്കാൻ പറ്റുന്നില്ല. കാരണം മനുഷ്യരിൽ പാപം കുടികൊള്ളുന്നു. പാപം വാഴുന്നു.

ഒരു ശിശു ജനിക്കുമ്പോൾ പാപം ഒന്നും ചെയ്തില്ലല്ലോ, പക്ഷേ പാപം രക്തത്തിൽ ഉണ്ട്. സ്വഭാവത്തിൽ പാപം ഉണ്ട്. പൂർവ്വികന്മാരിൽ നിന്ന് പാപം സ്വഭാവത്തിലേക്ക് പകർന്നിരിക്കുകയാണ്. അപ്പനിൽ നിന്ന്, അമ്മയിൽ നിന്ന്, അപ്പന്റെ അപ്പനിൽ നിന്ന്, അമ്മയുടെ അമ്മയിൽ നിന്ന് പാപം പകർന്നിരിക്കുകയാണ്. തലമുറകളായി പാപം പകർന്നു വരുന്നു.

> "ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു."
>
> റോമർ 5:12

ഏകമനുഷ്യനായ ആദാം പാപം ചെയ്തു. നാം എല്ലാവരും പാപത്തിന് അടിമകളായിപ്പോയി. എന്നാൽ വേദപുസ്തകം പറയുന്നു.

> "അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്ക് തമ്മിൽ കൂട്ടായ്മ ഉണ്ട്. അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു. നമുക്ക് പാപം ഇല്ല എന്നു പറയുന്നുവെങ്കിൽ നാം നമ്മെത്തന്നെ വഞ്ചിക്കുന്നു. സത്യം നമ്മിൽ ഇല്ലാതെയായി.

> നമ്മുടെ പാപങ്ങളെ ഏറ്റുപയുന്നു എങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധികരിപ്പാൻ തക്ക വണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."
>
> 1 യോഹ. 1:7–9

നാം വാസ്തവമായി നമ്മുടെ പാപം ഏറ്റുപറയാറുണ്ടോ? ഞാൻ എല്ലാ പാപവും ചെയ്തുപോയി എന്ന് പൊതുവായി പറഞ്ഞിട്ട് കാര്യമില്ല. ഞാൻ ഇന്ന പാപം ചെയ്തു, ഇന്നവിധ ത്തിൽ, ഇന്ന പ്രകാരം, ഇത്രപ്രാവശ്യം പാപം ചെയ്തുപോയി എന്ന് തുറന്നു ഏറ്റുപറയണം. നാം നമ്മുടെ നാവ് കൊണ്ട് ഏറ്റുപറഞ്ഞ് പാപത്തെയും പാപസ്വഭാവത്തെയും ചർദ്ദിച്ച് കള യണം.

സദൃശ്യവാക്യങ്ങളുടെ പുസ്തകം ഇരുപത്തിഎട്ടാം അദ്ധ്യായം പന്ത്രണ്ടും പതിമൂന്നും വാക്യങ്ങൾ നമുക്ക് വായി ക്കാം.

> "നീതിമാന്മാർ ജയഘോഷം കഴിക്കുമ്പോൾ മഹോത്സവം. ദുഷ്ടമാർ ഉയർന്നുവരുമ്പോ ഴോ, ആളുകൾ ഒളിച്ചുകൊള്ളുന്നു."
>
> സദൃശ. 28:12

തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരുകയില്ല. ജയഘോഷം വേണമെങ്കിൽ പാപങ്ങളെ മറച്ചുവയ്ക്കരുത്.

> "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരികയില്ല., അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷി ക്കുന്നവനോ കരുണ ലഭിക്കും."
>
> സദൃശ. 28:13

അനേകം ആളുകൾ ഈ മഹാഭാഗ്യം അനുഭവിക്കുന്നു ണ്ട്. ഇന്ന് ഭാഗ്യവശാൽ സത്യവചനം കേട്ട് എത്രയോ പേർ

എണ്ണി എണ്ണി പാപങ്ങൾ ഏറ്റുപറയുന്നു! എത്രയോപേർ സ്വസ്ഥത അനുഭവിക്കുന്നു! അനേകം യുവാക്കന്മാർ അവരുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നു, പുതിയ ജീവിതം നയിക്കുന്നു.

'അമൃതധാര' ഗായകസംഘത്തിലുള്ള സാജു കോതമംഗലം കോളേജിൽ ഡിഗ്രിക്ക് പഠിക്കുമ്പോൾ ഒരു ശല്ല്യക്കാരനായിരുന്നു, ക്ലാസിൽ കയറാതെ ഉഴപ്പിനടക്കും, രാത്രിയിൽ സാജുവും കൂട്ടുകാരും ചേർന്ന് അനേകം വീടുകളിൽ ചെന്ന് സാധനങ്ങൾ മോഷ്ടിക്കും. ഏത്തക്കുല, കോഴി, കരിക്ക് എന്നിങ്ങനെ പലതും. മുറിയിൽ കോഴിയെ പാകപ്പെടുത്തി കള്ള് കുടിച്ച് രസിക്കും. പിന്നെ രാത്രി മുഴുവൻ വലിയ മേളമാണ്. അശ്ലീലച്ചുവയുള്ള പാട്ടുകൾ പാടി കോമാളിയായി കൂട്ടുകാരുടെ കൂടെ തുള്ളും.

വചനം കേട്ടു ഉള്ളു തകർന്നു. സാജു വന്നു, സംഭവിച്ചകാര്യങ്ങൾ എണ്ണി എണ്ണി ഏറ്റുപറയാൻ തുടങ്ങി. ഏങ്ങലടിച്ചുകൊണ്ട് പറഞ്ഞു. ഞാൻ ചെയ്ത തെറ്റുകൾക്ക് എനിക്ക് എങ്ങിനെ പരിഹാരം കിട്ടും എന്ന് വിതുമ്പിക്കൊണ്ട് ചോദിച്ചു.

സാജു ഓരോ വീട്ടിലും ചെന്ന് പറഞ്ഞു: ഞാൻ ഇന്നത് നിങ്ങളുടെ വീട്ടിൽ നിന്ന് മോഷ്ടിച്ചു. പക്ഷേ തിരികെ തരാൻ ആ സാധനം ഇല്ലല്ലോ. ഞാൻ അത് ഉപയോഗിച്ചുപോയല്ലോ. നിങ്ങളുടെ കോഴിക്ക് പകരം, കരിക്കിന് പകരം ഞാൻ കുറച്ച് രൂപ കൊണ്ടുവന്നിട്ടുണ്ട്. ദയവായിട്ട് വാങ്ങണം. ഓരോ വീട്ടിലും ചെന്ന് സാജു മാപ്പു ചോദിച്ചു.

> "ലംഘനങ്ങളെ മറയ്ക്കുന്നവന് ശുഭം വരികയില്ല. അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും."

എറണാകുളത്ത് മാർക്കറ്റ് റോഡിൽ ജോലിചെയ്യുന്ന ഒരു ചെറുപ്പക്കാരൻ, അവിടെ അക്കൗണ്ടന്റ് ആയിരുന്നു. അവൻ

അവിടെ നിന്ന് പോന്നശേഷം ദൈവത്തിന്റെ വചനം കേട്ടു. അവനു ഉള്ളിൽ കുറ്റബോധം ഉണ്ടായി. കണക്ക് എഴുതിയതിൽ കൃത്രിമം കാണിച്ചു. അത്ര ചെറിയ തുകയല്ല. അവൻ എന്റെ അടുക്കൽ വന്നു. "സാറേ, എനിക്ക് അബദ്ധം പറ്റി തിരികെ കൊടുക്കണമെന്നുണ്ട്. എനിക്ക് പാപമോചനം കിട്ടണം. ഞാൻ എന്താണ് ചെയ്യേണ്ടത്?"

ഞാൻ പറഞ്ഞു: "കൊണ്ടുപോയി തിരികെ കൊടുക്കണം. ഇത്രയും നാളായതുകൊണ്ട് കുറച്ച് രൂപ കൂടുതൽ കൊടുക്കണം."

അവൻ പറഞ്ഞു: "സാറേ, എനിക്ക് പേടിയാണ്. സേട്ടു വലിയ കോപിഷ്ഠനാണ്. വലിയ പിടിപാടുള്ള ആളാണ് ഉപദ്രവിക്കുമോ എന്ന് പേടിയാകുന്നു."

ഞാൻ പറഞ്ഞു: "മോനെ നീ 21 ദിവസം ഉപവസിച്ച് പ്രാർത്ഥിക്കൂ. ഞാനും നിനക്ക് വേണ്ടി പ്രാർത്ഥിക്കാം. കർത്താവേ, ഇത് വേണ്ടതുപോലെ പരിഹരിക്കാൻ കൃപ തരണമേ എന്നു പ്രാർത്ഥിക്കൂ."

ആ ചെറുപ്പക്കാരൻ ഉപവാസത്തോടെ ഇരുന്നു, 21 ദിവസം കഴിഞ്ഞപ്പോൾ വീണ്ടും എന്റെ അടുക്കൽ വന്നു പറഞ്ഞു:

"സാറേ ഞാൻ രൂപകൊണ്ടുവന്നിട്ടുണ്ട്."

ഞാൻ പറഞ്ഞു: "നീ പോയി മാപ്പു പറയൂ, പണം അപഹരിച്ചുപോയി എന്ന് പറയൂ. തിരികെ കൊടുക്കൂ."

വൈകുന്നേരം അവൻ തിരികെ വന്നു. പറഞ്ഞ കഥ കേൾക്കണമോ? അവൻ ചെന്നപ്പോൾ സേട്ടു അവിടെ ഉണ്ട്. അവൻ സേട്ടിനോട് പറഞ്ഞു, എനിക്ക് ഒരുകാര്യം പറയാനുണ്ട്, മുകളിലെത്തെ നിലയിൽ വിളിച്ചുകൊണ്ടുപോയി, ഗോഡൗണായിരുന്നു അത്. സേട്ടു അവിടെ ഇരുന്നു, അവൻ അവിടെ നിന്നു.

എന്നിട്ട് പറഞ്ഞു: "എനിക്ക് അബദ്ധം പറ്റിപ്പോയി, ഇവിടെ ജോലിചെയ്തുകൊണ്ടിരുന്നപ്പോൾ ഞാൻ കുറെ രൂപ അപഹരിച്ചു, അത് ഇത്ര രൂപയായിരുന്നു, ഞാൻ അത് കൊണ്ടുവന്നിട്ടുണ്ട്, കൂടെ ഇത്രയും രൂപയും ചേർത്ത് കൊണ്ട് വന്നിട്ടുണ്ട്. എന്നോട് ഇത് വാങ്ങണം എനിക്ക് സമാധാനം ഇല്ല."

"നിനക്ക് എന്താ ഇങ്ങനെ തോന്നാൻ?"

"ഞാൻ യേശുക്രിസ്തുവിന്റെ വചനം കേട്ടപ്പോൾ കുറ്റബോധമായി, എനിക്ക് ഈ പാപം പരിഹരിച്ച് കിട്ടണം, അതിനുവേണ്ടത് എന്താണെന്ന് ചിന്തിച്ചപ്പോൾ ഇതാണ് പോം വഴി എന്ന് മനസ്സിലായി."

അദ്ദേഹം അവനെ ചേർത്ത് അണച്ചുനിർത്തി, അവനെ തലോടികൊണ്ടുപറഞ്ഞു: "മോനെ നീ രൂപ തരണ്ട, ഇത്രയും കാലം നീ ഇവിടെ ജോലിചെയ്തതല്ലേ, രൂപ തരണ്ട. നിനക്ക് നല്ലത് വരട്ടെ, നിനക്ക് ഇത് തോന്നിയല്ലോ." അവനെ അനുഗ്രഹിച്ചു. അവൻ പൊട്ടികരഞ്ഞു, സേട്ടും കരഞ്ഞു. അവൻ സന്തോഷത്തോടെ ഏങ്ങലടിച്ചു കരഞ്ഞു.

"സാറേ, അത് പറയുന്നതു വരെ എനിക്ക് സ്വസ്ഥതയുണ്ടായിരുന്നില്ല, അത് പറയുന്നതുവരെ മനസ്സിൽ പുറകോട്ടു പിടിച്ചുകൊണ്ടിരുന്നു. പറഞ്ഞുകഴിഞ്ഞപ്പോൾ കിട്ടിയ സ്വസ്ഥത എത്ര വലുതാണ്!"

ഞാൻ കോലഞ്ചേരി സെ. പീറ്റേഴ്സ് കോളേജിൽ പ്രിൻസിപ്പലായിരുന്ന കാലം. ഒരു ദിവസം ഒരു വിദ്യാർത്ഥി എന്റെ അടുത്തുവന്നു. മൂന്നാം വർഷ ഡിഗ്രി വിദ്യാർത്ഥിയാണ്.

"സാറേ, ഞാൻ പ്രീഡിഗ്രിക്ക് പഠിച്ചുകൊണ്ടിരുന്നപ്പോൾ ഒരുദിവസം എൻ.സി.സി. പരേഡിനുവന്നിട്ട് തിരികെ പോകുമ്പോൾ കാന്റീനിൽ നിന്ന് ഒരു വലിയചുരുൾ ഹോസ് മോഷ്ടിച്ച് എന്റെ സ്കൂട്ടറിന്റെ പിറകിൽ വച്ചുകെട്ടി വീട്ടിൽ കൊണ്ടുപോയി. ഈ മൂന്നുവർഷമായിട്ടും അത് ഉപയോഗി

ച്ചിട്ടില്ല. ഞാൻ കടയിൽ നിന്ന് വാങ്ങിക്കൊണ്ട് പോകുന്നതാണെന്നേ ആളുകൾ ധരിച്ചുള്ളൂ. കഴിഞ്ഞദിവസം വചനം കേട്ടപ്പോൾ അത് തിരികെ തന്ന് മാപ്പുചോദിക്കണമെന്ന് തോന്നി. ഞാൻ എപ്പോഴാണ് അത് കൊണ്ടുവരേണ്ടത്? ആരും എന്റെ പേരറിയരുത് എന്ന് എനിക്കാഗ്രഹമുണ്ട്."

ഞാൻ പറഞ്ഞു: "മോനേ, നന്നായി. നീ അത് ശനിയാഴ്ച ക്ലാസ്സില്ലാത്തതുകൊണ്ട് അന്ന് കൊണ്ടുവരിക. ഇവിടെ എന്റെ മുറിയിൽ വെച്ചിട്ട് പൊയ്ക്കൊള്ളൂ. ഞാൻ നേരത്തെവന്നു കൊള്ളാം. ആരും വരുന്നതിനുമുമ്പ് കൊണ്ടുവരൂ."

അടുത്ത ശനിയാഴ്ച രാവിലെ 8.30ന് ഞാൻ കോളേജിലെത്തി. എന്റെ അറ്റൻഡേഴ്സ് പോലും വരുന്നതിനുമുമ്പെ അവൻ വന്നു. ഹോസ് എന്റെ മുറിയിൽ വെച്ചിട്ടുപോയി.

അറ്റൻഡേഴ്സ് വന്നപ്പോൾ അവർ അത്ഭുതപ്പെട്ടു. "ഹോസ് എന്തിന് പ്രിൻസിപ്പൻസ് റൂമിൽ ഇരിക്കുന്നു?" ഞാനവരോട് പറഞ്ഞു: "ഓഫിസ് സ്റ്റാഫ് എല്ലാവരും വരട്ടെ. ഞാൻ പറയാം."

എല്ലാവരും വന്നപ്പോൾ അവരെ എല്ലാവരെയും അകത്തേക്ക് വിളിച്ചു. ഞാൻ ചോദിച്ചു: "നിങ്ങൾ ആരെങ്കിലും ഈ ഹോസ് കണ്ടിട്ടുണ്ടോ?" അവരിലൊരാൾ പറഞ്ഞു: "സാറേ, ഇത് നമ്മുടെ ക്ലാന്റീനിൽ നിന്ന് രണ്ട് വർഷം മുമ്പ് മോഷണം പോയതാണല്ലോ. ഇതെങ്ങനെ തിരികെ കിട്ടി.?"

ഞാൻ പറഞ്ഞു: "ഇതാണ് സുവിശേഷത്തിന്റെ ശക്തി."

അന്ന് അവിടെയുണ്ടായിരുന്ന ചിലർ മാനസാന്തരപ്പെട്ടു ഇന്ന് ഊർജ്ജ്വസ്വലതയോടെ കർത്താവിന്റെ വേലയിൽ പ്രവർത്തിക്കുന്നു. ദൈവനാമം മഹത്വപ്പെടട്ടെ.

പാപത്തിന്മേൽ ജയം കിട്ടാൻ നിങ്ങൾക്ക് ആഗ്രഹം ഉണ്ടോ? ഒരു പുതിയ ജീവിതം തുടങ്ങാൻ നിങ്ങൾക്ക് ആഗ്രഹം ഉണ്ടോ? നിങ്ങൾ ഊരാക്കുരുക്കിലല്ലേ? അഴിച്ചിട്ടും, അഴി

ച്ചിട്ടും അഴിയാത്ത കുരുക്കിൽ അകപ്പെട്ടിരിക്കുകയല്ലേ? വേണ്ടാ വേണ്ടാ എന്നു വെച്ചിട്ടും കരകയറാനാകാത്ത കയത്തിൽ അല്ലേ?

വേണ്ടാ എന്നു വച്ചു. എന്നിട്ടും മദ്യം പിന്നെയും കുടിച്ചുപോയില്ലേ? സാഹചര്യം വന്നപ്പോൾ വീണുപോയില്ലേ? അഴുക്കായ ബന്ധം ഇനി ഇല്ല എന്നു തീരുമാനിച്ചു. പിന്നെയും ആ ബന്ധത്തിൽ പെട്ടുപോയില്ലേ? നിങ്ങൾ ചിന്തിക്കൂ, ആ പ്രേമബന്ധം വേണ്ട എന്ന് വിചാരിച്ചതാണ്. അത് എന്നെ നശിപ്പിക്കും. എന്റെ സൽപ്പേരും പോകും. എന്റെ മാന്യതയും പോകും. എന്റെ ഭാവിയും നശിക്കും. എന്റെ കുടുംബവും മുടിയും. എന്നെല്ലാം ചിന്തിച്ച് പാപത്തിൽ നിന്ന് പിന്തിരിഞ്ഞതല്ലായിരുന്നോ? പക്ഷേ പിന്നെയും നീ വീണു പോയില്ലേ? ജയം കിട്ടാതെ നീ വലയുകയല്ലേ?

നിങ്ങൾ പറയൂ: "കർത്താവേ, ഞാൻ നിസ്സഹായനാണ്, ഞാൻ ജയിക്കാൻ നോക്കിയിട്ട് ജയിക്കുന്നില്ല, എനിക്ക് കഴിവില്ല. ഞാൻ പരാജയപ്പെട്ടു, എന്റെ ദൈവമേ, എന്നെ സഹായിച്ചേ പറ്റൂ," അങ്ങിനെ നിങ്ങൾ ഒന്നു തന്നെത്താൻ പ്രാർത്ഥിക്കൂ.

ഞാൻ തീരുമാനം എടുത്തിട്ടും എനിക്ക് ജയിക്കാൻ പറ്റുന്നില്ല. മദ്യം എന്നെ വലിച്ചുകൊണ്ടുപോകുന്നു. ചീത്തബന്ധം എന്നെ വലിച്ചുകൊണ്ടുപോകുന്നു. അഴുക്കായ ശീലങ്ങൾ എന്നെ വലിച്ചുകൊണ്ടുപോകുന്നു, എന്റെ കർത്താവേ, എന്റെ ജീവിതത്തിൽ ദ്രവ്യാഗ്രഹം എന്നെ പിടിച്ചു കെട്ടിയിട്ടിരിക്കുന്നു. യേശുവേ, നീ എന്നോട് മനസ്സലിയണം. എന്നെ ജയിപ്പിക്കണം. എനിക്ക് അസാധ്യമായത് സാധ്യമാക്കിതരണം.

നിങ്ങൾ പ്രാർത്ഥിക്കൂ, കാണാം നിങ്ങൾ ജയാളികൾ ആയിത്തീരുന്നത്. നിങ്ങൾ അത്ഭുതപ്പെടും ഇതുവരെ സാധിക്കാത്തകാര്യം എനിക്ക് സാധിക്കുന്നുവല്ലോ എന്ന് ഓർത്ത് നിങ്ങൾ നന്ദിയോടെ സ്തുതിക്കും.

നിന്റെ അഹങ്കാരം മാറ്റിത്തരും. നിന്റെ സ്വാർത്ഥത മാറ്റിത്തരും, നിന്റെ ധിക്കാരം മാറ്റിത്തരും.അപ്പനോടും അമ്മയോടും പിണങ്ങുന്ന പ്രകൃതം മാറ്റിത്തരും. ഭാര്യയെ ഉപദ്രവിക്കുന്ന നിന്റെ സ്വഭാവം ദൈവം മാറ്റിത്തരും. നിന്റെ സംശയവിചാരം മാറ്റിത്തരും. അത് സാത്താന്റെ ബന്ധനമാണ് എന്ന് മനസ്സിലാക്കിയിട്ട്. എന്റെ കർത്താവേ, ഈ ചീത്ത ചിന്ത എന്റെ ഹൃദയത്തിൽ നിന്ന് മാറ്റിത്തരണമേ, ഈ ജാരശങ്ക എന്റെ ഹൃദയത്തിൽ നിന്ന് മാറ്റിത്തരണമേ, എന്റെ മനസ്സിൽ, എന്റെ ഹൃദയത്തിൽ ഒരു സുബോധം തരണമേ, വെളിവ് തരണമേ, എന്ന് പ്രാർത്ഥിക്കൂ. അപ്പോൾ കരുണയുള്ള കർത്താവിന്റെ കരം നിങ്ങളെ രക്ഷിക്കുന്നത് നിങ്ങൾക്ക് അനുഭവിക്കാം. നിങ്ങൾക്ക് ജയിക്കാം.

ആഴമുള്ള കുഴിയിലേക്ക് നിങ്ങൾ പോയ്ക്കൊണ്ടിരിക്കുകയായിരുന്നു, അപ്പോൾ ഒരു കരം വന്ന് വലിച്ചെടുക്കുകയാണ്. നിങ്ങൾ തീരുമാനിക്കൂ: എന്റെ പാപത്തോട് ഞാൻ യാത്ര പറയുന്നു. എന്റെ അശുദ്ധിയോട് ഞാൻ യാത്ര പറയുന്നു, എന്റെ ആഹങ്കാരത്തോടും, തിന്മയോടും, വ്യജത്തോടും യാത്രപറയുന്നു. എന്റെ കടപഭക്തിയോട് ഞാൻ യാത്രപറയുന്നു. മനുഷ്യരുടെ ബഹുമാനവും പ്രീതിയും കിട്ടണം എന്ന് ആഗ്രഹിക്കുന്ന എന്റെ പ്രകൃതത്തോട് ഞാൻ യാത്രപറയുന്നു. ആളുകളുടെ മുമ്പിൽ വിളങ്ങാൻ ആഗ്രഹിക്കുന്ന എന്റെ പ്രകൃതത്തോട് ഞാൻ യാത്രപറയുന്നു. ഇങ്ങനെ ഉറച്ച തീരുമാനമെടുക്കുമ്പോൾ യേശുക്രിസ്തു ജയം തരും.

ആത്മഹത്യാ പ്രവണത അനേകർക്കുണ്ട്. ജീവിക്കാൻ മാർഗ്ഗമുണ്ട്, ആരോഗ്യമുണ്ട്, വരുമാനമുണ്ട്. പക്ഷേ എങ്കിലും ഒരു ചിന്തവരികയാണ്: മരിച്ചാൽ മതി എന്ന്.

കഴിഞ്ഞ ദിവസം ഒരു പെൺകുട്ടി എന്നെ വിളിച്ചു. ഞാൻ ചോദിച്ചു. “എന്തുചെയ്യുന്നു.” “ജോലിചെയ്യുന്നു.” “വിവാഹം കഴിഞ്ഞോ,” “ഉവ്വ് വിവാഹം കഴിഞ്ഞു, സാറേ, എനിക്ക് കുഴപ്പമൊന്നും ഇല്ല, പക്ഷേ എനിക്ക് മരിച്ചാൽ മതി എന്ന്

തോന്നൽ വരുകയാണ്, ഞാൻ വേണ്ട വേണ്ട എന്ന് വിചാരിച്ചിട്ടും ആ തോന്നൽ വന്നുകൊണ്ടിരിക്കുകയാണ്."

ഞാൻ പറഞ്ഞു: "മോളെ, ഞാൻ നിന്നെ കണ്ടിട്ടില്ല, നീ എന്നെ കണ്ടിട്ടുണ്ടോ?"

ഉവ്വ്, സാറിനെ ടി.വിയിൽ കണ്ടിട്ടുണ്ട്. ടിവിയിൽ സാറിന്റെ പ്രസംഗം കേട്ടിട്ട് വിളിച്ചതാണ്.

ഞാൻ പറഞ്ഞു: കുഞ്ഞേ നിന്റെ പാപം ഏറ്റുപറഞ്ഞുപേക്ഷിച്ച് പുതിയ ജീവിതം നയിക്കുമെന്ന് തീരുമാനിച്ചുകൊണ്ട് പ്രാർത്ഥിക്കൂ. എന്റെ കർത്താവേ, ഈ ദുഷ്ട ചിന്ത എന്നിൽ നിന്ന് മാറ്റിത്തരണം. അത് പിശാചിന്റെ ചിന്തയാണ് കർത്താവേ, പിശാചിൽ നിന്ന് എന്നെ വിടുവിക്കേണമേ.

മരിച്ചാൽ മതിയെന്ന് ചിന്തിക്കുന്ന ചിലർ ഉണ്ട്. അവർ അന്ന് മരിച്ചിരുന്നെങ്കിൽ ഇന്നത്തെ ഐശ്വര്യം കാണുകയില്ലായിരുന്നു. ഈ കടംമാറിയ സന്തോഷം അനുഭവിക്കുകയില്ലായിരുന്നു, അന്ന് മരിച്ചിരുന്നെങ്കിൽ ഭാര്യയും ഭർത്താവും ഐക്യമായി കഴിയുന്ന സുഖം അനുഭവിക്കുകയില്ലായിരുന്നു. അന്ന് മരിക്കാതിരുന്നത് ഭാഗ്യമായി, അതുകൊണ്ട് ഇന്ന് അത്ഭുതശാന്തി അനുഭവിക്കുന്നു.

വചനം കേട്ടു, എന്റെ ആത്മഹത്യാ പ്രവണതമാറി. കർത്താവ് എനിക്ക് ജീവിക്കാൻ ആശ തന്നു. കർത്താവ് എനിക്ക് സമാധാനം തന്നു. കർത്താവ് എന്റെ ജീവിതത്തിന് കരുത്ത് തന്നു. പ്രത്യാശ തന്നു. എന്ന് സാക്ഷിക്കാൻ അനുഭവമുള്ളവർ ഇപ്പോൾ ഇത് വായിക്കുന്നില്ലേ?

തൃപ്പൂണിത്തുറ ഫൊറാനാപള്ളിയംഗമായ എം.എ. ദേവസ്സിയുടെ ഭാര്യ മേരി ഒരിക്കൽ സ്വന്തം ജീവിതാനുഭവം സാക്ഷിച്ചു. ദേവസ്സി സിമന്റ്, കമ്പി ഹോൾസെയിൽ ബിസിനസ്സ് നടത്തുന്ന ഒരു വലിയ വ്യവസായിയാണ്. ഒരു ചുമട്ടുതൊഴിലാളിയായിട്ടാണ് തൃപ്പൂണിത്തുറ ചന്തയിൽ ദേവസ്സി ജീവിതം തുടങ്ങിയത്. പിന്നെ തൊഴിലാളി നേതാവും രാഷ്ട്രീയപ്ര

വർത്തകനും ചന്തയിലെ പ്രമാണിയും നാട്ടിലെ റൗഡിയും എല്ലാമായി.

ബിസിനസ്സ് തുടങ്ങിയപ്പോൾ നല്ല ധനാഢ്യനായി. പണം പെരുകിയപ്പോൾ മദ്യപാനവും അടിപിടിയും അക്രമങ്ങളും വർദ്ധിച്ചു. അതോടെ വീട്ടിൽ കലഹവും വഴക്കുമെല്ലാമായി കുടുംബം കലങ്ങി. ക്രിമിനൽ കേസുകളും നല്ലനടപ്പിന് ജാമ്യവും നാട്ടിലും വീട്ടിലും അസ്വസ്ഥതയും! തല്ലും ബഹ ളവും സ്വൈരക്കേടുമെല്ലാം പെരുകിയപ്പോൾ വശം കെട്ട് മേരി ആത്മഹത്യയിൽ ജീവിതം അവസാനിപ്പിക്കാൻ ശ്രമിച്ചു. ആദ്യത്തെ ശ്രമം പരാജയപ്പെട്ടപ്പോൾ രണ്ടാം പ്രാവശ്യം ഞര മ്പുമുറിച്ചു. ചോരചീറിത്തെറിക്കുന്നതുകണ്ടുകൊണ്ട് കൈ നിറയെ ഉറക്ക ഗുളിക എടുത്തുകഴിച്ചു. മരിക്കാൻ കിടന്നു.

ഭാഗ്യവശാൽ അപ്പോൾ ദേവസ്സിയുടെ സഹോദരി അവിടെ യാദൃച്ഛികമായി വന്നു. ബോധരഹിതയായിക്കിട ക്കുന്ന മേരിയെ ഉടനെ ആശുപത്രിയിലാക്കി. ദേവസ്സി തിരിഞ്ഞു നോക്കിയില്ല. മൂന്നുദിവസം അത്യാസന്നനിലയിൽ ആശുപത്രിയിൽ കിടന്നു. ദൈവകൃപയാൽ ജീവൻ കിട്ടി.

ദേവസ്സി മാനസാന്തരപ്പെട്ടതിനുശേഷം കുടുംബം സ്വർഗ്ഗ മായി. വഴക്കില്ല, പിണക്കമില്ല, അടിയില്ല, ചീത്തവിളിയില്ല. ഭാര്യയും ഭർത്താവും ഒന്നായി. ഇപ്പോൾ മേരി പറയും: ഇങ്ങ നെയുള്ള നല്ല കാലം ലഭിക്കുമെന്ന് വിചാരിച്ചില്ലല്ലൊ. അന്ന് മരിച്ചുപോകാതിരുന്നത് എത്ര വലിയ ഭാഗ്യമായിപ്പോയി.

നിങ്ങൾക്ക് കർത്താവ് തന്നത് അനുഗ്രഹമാണ്, നിങ്ങൾ മരിക്കേണ്ട ആവശ്യമില്ല എന്ന് കർത്താവ് തെളിയിച്ചില്ലേ? നിങ്ങൾക്ക് പുതിയ ജീവിതം തന്നത് സ്വർഗ്ഗത്തിലെ ദൈവ മാണ്. നിങ്ങൾ ദൈവത്തെ സ്തുതിക്കുക. ശാന്തമായി ഇരി ക്കുക. മദ്യപാനത്തിന്റെ ബന്ധനം മാറിയവർ ജീവന്റെ വചനം കേട്ടു, മദ്യപാനം വേണ്ടാ എന്ന് വ്യക്തമായ തീരുമാനമെടു ത്തു. അവർ ഭാഗ്യശാലികളത്രേ.

സ്വർഗ്ഗത്തിലെ ദൈവമാണ് നിങ്ങളുടെ മദ്യപാനം മാറ്റി ത്തന്നത്. യേശുക്രിസ്തുവാണ് നിങ്ങൾക്ക് ആ കെട്ട് അഴിച്ച് തന്നത്. നിങ്ങൾ വിശ്വസിക്കൂ. നിങ്ങൾക്ക് ജയം തന്നത് ക്രിസ്തുവാണ്, ജയം തന്ന കർത്താവിനെ സ്തോത്രം ചെയ്യൂ.

> "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."
>
> 1 യോഹ. 1:9

നാം നമ്മുടെ പാപങ്ങൾ ഏറ്റുപറഞ്ഞാൽ മാത്രം പോരാ, പാപങ്ങൾ ഉപേക്ഷിക്കണം. മേലിൽ ആവർത്തിക്കരുത് അതി നുള്ള കൃപ കർത്താവ് തരും. എനിക്ക് കൃപയില്ല എന്ന് നിങ്ങൾ വിചാരിക്കരുത്.

പ്രകടമായ പാപമൊന്നും ഇല്ലെങ്കിൽപ്പോലും കുടുംബ ജീവിതത്തിൽ പരാജയം നേരിടുന്നവരുണ്ട്. സ്കോട്ട്ലണ്ടിലെ വിശ്രുതഗ്രന്ഥകാരനായ തോമസ് കാർലൈൽ വിവാഹം കഴി ച്ചത് അദ്ദേഹത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന ജെയിൻവിൻഷിനെയാണ്. വിവാഹശേഷവും ആ മഹതി ഭർത്താവിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തുകൊണ്ട് ജോലി തുടർന്നു.

അപ്രതീക്ഷിതമായി ഒരാപത്ത് അവർക്ക് നേരിട്ടു. മാര കമായ രോഗം ബാധിച്ച് ജെയിൻ ക്ഷീണിതയായി. കാർലൈൽ അത് അറിഞ്ഞെങ്കിലും ജോലിയോടുള്ള പ്രതി ബദ്ധതയും വ്യഗ്രതയും നിമിത്തം ഭാര്യയുടെ രോഗവും തളർച്ചയും അദ്ദേഹം അത്ര ഗൗനിച്ചില്ല. അതുകൊണ്ട് ജോലി യിൽ തുടർന്നുകൊണ്ടിരുന്നു.

ക്യാൻസർ ആയിരുന്നു രോഗം. ഒടുവിൽ കിടക്കയിൽ നിന്നും എഴുന്നേൽക്കാൻ വയ്യാതായി. കാർലൈൽ ഭാര്യയെ

സ്നേഹിച്ചിരുന്നെങ്കിലും ഭാര്യയെ ശ്രദ്ധിക്കാനോ അടുത്തൊന്നിരിക്കാനോ സമയം കണ്ടെത്തിയില്ല.

അവസാനം ജെയ്ൻ മരിച്ചു. ശവസംസ്ക്കാരത്തിനു ശേഷം കാർലൈൽ ഭാര്യയുടെ കിടപ്പുമുറിയിൽ ചെന്നു. മേശപ്പുറത്ത് അവളുടെ ഡയറി ഇരുപ്പുണ്ടായിരുന്നു. അതെടുത്ത് മറിച്ച് മറിച്ച് വായിച്ചുകൊണ്ടിരുന്നു.

ഒരു പേജിൽ ഒരു വാക്യം മാത്രമെ എഴുതിയിരുന്നുള്ളൂ. "Yesterday he spent an hour with me and it was like Heaven. I love him so much.'' ("ഇന്നലെ അദ്ദേഹം ഒരുമണിക്കൂർ എന്നോടു കൂടെ ചിലവഴിച്ചു. എനിക്കത് സ്വർഗ്ഗം കിട്ടയിതുപോലത്തെ അനുഭവമായിരുന്നു. ഞാൻ അദ്ദേഹത്തെ എത്രമാത്രം സ്നേഹിക്കുന്നു എന്നോ.!")

ജോലിയിലുള്ള ബദ്ധപ്പാടുകൊണ്ട് ഭാര്യയെ ഒന്ന് ശ്രദ്ധിക്കുവാനോ അടുത്തിരുന്ന് സ്നേഹത്തോടെ സംസാരിക്കുവാനോ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. തന്നെയുമല്ല, ഭാര്യ വേദനിച്ചുപുളയുന്നതൊന്നും അദ്ദേഹം കണ്ടിരുന്നുമില്ല. ഭാര്യയുടെ സ്നേഹം അദ്ദേഹം വേണ്ടത്ര മനസ്സിലാക്കിയില്ല.

ഡയറിയുടെ അടുത്ത പേജ് അദ്ദേഹം മറിച്ചു. I have listened all day to hear his steps in the hall, but now it is late and I guess he will not come today.". (ദിവസം മുഴുവനും അദ്ദേഹത്തിന്റെ കാലൊച്ചയ്ക്ക് കാതോർത്തുകൊണ്ട് ഞാൻ കിടന്നു. ഇപ്പോൾ ഏതായാലും വളരെ വൈകി. ഇന്നിനി വരുമെന്ന് തോന്നുന്നില്ല.)

അദ്ദേഹം ഡയറി മേശപ്പുറത്തുവച്ചിട്ട് വീട്ടിൽ നിന്നിറങ്ങിഓടി. പിന്നെ അദ്ദേഹത്തെ കണ്ടത് സെമിത്തേരിയിലാണ്. ഭാര്യയുടെ കുഴിമാടത്തിനരികിൽ പുതഞ്ഞ ചെളിയിൽ അദ്ദേഹം മുട്ടിന്മേൽ കിടന്ന് കരയുകയായിരുന്നു. കരഞ്ഞു കലങ്ങിയ കണ്ണുകൾ! തോരാക്കണ്ണീരണിഞ്ഞ മുഖം! അദ്ദേഹം ഏങ്ങലടിച്ചുകൊണ്ട് പറഞ്ഞു:

"If only I had known, if only I had known!'' (അയ്യോ, ഞാൻ അറിഞ്ഞില്ലല്ലോ. ഒട്ടും അറിഞ്ഞില്ലല്ലോ!)

ജെയ്ൻ വിൻഷിന്റെ മരണശേഷം തോമസ് കാർലൈൽ ഒന്നും എഴുതിയില്ല. അദ്ദേഹത്തിന്റെ പ്രതിഭ വറ്റി വരണ്ടു പോയി.

സ്നേഹിതാ, നിങ്ങളുടെ കുടുംബ ജീവിതത്തിൽ തിരുത്താനാവാത്ത നഷ്ടം സംഭവിച്ചിട്ടുണ്ടോ? അവഗണനകൾ, സ്നേഹശൂന്യതകൾ, തിരസ്ക്കാരങ്ങൾ എന്നിങ്ങനെ എന്തെങ്കിലും? നിങ്ങളുടെ പരാജയം തിരിച്ചറിഞ്ഞ് അതിവേഗം തിരുത്തി, ജയത്തിലേക്ക് കുതിക്കൂ.

എന്റെ അനുഭവം കേൾക്കൂ: അറിഞ്ഞ് ഒരു തെറ്റിലേക്ക് പോകാൻ ഇതുവരെ ഇടവന്നില്ല. കർത്താവ് കൃപയാൽ എന്നെ കാത്തു, പാപത്തിന്റെ ഒരു പ്രവൃത്തിയിലേക്കും പോയില്ല, മനസ്സറിഞ്ഞ് ഒരു പാപവും വന്നില്ല. കരുണയുള്ള കർത്താവ് ഇന്നുവരെയും കാത്തു. ദൈവം എനിക്ക് അങ്ങിനെ ചെയ്തു തന്നെങ്കിൽ നിങ്ങൾക്കും അങ്ങിനെ ചെയ്തുതരികയില്ലേ?

ഞാൻ ദൈവത്തിന്റെ വചനം പറയുന്നത് മറ്റൊന്നുകൊണ്ടുമല്ല, എന്നെ ജയിപ്പിച്ച എന്റെ ജീവനുള്ള യേശു ജീവിക്കുന്നു. എനിക്ക് കൃപതന്ന യേശു ജീവിക്കുന്നു, എനിക്ക് ജയം തന്ന എന്റെ കർത്താവ് ജീവിക്കുന്നു. എന്റെ കർത്താവേ, പാപം വേണ്ട എന്നുവയ്ക്കാൻ കൃപ തന്ന യേശു ജീവിക്കുന്നു.

മൂവാറ്റുപുഴ ഡെന്റൽ ലാബ് നടത്തുന്ന പ്രിയപ്പെട്ട ജോൺ കുര്യക്കോസിനും പറയാനുള്ളത് അത് തന്നെയാണ്. ഒരു പാപവും വരാതെ യേശു കാത്തു എന്ന്.

> “എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും.
> എന്നെ നിന്ദിക്കുന്നവൻ നിന്ദിതനാകും.”
>
> 1 ശമു. 2:30

> താഴ്മയ്ക്കും യഹോവാ ഭക്തിക്കുമുള്ള പ്രതിഫലം ധനവും മാനവും ജീവനുമാകുന്നു."
>
> സദൃശവാക്യങ്ങൾ 22:4

അങ്ങനെയുള്ളവർ ഉണ്ടല്ലോ. നിങ്ങൾ എന്തുകൊണ്ട് എനിക്ക് കഴിയുന്നില്ല എന്ന് പറയുന്നു? നിങ്ങൾ ആഗ്രഹിച്ചാൽ നിങ്ങൾക്ക് കൃപ തരും. നിങ്ങൾക്ക് പാപത്തിന്റെ പരിശോധന വരുമ്പോൾ ഉടനെ പറയണം:

> "എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു."
>
> ഫിലിപ്പിയർ 4:13

നിങ്ങൾ വീണ്ടും പറയണം.

> "എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും, അവനാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞുചെല്ലും, എന്റെദൈവമായ യഹോവ, എന്റെ അന്ധകാരത്തെ പ്രകാശമാക്കും, നീ എന്റെ ദീപത്തെ കത്തിക്കും."
>
> സങ്കീ. 18:28-29

ഇത് നിങ്ങൾ അനുഭവമാക്കുമ്പോൾ സ്തുതിവരും. വെറുതെ പ്രെയ്സ് ദ ലോർഡ്, ഹാലേലൂയാ എന്നൊക്കെ പറഞ്ഞാൽ സ്തുതി ആകുകയില്ല. പാപത്തിന്റെ മേൽ ജയം നേടുമ്പോഴാണ് ഉള്ളത്തിൽ നിന്ന് ദൈവത്തിന് മഹത്വം കരേറ്റുന്നത്. അതാണ് പിതാക്കന്മാർ പാടിയത്:

"നിൻ സ്തുതിയും ഹാല്ലേലൂയ്യായും
കർത്താവേ ഞാൻ നിർത്തരുതേ-
വിധിനീതിയ്ക്കയ്യോ ചെയ്യരുതേ-
ഞാൻ പാതകിയെന്നറിയുന്നേൻ-
സർവ്വ കടങ്ങളുമാരാഞ്ഞാൽ-

നരകം താനെന്നവകാശം-
നിന്നെ വിളിപ്പാൻ കഴിവെന്യേ-
മൗനം മൃതിയാൽ ഞാൻ പൂകും-
നീക്കുക കൃപയാലെൻ പാപം."

സ്തുതി, ആരാധന, നമ്മുടെ ഹൃദയത്തിൽ നിന്ന് വരും. അതാണ് പിതാക്കന്മാർ പറയുന്നത്: സ്തുതിയും സ്തോത്ര വും, പ്രഭയും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും സദാനേരവും ഇടവിടാതെ കരേറ്റുവാൻ ഞങ്ങളെ യോഗ്യരാ ക്കണമേ. വിശുദ്ധകുർബ്ബാന ആരംഭിക്കുമ്പോൾ ആദ്യം "സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും". അവസാ നിക്കുമ്പോൾ പാടുന്നത് :

തൻ ബലിയാൽ പാപികളെ രക്ഷിച്ചൊരു ദൈവസുതാ
നിൻബലിയാൽ എൻ കഷ്ടതമായ്ച്ചെൻ
നോവൊഴിക്കണമേ,
ഗോഗുൽത്തായിൽ തൻ മാർവ്വുതുറന്നോരുത്തമനേ,
ദാഹം നീക്കീട്ടൊഴുകിയ നീരാൽ ചോരയതാലും

ചിലർക്ക് പാപത്തിലേക്ക് ഇന്ന് ദാഹമാണ്. മദ്യം കുടി ച്ചിട്ടും കുടിച്ചിട്ടും മതിയാകുന്നില്ല. പണം കിട്ടിയിട്ടും മതി യാവുന്നില്ല. ദാഹമാണ്, പണത്തിന് വേണ്ടിയുള്ള ദാഹം, തിന്മയ്ക്ക് വേണ്ടിയുള്ള ദാഹം. അശുദ്ധിക്കുവേണ്ടിയുള്ള ദാഹം, വ്യഭിചാരത്തിനുവേണ്ടിയുള്ള ദാഹം, മദ്യത്തിനുവേ ണ്ടിയുള്ള ദാഹം, കഞ്ചാവിന് വേണ്ടിയുള്ള ദാഹം, മയക്കുമ രുന്ന് ഉപയോഗിക്കുവാനുള്ള ദാഹം. ഇപ്രകാരമുള്ള ദാഹ മെല്ലാം അടക്കാനാവുന്നില്ല. അത് കിട്ടാതെ അടങ്ങുകയില്ല. അവ കിട്ടിയില്ലെങ്കിൽ അസ്വസ്ഥതയാണ്.

ഒരു യുവാവിനെക്കുറിച്ച് ഞാൻ വായിച്ചു. ആ ചെറുപ്പ ക്കാരൻ ഭൂമിയിൽ ഇല്ല, ആത്മഹത്യ ചെയതുപോയി. അവൻ ഒരു പ്രഫഷണൽ കോളജിൽ പഠിക്കാൻ ചെന്നപ്പോൾ അവി

ടെയുള്ള കൂട്ടുകാർ അവനെ പിടിച്ചുനിർത്തി മയക്കുമരുന്ന് കുത്തിവച്ചു. അവൻ ആഗ്രഹിച്ചിട്ടല്ല, അതിന് റാഗിംങ്ങ് എന്നാണ് പറയുന്നത്, ക്രൂരമായ മർദ്ദനം. അവനെ പിടിച്ചു നിറുത്തി അവന്റെ ശരീരത്തിലേക്ക് മയക്കുമരുന്ന് കുത്തിവച്ചു. അവൻ പിന്നെ അസ്വസ്ഥനായി. സമാധാനം നശിച്ചു, ആ സമർത്ഥനായ യുവാവ് എപ്പോഴും മുറിക്കകത്ത് കയറി വാതിൽ അടച്ച് മിണ്ടാട്ടമില്ലാതെ ഇരിക്കും. ഒരു ദിവസം അവൻ ആത്മഹത്യ ചെയ്തു.

അനേകർക്ക് പാപത്തിന് ദാഹമാണ്. ക്രിസ്തു നമ്മുടെ അന്തർദ്ദാഹം മാറ്റി നമ്മുടെ പാപങ്ങളെല്ലാം ക്ഷമിച്ചുതരും.

തിരുവിലാവിൽ നിന്ന് ഒഴുകിയ ചോരയാലും നീരിനാലും കർത്താവ് നിങ്ങളെ കഴുകട്ടെ, സ്നേഹിതാ, നിങ്ങളുടെ ബന്ധനം അഴിയാൻ ആഗ്രഹമുണ്ടോ? പാപത്തിന്റെ ബന്ധനം അഴിഞ്ഞു കിട്ടാൻ ആഗ്രഹം ഉണ്ടോ? ഇന്ന് യേശുവിന്റെ അരുമകരം നിങ്ങളെ തൊടട്ടെ, യേശു നിങ്ങളെ തലോടട്ടെ, നിങ്ങളുടെ കെട്ടുകൾ പൊട്ടിച്ചുതരട്ടെ. പാപം ഏറ്റുപറയുക, ഉപേക്ഷിക്കുക, അപ്പോൾ പാപത്തിന്റെ ബന്ധനം അഴിച്ചു തരും "യേശുക്രിസ്തുവിന്റെ രക്തം സകല പാപവും പോക്കി ശുദ്ധീകരിക്കുന്നു." ഒരു പാപവും ചെയ്യാത്ത യേശുക്രിസ്തു നമ്മുടെ പാപംഏറ്റെടുത്തു, നമ്മുടെ ശാപം മുഴുവൻ യേശു ഏറ്റെടുത്തു. അതുകൊണ്ടാണ് യേശു ക്രൂശിൻ മേൽ ബന്ധിതനായി കിടന്നത്. ആണികളാൽ ബന്ധിതനായി യേശു ക്രൂശിൻ മേൽകിടന്നത് മനുഷ്യന്റെ ബന്ധനം അഴിച്ചുതരാനാണ്. യേശു ശാപമായി ക്രൂശിൽ കിടന്നത്, ശാപം മാറ്റാനാണ്. യേശു മനുഷ്യരുടെ പാപം വഹിച്ചാണ് ശിക്ഷയേറ്റു ക്രൂശിൽ കിടന്നത് എന്ന് നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്ക് ജയ ജീവിതം കിട്ടും.

## രണ്ട്

ഒന്ന്, പാപത്തിന്റെ മേൽ ജയം. രണ്ട്, രോഗത്തിൻ മേൽ ജയം. നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തിരം നമുക്ക് ജയം നൽകുന്ന ദൈവത്തിന് സ്തോത്രം.

> "നിന്റെ ദൈവമായ യഹോവയുടെ വാക്ക് നീ ശ്രദ്ധയോടെ കേട്ട് അവന്നു പ്രസാദമുള്ളത് ചെയ്യുകയും, അവന്റെ കൽപനകളെ അനുസരിച്ച് അവന്റെ സകല വിധികളും പ്രമാണിക്കയും ചെയ്താൽ ഞാൻ മിസ്രയീമ്യർക്കു വരുത്തിയ വ്യാധികളിൽ ഒന്നും നിനക്ക് വരുത്തുകയില്ല, ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു എന്ന് അരുളിച്ചെയ്തു."
>
> പുറപ്പാട്. 15:26
>
> " എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ, അനർത്ഥദിവസത്തിൽ യഹോവ അവനെ

വിടുവിക്കും. യഹോവ അവനെ കാത്തു ജീവ നോടെ പരിപാലിക്കും, അവൻ ഭൂമിയിൽ ഭാഗ്യ വാൻ ആയിരിക്കും, അവന്റെ ശത്രുക്കളുടെ ഇഷ്ടത്തിനു നീ അവനെ ഏൽപിക്കയില്ല, യഹോവ അവനെ രോഗശയ്യയിൽ താങ്ങും. ദീനത്തിൽ നീ അവന്റെ കിടക്കയെല്ലാം മാറ്റി വിരിക്കുന്നു."

സങ്കീ. 41:1-3

"ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാ കുന്നു."

പുറപ്പാട് 15:26

നിങ്ങൾക്ക് ശരീരത്തിൽ സൗഖ്യം വേണമോ? പാപ ത്തിന്മേൽ ജയം കിട്ടിക്കഴിഞ്ഞാൽ രോഗസൗഖ്യം സ്വാഭാവി കമായും വന്നുചേരും. പാപം മാറുമ്പോൾ രോഗം മാറിയ എത്രയോ അനുഭവങ്ങളുണ്ട്! പാപം മോചിച്ച് കിട്ടുമ്പോൾ ക്യാൻസർ മാറുന്ന അനുഭവം ഉണ്ട്. പാപം മോചിച്ച് കിട്ടു മ്പോൾ മാരകമായ രോഗം മാറുന്ന അനുഭവം ഉണ്ട്. പാപം മോചിച്ച് കിട്ടുമ്പോൾ ആസ്ത്മ മാറുന്ന അനുഭവം ഉണ്ട്. പാപം മോചിച്ച് കിട്ടുമ്പോൾ കിഡ്നിയിലും ഗോൾബ്ലാഡറി ലുമുള്ള കല്ല് മാറുന്ന അനുഭവം ഉണ്ട്. പാപം മോചിച്ച് കിട്ടു മ്പോൾ യൂറിനറി രോഗങ്ങൾ മാറുന്ന അനുഭവം ഉണ്ട്. പാപം മോചിച്ച് കിട്ടുമ്പോൾ നട്ടെല്ലിന്റെ കശേരുകകൾ തമ്മിൽ തെന്നികിടക്കുന്നത് നേരെയാകുന്ന അനുഭവങ്ങൾ ഉണ്ട്. എത്ര എത്ര അനുഭവങ്ങൾ! യേശുക്രിസ്തുവിന്റെ രക്തത്താൽ പാപം മോചിച്ച് കിട്ടുമ്പോൾ രോഗങ്ങൾ മാറുന്നു. നിങ്ങൾ കർത്താവിനോട് പറയൂ, കർത്താവേ, എനിക്ക് ഇന്ന ഭാഗത്ത് രോഗം ഉണ്ട്. കർത്താവേ എന്റെ ശരീരത്തിൽ ഇന്ന ഭാഗത്ത് ഒരു മുഴ വളരുന്നുണ്ട്, കർത്താവേ, അത് അതിവേഗം വള രുന്ന മുഴയാണ് വേദനയില്ലാത്ത മുഴയാണ്. ക്യാൻസറാണോ എന്ന് സംശയമുണ്ട്. കർത്താവേ, നിന്റെ തിരുരക്തം തൊട

ണമേ, എന്റെ കർത്താവേ, എന്റെ പാപങ്ങൾ മാറ്റിത്തരുമ്പോൾ എന്റെ രോഗവും മാറ്റിത്തരണമേ.

നന്മയ്ക്കായി കർത്താവ് അടയാളം തരും. പാപം മാറുമ്പോൾ രോഗം മാറും. പാപം ഉപേക്ഷിച്ച് രോഗമുള്ളിടത്ത് കരം വയ്ക്കട്ടെ. നിങ്ങൾക്ക് തലവേദനയാണോ? കാലിൽ പെരുപ്പ് ബാധിക്കുകയാണോ? നിങ്ങളുടെ സന്ധികളിൽ വേദനയാണോ? നീരാണോ? നിങ്ങളുടെ രക്ത ധമനികളിൽ രക്ത പ്രവാഹത്തിന് തടസ്സം, ബ്ലോക്ക് വന്നിരിക്കുകയാണോ, എന്താണ് നിങ്ങളുടെ രോഗം? നിങ്ങളുടെ വയറിന് അസഹനീയമായ വേദനയാണോ? അവിടെ നിങ്ങളുടെ കരം വയ്ക്കാം. കരം വയ്ക്കാൻ പറ്റുന്നില്ലെങ്കിൽ നിങ്ങളുടെ കരം നെഞ്ചത്ത് വയ്ക്കാം.

ഇപ്പോൾ കർത്താവിനോട് പറയാം, നിന്റെ തൃക്കരം എന്റെ മേൽ വയ്ക്കണമേ. എന്റെ യേശുവേ, ഞാൻ പാപത്തോട് യാത്രപറഞ്ഞിരിക്കുന്നുവല്ലോ. എന്റെ യേശുവേ, ഞാൻ ഇന്നു മുതൽ നിന്റെ വകയായി ജീവിക്കാൻ തീരുമാനിച്ചിരിക്കുന്നുവല്ലോ. യേശുവേ, ഇപ്പോൾ എന്റെ മേൽ നിന്റെ കരം വെയ്ക്കണമേ. എന്നെ നീ സൗഖ്യം ആക്കണമേ. നെഞ്ചത്ത് കൈവച്ചുകൊണ്ട് ഉറക്കെ പറയുവിൻ. “ഞാൻ നിന്നെ സൗഖ്യം ആക്കുന്ന യഹോവയാകുന്നു.”

നിങ്ങൾ വിശ്വസിക്കൂ, രോഗമുള്ള ഭാഗത്ത് യേശുക്രിസ്തുവിന്റെ തിരുരക്തം തൊട്ടിരിക്കുകയാണ്, യേശുവിന്റെ തൃക്കരങ്ങൾവെച്ച് യേശു നിങ്ങൾക്ക് ആശ്വാസം തരികയാണ്, നിങ്ങൾ വിശ്വസിക്കൂ. യേശുവിന്റെ കരം നിങ്ങളെ തൊടട്ടെ, യേശുവിന്റെ കരം നിങ്ങളെ ആശ്വസിപ്പിക്കട്ടെ, യേശുവിന്റെ കരം നിങ്ങൾക്ക് സൗഖ്യം തരട്ടെ. സൗഖ്യദായകമായ ശക്തി നിങ്ങളിലേക്ക് പകരട്ടെ.

“നോക്കണമെൻ ദുരിതം നാഥാ
പലതര ദോഷം ഞാൻ ചെയ്തു, കോപിപ്പിച്ചു,

ശരണമെനിക്കില്ല.
വൈദ്യന്മാർ പക്കൽ ഞാൻ പോയ്
അവർ ഔഷധമെല്ലാം ചെയ്തിട്ടില്ലൊരുഗുണവും-
എൻ വ്രണമോ കഠിനം
നൽ വൈദ്യാ നിന്നെയും നിൻ ഔഷധഗുണവും
ഞാൻ കേട്ടൂ-
നിങ്കൽ വരുന്നോൻ സുഖമേൽക്കുംനൂനം

ധ്യാനിച്ചു പ്രാർത്ഥിക്കൂ: നല്ല വൈദ്യനായ എന്റെ യേശുവേ, ഞാൻ നിന്റെ അടുക്കൽ വരികയാണ്, എന്റെ രോഗത്തിന്റെ കാര്യം എന്റെ ഭർത്താവിനോട് പറയാൻ പറ്റുന്നില്ല, എന്റെ രോഗത്തിന്റെ കാര്യം എന്റെ ഭാര്യയോട് പറയാൻ പറ്റുന്നില്ല, എന്റെ വിവാഹാലോചനാ സമയത്ത് ഞാൻ രോഗത്തിന്റെ കാര്യം പറഞ്ഞാൽ വിവാഹം മാറിപ്പോകും. എന്റെ കർത്താവേ, എനിക്ക് ആരോടും പറയാൻ ഇല്ല. കർത്താവേ ഞാൻ രഹസ്യമായി ഡോക്ടറെ കാണാൻ ആഗ്രഹിച്ചു, പക്ഷേ ഒറ്റയ്ക്ക് പോകാൻ ധൈര്യം ഇല്ല. ഞാൻ എന്തു ചെയ്യും? ഞാൻ ഡോക്ടർ മാരെ കണ്ടു എനിക്ക് സൗഖ്യം കിട്ടിയില്ല, നല്ല വൈദ്യനായ ദൈവമേ, ഞാൻ ഇതാ നിന്റെ അടുക്കലേക്ക് വരുന്നു.

പറയൂ, സമർപ്പിക്കൂ: ക്രൂശിലെ സ്നേഹത്തിനു മുന്നിൽ ഞാൻ അടിയറവെയ്ക്കുകയാണ്. എന്നെത്തന്നെ ഞാൻ കാഴ്ചവെയ്ക്കുന്നു. കർത്താവേ, എന്റെ ഈ ദേഹവും ദേഹിയും ആത്മാവും എന്റെ ഈ മനസ്സും മുഴുവൻ ഞാൻ ഇതാ തിരുമുമ്പാകെ സമർപ്പിക്കുന്നു. ഇത്രയും കാലം നീ എന്നെ നടത്തി, ഇനി എത്രകാലം ഉണ്ടെന്നറിഞ്ഞുകൂടാ, യേശുവേ, രക്ഷകാ ഇനി ഉള്ളകാലം നിന്റെ പാദ പീഠത്തിലേക്ക് എന്നെ സമ്പൂർണ്ണമായി സമർപ്പിക്കുന്നു.

അപ്പോസ്തല പ്രവൃത്തികൾ 16-ാം അദ്ധ്യായത്തിലാണ് സെ. പോൾ യുറോപ്പിൽ ആദ്യമായി കടന്നു ചെല്ലുന്നത് വിവ

രിച്ചിരിക്കുന്നത്. അന്നത്തെ ജനപ്പെരുപ്പമുള്ള ഒരു പരിഷ്കൃത നഗരമായിരുന്നു ഫിലിപ്പി. അവിടെവെച്ചാണ് യൂറോപ്പിൽ ആദ്യത്തെ ക്രിസ്ത്യാനിയുണ്ടായത്. അത് ലുദിയ എന്നു പേരുള്ള ഒരു സ്ത്രീ ആയിരുന്നു.

ലുദിയയുടെ മാനസാന്തരത്തെ തുടർന്ന് ആ നാട്ടിൽ പല അത്ഭുതങ്ങളും നടന്നു. അവിടെ വെളിച്ചപ്പാടത്തിയായി ലക്ഷണം പറഞ്ഞ് യജമാനന്മാർക്ക് വളരെ ലാഭമുണ്ടാക്കിയി രുന്ന ഒരു പെൺകുട്ടിയുണ്ടായിരുന്നു. അവൾ ലക്ഷണം പറ യുന്നത് പലതും ഒത്തു വന്നതുകൊണ്ട് ഒരു ദിവ്യശക്തി അവ ളിലുണ്ടെന്ന് ആളുകൾ ധരിച്ചിരുന്നു. വാസ്തവത്തിൽ ഒരു ദുരാത്മശക്തികൊണ്ടായിരുന്നു അവൾ ലക്ഷണം പറഞ്ഞു വന്നത്.

മിസ്രയീമ്യ മന്ത്രവാദികളും അത്ഭുതങ്ങൾ ചെയ്തല്ലൊ. മോശ ദൈവശക്തിയാൽ വെള്ളം രക്തമാക്കി. മിസ്രയീം മന്ത്രവാദികളും അപ്രകാരം ചെയ്തു. (പുറപ്പാട് 7:22) മിസ്ര യീമിലെല്ലായിടത്തും തവളകൾ പെരുകി. ഫറവോന്റെ അര മനയിലും തവള വ്യാപിച്ചു. പൈശാചിക ശക്തികളാൽ മന്ത്ര വാദികളും അപ്രകാരം ചെയ്തു. (പുറപ്പാട്. 8:7)

അടുത്തതായി മോശ ചെയ്ത അത്ഭുതം മിസ്രയീമി ലെങ്ങും പേൻ നിറയുക എന്നതായിരുന്നു. പൊടിയെല്ലാം പേൻ ആയിത്തീർന്നു. അപ്രകാരം മന്ത്രവാദികൾ ചെയ്യാൻ നോക്കിയെങ്കിലും അവർക്കു കഴിഞ്ഞില്ല. (പുറ. 8:18)

ആദ്യസമയം അഹരോന്റെ വടി സർപ്പമായിത്തീർന്ന ഒര ത്ഭുതമുണ്ടായതായിരുന്നു, മന്ത്രവാദികളും വടി സർപ്പമാക്കി. പക്ഷെ, മോശയുടെ വടി മന്ത്രവാദികളുടെ വടിയെ വിഴുങ്ങി ക്കളഞ്ഞു. (പുറപ്പാട് 7:6-12 വരെ വായിക്കുക.)

പൈശാചിക ശക്തിക്ക് പല അത്ഭുതങ്ങളും പ്രവർത്തി ക്കാൻ കഴിയും. പക്ഷെ അതിന് പരിമിതികളുണ്ട്. അങ്ങനെ ഒരത്ഭുതമാണ് വെളിച്ചപ്പാടത്തിയായ ബാല്ല്യക്കാരത്തി ഫിലി

പ്പിയിൽ പ്രവർത്തിച്ച് സാധാരണ ജനങ്ങളെ കബളിപ്പിച്ച് ധന സമ്പാദനം നടത്തിയത്.

അവൾ പൗലോസിന്റെയും ശീലാസിന്റെയും പിന്നാലെ നടന്നുകൊണ്ട് വിളിച്ചു പറഞ്ഞു:

"ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ. രക്ഷാമാർഗ്ഗം നിങ്ങളോടു അറിയിക്കുന്നവർ."

അപ്പോസ്തലനായ പൗലോസിന് വിവേചനവരം ഉണ്ടായിരുന്നതുകൊണ്ട് അവൾ പറയുന്നത് സത്യമാണെങ്കിലും പിശാചാണ് അത് പറയിപ്പിക്കുന്നതെന്ന് തിരിച്ചറിഞ്ഞു. പൗലോസ് ശ്ലീഹാ അവളുടെ നേരെ തിരിഞ്ഞ് അവളിലുള്ള ദുരാത്മാവിനെ ഭർത്സിച്ചകറ്റി. അവളിലുള്ള ഭൂതത്തോട്: "അവളെ വിട്ടുപോകാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിന്നോടു കല്പ്പിക്കുന്നു" എന്ന് പറഞ്ഞു.

ഭൂതം വിട്ടുപോയതോടുകൂടെ അവളെക്കൊണ്ടുള്ള വരുമാനം നിലച്ചതുകൊണ്ട് അവളുടെ യജമാനന്മാർ പൗലോസിനേയും ശീലാസിനേയും പിടിച്ചുകൊണ്ടുപോയി, അധികാരികളുടെ പക്കൽ ഏൽപിച്ചു.

"യഹൂദന്മാരായ ഈ മനുഷ്യൻ നമ്മുടെ പട്ടണത്തെ കലക്കി റോമാക്കാരായ നമുക്ക് അംഗീകരിപ്പാനും അനുസരിപ്പാനും സാദ്ധ്യമല്ലാത്ത ആചാരങ്ങളെ പ്രസംഗിക്കുന്നു." ഇതായിരുന്നു അവരുടെ ആരോപണം. ജനസമൂഹം അവരുടെ നേരെ ഇളകി. അവരെ വസ്ത്രം പറിച്ചുരിഞ്ഞു കോൽകൊണ്ടടിപ്പിച്ചു കാരാഗൃഹത്തിലിട്ടു. കാൽ ആമത്തിലിട്ടു പൂട്ടി.

പാതിരാനേരം, തടവുകാരും ജയിൽ വാർഡനും നല്ല ഉറക്കത്തിലായിരുന്നു. പൗലോസും ശീലാസും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. എപ്പോഴോ അവർ പാട്ടുപാടിത്തുടങ്ങി. പാട്ടിനോടൊപ്പം സ്തുതിയും! ജയിലറ ആരാധനയാൽ മുഖരിതമായി. തടവുകാരെല്ലാം ഉണർന്നു, അവർ സ്തുതിയുടെ

മാസ്മരശക്തിയിൽ ലയിച്ച് ശ്രദ്ധിച്ചുകൊണ്ടിരുന്നു.

പെട്ടെന്നാണതുണ്ടായത്. വലിയ ഒരു ഭൂകമ്പം! കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി. ജയിലിന്റെ പൂട്ടിയിരുന്ന വാതിലെല്ലാം തുറന്നുപോയി. ആമങ്ങളഴിഞ്ഞുവീണു.

കാരാഗൃഹപ്രമാണി ഞെട്ടി ഉണർന്നു. വാതിലെല്ലാം തുറന്നുകിടക്കുന്നു! കുറ്റാക്കൂറ്റിരുട്ട് ! തടവുകാർ രക്ഷപ്പെട്ടുകാണും. പിറ്റേ ദിവസം റോമൻ നിയമം അനുസരിച്ചുള്ള വിസ്താരവും തൂക്കുമരവും! ആത്മഹത്യ ചെയ്താൽ ഒന്നും അറിയണ്ടല്ലോ. വാളെടുത്തു തന്നത്താൻ കൊല്ലുവാൻ ഭാവിച്ചു. അപ്പോൾ പൗലോസ് പറഞ്ഞു: "നിനക്ക് ഒരു ദോഷവും ചെയ്യരുത്. ഞങ്ങളെല്ലാവരും ഇവിടെയുണ്ടല്ലോ."

ജീവിതം തോൽവി അടഞ്ഞ് നിരാശപ്പെട്ട് ആത്മഹത്യയിൽ അഭയം തേടാൻ ശ്രമിക്കുന്നവരോട് ജയജീവിതം അനുഭവിക്കുന്ന ക്രിസ്തു ഭക്തന് പറയാനുള്ള വാക്കിതാണ്. "ഞങ്ങൾ എല്ലാവരും ഇവിടെയുണ്ടല്ലൊ? നിന്നെ സഹായിക്കാൻ ഞങ്ങളുണ്ട്. നിനക്ക് പ്രത്യാശയുടെ നറും പ്രകാശം തരാൻ ഞങ്ങൾ ഇവിടെയുണ്ട്. താങ്ങാൻ ദൈവമക്കളുണ്ട്." അതാണ് ക്രിസ്തീയ സാക്ഷ്യം.

കാരാഗൃഹപ്രമാണി വെളിച്ചം ചോദിച്ചുകൊണ്ട് അകത്തേക്ക് ചാടിവന്നു. അനേകരും ജയജീവിതത്തിന്റെ വെളിച്ചം കാണാൻ നോക്കുന്നത് വിശ്വാസികളെയാണ്. സ്നേഹിതാ, എന്നെയും നിന്നെയുമാണ്. പ്രത്യാശയുടെ നുറുങ്ങുവെട്ടം കൊടുക്കാൻ നിന്ക്ക് സാധിച്ചിട്ടുണ്ടോ? വെളിച്ചമില്ലാത്തവർ പകച്ചു നിൽക്കുകയാണ്. നൈരാശ്യം ബാധിച്ചവർ ഭയചകിതരായി നിൽക്കുകയാണ്.

അവൻ പൗലോസിന്റെ മുമ്പിൽ വിറച്ചുകൊണ്ട് വീണു. "യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം?" പകൽ അവരെ അടിച്ച് മുറിവേൽപ്പിച്ച് ആമത്തിൽ ഇട്ടുപൂട്ടിയതായിരുന്നു. ഇപ്പോൾ അവരോട് വെളിച്ചം ചോദിക്കുക

മാത്രമല്ല, രക്ഷയുടെ പാഠം പഠിക്കാൻ ആവശ്യക്കാരനായി നിലവിളിക്കുന്നു.

ജയിൽ മുറിയിൽ ബൈബിൾക്ലാസ്! പീഡിപ്പിച്ചവൻ രക്ഷയുടെ ആദിപാഠം പഠിക്കുന്ന വേദവിദ്യാർത്ഥി! മുറി വേൽപിച്ചവൻ മുറിവ് കെട്ടുന്നു. ആത്മഹത്യ ചെയ്യാനൊരുങ്ങിയവൻ വീടടക്കം ആനന്ദിക്കുന്നു! അവിശ്വാസി സത്യവിശ്വാസിയായി മാറുന്നു!

ഇതാണ് ജയജീവിത്തിന്റെ അത്ഭുതം:

> "കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും."
>
> 16:31

അവൻ ക്രിസ്തുവിൽ വിശ്വസിച്ചു. അവരെ വീട്ടിൽ കൈക്കൊണ്ടു. അവർക്ക് ഭക്ഷണം കൊടുത്തു. ക്രിസ്തുവിനെ വിശ്വസിച്ചതിനാൽ വീടടക്കം ആനന്ദിച്ചു.

## മൂന്ന്

നമ്മിൽ പലരും പരിശ്രമിച്ചിട്ടും തോറ്റവരാണ്. ജയിക്കാൻ ആഗ്രഹിച്ചു പക്ഷേ ജയിച്ചില്ല. എല്ലാ രംഗങ്ങളിലും തോൽവിയായി, മനസ്സു മടുത്തവരായി ജീവിതമാകെ വിരസമായി കഴിയുന്ന അനേകരുണ്ട്. എന്നാൽ ജയം തരുന്ന ക്രിസ്തു ജീവിക്കുന്നു. കുടുംബ ജീവിതത്തിൽ പരാജയപ്പെട്ടവരും ബിസിനസ്സിൽ പരാജയപ്പെട്ടവരുമുണ്ട്. ആരോഗ്യത്തിൽ പരാജയപ്പെട്ട് രോഗം ബാധിച്ചവരുണ്ട്. വിദ്യാഭ്യാസത്തിൽ പരാജയപ്പെട്ടവരുണ്ട്. സാമ്പത്തികമായ കാര്യങ്ങളിൽ പരാജയപ്പെട്ടവരുണ്ട്. എന്നാൽ അവർക്കെല്ലാം ജയം ലഭിക്കും. ക്രിസ്തു ഹൃദയത്തിൽ വന്ന് വാഴുമ്പോൾ ക്രിസ്തു നമുക്ക് ജയം തരും. "നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്ക് ജയം നൽകുന്ന ദൈവത്തിനുസ്തോത്രം."

എത്രയോ വർഷമായി ബഹു. തോമസ് അച്ചൻ വി. കുർബ്ബാന ചൊല്ലുന്ന ആളാണ്. എത്രയോ ദേവാലയങ്ങളിൽ വികാരിയായി സേവനം അനുഷ്ഠിച്ചതാണ്. അച്ചൻ ഒരിക്കൽ സാക്ഷ്യം പറഞ്ഞപ്പോൾ പറഞ്ഞു. 'നിങ്ങൾക്കെല്ലാ

വർക്കും സമാധാനം ഉണ്ടാകട്ടെ" എന്ന് ഞാൻ ജനത്തോട് പറയാറുണ്ട്. ജനവും പറയാറുണ്ട് : "അവിടത്തെ ആത്മാവിനും ഉണ്ടാകുമാറാകട്ടെ എന്ന്." ജനത്തിന് സമാധാനമില്ല, പറയുന്ന എനിക്കും സമാധാനം ഇല്ല" ഓർത്തഡോക്സ് സഭയിലെ അങ്കമാലി ഭദ്രാസനത്തിലെ ഒരു പട്ടക്കാരനാണ് ബ. തോമസ് പഴമ്പിള്ളി അച്ചൻ.

വളരെ അർത്ഥവത്തായ കാര്യമാണ് ബ. അച്ചൻ പറഞ്ഞത്. ഇത് ബഹു. അച്ചന്റെ അനുഭവം മാത്രമല്ല അനേകം ആളുകൾക്കും എന്തുകിട്ടിയാലും സമാധാനം ആകുന്നില്ല, നല്ല വരുമാനമുണ്ടെങ്കിലും, നല്ല വീടുണ്ടെങ്കിലും, പണമുണ്ടെങ്കിലും നല്ല ജീവിത സൗകര്യം ഉണ്ടെങ്കിലും സമാധാനം ആകുന്നില്ല, ഉയർന്ന വിദ്യാഭ്യാസം ഉണ്ടെങ്കിലും സമാധാനം ആകുന്നില്ല, സമാധാനം ലഭിക്കുന്നത് എങ്ങനെയാണ്? എന്താണ് സമാധാനം?

സമാധാനം ആന്തരികമാണ്. നമ്മുടെ സമാധാനം കെടുത്തുന്നത് നമ്മെ തോൽപ്പിച്ച് കളയുന്ന ചില കാര്യങ്ങളാണ്. നമ്മെ തോൽപ്പിക്കുന്ന ഏറ്റവും ഭയാനകരമായ കാര്യം പാപമാണ്. പാപം നമ്മെ തോൽപ്പിച്ചുകൊണ്ടിരിക്കുന്നു, നമ്മെ ബന്ധിക്കുന്നു, പാപത്തിന്റെ കുരുക്കിൽ പെട്ട് അനേകർ ഉഴലുന്നു. കുടുംബ ജീവിതം തകരുന്നു, പരസ്പര സ്നേഹം നശിക്കുന്നു. കുടുംബത്തിൽ സ്വൈര്യം ഇല്ല, ഐക്യം ഇല്ല, സന്തോഷമില്ല. സ്നേഹമില്ല, സമാധാനമില്ല. ജീവിതമാകെ വിരസമായിപോകുന്നു, മടുത്തുപോകുന്നു, പാപം കടന്നുകൂടിയ ജീവിതത്തിൽ സമാധാനം നശിക്കുന്നു.

അനേകം പേർ യേശുക്രിസ്തുവിനെ അനുഭവിക്കുന്നുണ്ട്. ജയം അനുഭവിക്കുന്നു, തകർന്നുടഞ്ഞുപോയ കുടുംബങ്ങൾ ഉയർന്നുവരുന്നു, തകർന്നുപോയ ഉള്ളങ്ങൾ സമാധാനം അനുഭവിക്കുന്നു.

ഏതെങ്കിലും പ്രത്യേക സഭാ വിഭാഗത്തോട് അഭിനിവേശം ഇല്ല. യാക്കോബായ സഭയിലുള്ളവർ ഉണ്ട്, ഓർത്ത

ഡോക്സ് സഭയിൽ ഉള്ളവർ ഉണ്ട്, മാർത്തോമ്മാ സഭയിലുള്ളവർ ഉണ്ട്, സി.എസ്.ഐ സഭയിലുള്ളവർ ഉണ്ട്, കത്തോലിക്കാ സഭയിലുള്ളവർ ഉണ്ട്, ഇവാഞ്ചലിക്കൽ സഭയിലുള്ളവർ ഉണ്ട്, ക്നാനായ സഭയിലുള്ളവർ ഉണ്ട്, പ്രധാനമായി ഈ സഭയികളിലുള്ളവരാണ് ക്രിസ്റ്റ്യൻ റിവൈവൽ ഫെല്ലോഷിപ്പിൽ സംബന്ധിക്കുന്നത്. സഭാ വ്യത്യാസമോ, സമുദായ വ്യത്യാസമോ ഇല്ല, കക്ഷി പരിഗണന ഇല്ല, കക്ഷി വൈരാഗ്യം ഇല്ല. നാം യേശുക്രിസ്തുവിന്റെ വിശുദ്ധ സഭയുടെ അംഗങ്ങളാണ്. മണവാട്ടി സഭയുടെ അംഗങ്ങൾ.

"ഏദൻ തോട്ടം നട്ടോനേ നീയാണെൻ യുവമണവാള" നെന്ന് വിവാഹ കൂദാശാഗീതത്തിൽ നാം പാടുന്നുണ്ടല്ലോ, ഏദൻ തോട്ടം നട്ടവനായ യേശുവിനെ മണവാളനായി കണ്ടുകൊണ്ട് യേശുക്രിസ്തുവിന്റെ മണവാട്ടിയായി ഈ ലോകത്ത് നിൽക്കുവാൻ വിളിക്കപ്പെട്ടവരും തിരഞ്ഞെടുത്തവരുമാണ് നാം ഓരോരുത്തരും. നാം ചില പ്രത്യേക സാഹചര്യങ്ങളിൽ, വിവിധ സഭകളിലോ, സമുദായങ്ങളിലോ നിൽക്കുന്നവരാണെങ്കിലും നാം എല്ലാം ഒരു അപ്പന്റെ മക്കളാണ്, നാം ഏകോദരസഹോദരങ്ങളാണ്. നമുക്ക് വലിപ്പ ചെറുപ്പഭേദമില്ല.

ഏവരേയും കരുതുന്ന സ്നേഹം; എല്ലാവരെയും സ്നേഹത്തോടെ ചേർത്തണയ്ക്കുന്ന സ്നേഹം, ആരോടും പരാതിയില്ലാത്ത സ്നേഹം, ആരോടും പരിഭവം ഇല്ലാത്ത സ്നേഹം, ആരെയും മാറ്റിനിർത്താത്ത സ്നേഹം. പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് ഇവർ അറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ എന്ന് പ്രാർത്ഥിക്കുന്ന സ്നേഹം. ആ സ്വർഗ്ഗീയ സ്നേഹത്തിന്റെ പ്രയോക്താക്കളായി തലമുറകളായി എഴുന്നേറ്റുനിൽക്കാം. നമുക്ക് ഒരു പുതിയ സ്നേഹത്തിന്റെ സാമ്രാജ്യം കെട്ടിപ്പെടുക്കാം.

ഒന്ന് : പാപത്തിന്റെ മേൽ ജയം.

രണ്ട് : രോഗത്തിന്റെ മേൽ ജയം.

മൂന്നാമത്തെ കാര്യം: സാത്താന്റെമേൽ ജയം. യോഹന്നാന്റെ ഒന്നാമത്തെ ലേഖനം മൂന്നാ അദ്ധ്യായം എട്ടാം വാക്യം.

> "പാപം ചെയ്യുന്നവൻ പിശാചിന്റെ മകനാകുന്നു. പിശാച് ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെല്ലാം അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി."
>
> 1 യോഹ. 3:8

സാത്താന്റെ കെട്ടുകളെ പൊട്ടിച്ചുകളയുവാനാണ് യേശുക്രിസ്തുവന്നത്. അനേകർ ഇന്ന് സാത്താന്റെ ബന്ധനത്തിലാണ്. അനേക കുടുംബങ്ങൾ ഇന്ന് സാത്താന്റെ ബന്ധനത്തിലാണ്. തലമുറകളായി പിശാച് വാഴുന്ന കുടുംബങ്ങളുണ്ട്. ശാപം ഗ്രസിച്ച കുടുംബങ്ങൾ ഉണ്ട്. പലതരത്തിലുള്ളതായ ശാപങ്ങൾ! വിട്ടുമാറാത്ത ശാപങ്ങൾ!

ഒരു ചെറുപ്പക്കാരൻ രാവിലെ ജോലിക്ക് പോകുന്നത് ട്രെയിനിലാണ്. അവന്റെ സൂട്ട്കേസിന്റെ അകത്ത് അവന്റെ ആഹാര പൊതിയും ഫയലുകളും ഉണ്ട്. ആറിന്റെ മീതെയുള്ള പാലത്തിലൂടെ ട്രെയിൻ പോകുമ്പോൾ അവന് തോന്നുകയാണ്, ഈ സൂട്ട്കേസ് പുഴയിലേക്ക് എറിഞ്ഞാലോ എന്ന്, എറിഞ്ഞില്ല. ആദ്യം ആദ്യ എറിയണം എന്നേ തോന്നിയുള്ളൂ. പിന്നീട് ചാടണം എന്ന തോന്നൽ!

എന്താണ് ഇതിന്റെ കാരണം? അവൻ ചോദിക്കുകയാണ്: സാറേ, എനിക്ക് എന്താണ് ഇങ്ങനെ തോന്നുന്നത്, വീട്ടിൽ സ്വൈരക്കേട് ഒന്നും ഇല്ല, ഓഫീസിലും പ്രശ്നമൊന്നും ഇല്ല. എനിക്ക് എന്താണ് അങ്ങിനെ തോന്നുന്നത്?

മറ്റൊന്നുമല്ല. അവനെ പിശാച് കുരുക്കിയിട്ടിരിക്കുകയാണ്. അകത്ത് സാത്താൻ വാഴുകയാണ്, ദുരാത്മാവ് അവനെ നശിപ്പിക്കാൻ വന്നിരിക്കുകയാണ്. അവൻ ദൈവത്തിങ്കലേക്ക് തിരിയുന്നതിനുമുമ്പ് അവനെ ഈ ഭൂമിയിൽ നിന്ന് മാറ്റികൊ

ണ്ടുപോയി നിത്യ നരകക്കുഴിയിലേക്ക് തള്ളാൻ പിശാച് പരി പാടി ഇട്ടിരിക്കുകയാണ്. ക്രിസ്തുവിന് മാത്രമേ മോചനം തരാൻ സാധിക്കുകയുള്ളൂ.

വേറൊരാളുടെ കാര്യം ഇതിലും ഭയാനകമാണ്. ചില പ്പോൾ എഴുന്നേറ്റ് ചെന്ന് ഓഫീസ് സൂപ്രണ്ടിന്റെ കരണത്ത് അടിക്കാൻ തോന്നുകയാണ്. അടിച്ചില്ല, ഭാഗ്യം. കാരണം മറ്റൊന്നുമല്ല. സാത്താൻ അകത്ത് വാഴുന്നു. പിശാചിന്റെ ചങ്ങല അകത്ത് മുറുകിയിരിക്കുന്നു, ദുരാത്മാവ് അകത്തിരി ക്കുന്നു.

വേറൊന്നു കേട്ടാൽ ഒന്നുകൂടി ഞെട്ടും. ഒരു യുവതി പറ യുകയാണ്, ഞങ്ങൾക്ക് രണ്ടുപേർക്കും ഉയർന്ന വിദ്യാഭ്യാസം ഉണ്ട്. രണ്ടുപേർക്കും ഒരു കുഴപ്പവും ഇല്ല, ധാരാളം സമ്പത്തും നല്ല വീടും ഉണ്ട്, നല്ല കുഞ്ഞുങ്ങൾ ഉണ്ട്, അനുഗ്രഹിക്ക പ്പെട്ട മാതാപിതാക്കൾ ഉണ്ട്, എന്നും വീട്ടിൽ നമസ്ക്കാരം ഉണ്ട്, എന്നും പ്രാർത്ഥനയുണ്ട്, ഒരു ഞായറാഴ്ചയും പള്ളി യാരാധന മുടക്കുകയില്ല.

പക്ഷേ വീട്ടിൽ വരുമ്പോൾ നരകമാണ്, വേറെ ആർക്കും അറിഞ്ഞുകൂടാ, ഭർത്താവിന് അവളെ സംശയമാണ്, രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ അദ്ദേഹം തലയിണയുടെ താഴെ കാച്ചിയ വാക്കത്തി വെച്ചിരിക്കും. അദ്ദേഹം പറയുന്നത്: രാത്രി ആരോ വരും, അയാൾക്ക് ഞാൻ വാതിൽ തുറന്നു കൊടുക്കും, അപ്പോൾ ആ വരുന്ന ആളെ വെട്ടികൊല്ലണം. ഇതിനുവേണ്ടിയാണ് കത്തിവച്ചിരിക്കുന്നത്.

അദ്ദേഹം ഇടയ്ക്ക് രാത്രി ഒന്നു മയങ്ങികഴിഞ്ഞിട്ട് ഞെട്ടി എഴുന്നേൽക്കും. “ആരാടീ ഇവിടെ വന്നത്?” ഞാൻ പറയും: “ആരും വന്നില്ല,” “ഇപ്പോൾ വാതിൽ തുറന്ന് ആരോ പോകു ന്നത് ഞാൻ കണ്ടല്ലോ, ആരാണെന്ന് പറയൂ,” പാവം! ആ നിഷ്കളങ്കയായ പെൺകുട്ടി ഏങ്ങലടിക്കുന്നു.

എന്താണ് കാരണം സാത്താൻ ബന്ധിച്ചിരിക്കുന്നു. നിങ്ങ

ളെ സാത്താൻ ബന്ധിച്ചിട്ടുണ്ടോ? ഇതുപോലെയുള്ള ദുർഗ്ഗതി ഇല്ലായിരിക്കാം. ഇതല്ലാതെയുള്ള അനേകം കെടുതികളിൽ കിടന്ന് വലയുന്ന അനേകർ ഉണ്ട്.

സാത്താൻ കുടുംബത്തിൽ വാഴുകയാണ്, ഹൃദയത്തിൽ വസിക്കുകയാണ്, സാത്താൻ അനേകരെ കെട്ടിയിട്ടിരിക്കുകയാണ്. ഏദൻ തോട്ടത്തിൽ കടന്ന് ചെന്ന് അവിടത്തെ സമാധാനം കെടുത്തിയ ആ ദുഷ്ടപ്പാമ്പ് ഇന്ന് കുടുംബത്തിൽ കടന്നു ചെന്ന് അനേകരെ ഭിന്നിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഭാര്യാഭർത്താക്കന്മാരെയും മാതാപിതാക്കളെയും, മക്കളെയും തമ്മിൽ ഭിന്നിപ്പിച്ച് കൊണ്ടിരിക്കുകയാണ്.

നിങ്ങൾ ചിന്തിക്കൂ: എവിടെയാണ് സാത്താൻ കയറിയിരിക്കുന്നത്, എവിടെയാണ് പിശാച് ഒളിച്ചിരിക്കുന്നത്? ഏതു കാര്യത്തിലാണ് സാത്താൻ അവകാശം പറയുന്നത്.?

ജീവനുള്ള ദൈവം പറയുന്നു: സാത്താന്റെ പ്രവർത്തികൾ അഴിപ്പാൻ തന്നെ കർത്താവായ യേശുക്രിസ്തു പ്രത്യക്ഷനായി. ഏതെല്ലാം ബന്ധനം വന്നിട്ടുണ്ടെങ്കിലും അതെല്ലാം മാറ്റിത്തരാൻ യേശുക്രിസ്തു ജീവിക്കുന്നു. നിങ്ങളുടെ അരികത്തേക്ക് വന്നിരിക്കുന്ന ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ച് നിങ്ങളുടെ മേലുള്ള ദുരാത്മബാധ മാറിക്കിട്ടാൻ നിങ്ങൾ പ്രാർത്ഥിക്കൂ.

എന്റെ കർത്താവേ, എന്റെ ഹൃദയത്തിൽ ഇന്നിന്ന കാര്യങ്ങൾ സാത്താൻ അവകാശം പറയുന്നുണ്ട് എന്ന് നിങ്ങൾ ക്രിസ്തുവിനോട് പറയണം. എന്റെ ദേഹത്തിൽ ഇന്ന ഭാഗങ്ങൾ പിശാച് കയറിപാർക്കുന്നുണ്ട്, എന്റെ കർത്താവേ, ഈ ദുഷ്ടപ്പിശാചിനെ എന്നിൽ നിന്ന് മാറ്റികളയണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കണം. അപ്പോഴാണ് ദൈവത്തിന്റെ കരുണ നിങ്ങളിലേക്ക് വരുന്നത്. പരിശുദ്ധാത്മാവിന്റെ അത്ഭുത കൃപയും ശക്തിയും നിങ്ങളുടെ ഉള്ളത്തിലേക്ക് കടന്നുവന്ന് സാത്താന്റെ ബന്ധനങ്ങളെയെല്ലാം അഴിച്ച് മാറ്റിത്തരും.

നെയ്യാറിൽ ഒരു തടാകം ഉണ്ട്. ഒരു സ്ത്രീ തടാകത്തിന്റെ അരികിൽ വസ്ത്രം അലക്കിക്കൊണ്ടിരിക്കുകയായിരുന്നു, പെട്ടെന്നാണ്. അയ്യോ! എന്ന് നിലവിളിച്ചു. കാലിൽ ചീങ്കണ്ണി കടിച്ചു. ആ തടാകത്തിൽ ചീങ്കണ്ണി ഉണ്ടായിരുന്നു, ശ്രദ്ധിച്ചില്ല, സൂക്ഷിച്ചില്ല, ഓർത്തില്ല, ആളുകൾ ഓടികൂടിയപ്പോഴേക്കും ചീങ്കണ്ണി ആസ്ത്രീയെ വലിച്ചുകൊണ്ടുപോയികഴിഞ്ഞു, ആ പാവം സ്ത്രീയെ രക്ഷിക്കാൻ കഴിഞ്ഞില്ല.

അനേകരെ ഇന്ന് സാത്താൻ ഇതുപോലെ വലിച്ചുകൊണ്ടുപോകുകയാണ്. നിങ്ങൾ ചിന്തിക്കൂ: ഏതിലെല്ലാമാണ് സാത്താൻ നിങ്ങളെ ബന്ധിച്ചുകൊണ്ടുപോകുന്നത്, നിങ്ങളുടെ വിദ്യാലയത്തിലും ജോലിസ്ഥലത്തും ഏതെല്ലാം വൃത്തികേടാണ് നടക്കുന്നത്! ഇന്ന് ചെറുപ്പക്കാർ അറിഞ്ഞോ അറിയാതെയോ, പ്രേമകുരുക്കുകളിലും, വേണ്ടാത്ത ബന്ധങ്ങളിലും കുടുങ്ങുന്നു. അഴുക്കിലേക്കും, അസാന്മാർഗ്ഗികതയിലേക്കും തിരിയുന്നതു മാതാപിതാക്കൾ അറിയുന്നില്ല, അറിഞ്ഞാലും അവർക്ക് തടയാനോ, തിരുത്താനോ സാധിക്കുന്നില്ല, അനേകം ചെറുപ്പക്കാർ ചില പ്രേമക്കുരുക്കുകളിൽ പെട്ട് നശിച്ചുകൊണ്ടിരിക്കുന്നു, ഒരു ഇണയില്ലെങ്കിൽ അത് ഒരു പോരായ്മയായി കാണുന്ന സമൂഹത്തിലേക്ക് നാം എത്തിചേർന്നിരിക്കുന്നു. ഒരു വിദ്യാർത്ഥിയാണെങ്കിൽ വിദ്യാർത്ഥിനി ഇണയായിട്ട് വേണം, Boy Friend അല്ലെങ്കിൽ Girl Friend ഇല്ലെങ്കിൽ പോരായ്മയായും കഴിവു കേടായും കണക്കാക്കുന്നു. പ്രായമായവർ കേൾക്കുമ്പോൾ അമ്പരന്നുപോകും ഇങ്ങിനെയാണോ ലോകമെന്ന്! പഴയ കാലങ്ങളിൽ ഇങ്ങിനെ ആയിരുന്നില്ലല്ലോ, അന്ന് എന്ത് അച്ചടക്കമായിരുന്നു!

മാന്യ യുവാക്കളെ, ഞാൻ പഴഞ്ചൻ മൂരാച്ചി ആയതുകൊണ്ടല്ല നിങ്ങളുടെ ജീവിതം നശിക്കുന്നതുകൊണ്ടാണ് ഇങ്ങനെ പറഞ്ഞു തരുന്നത്. ഞാൻ 33 വർഷം കോളേജിൽ ജോലിചെയ്തു, ഞാൻ കണ്ടു അനേകം ബുദ്ധിമാന്മാരായ യുവാക്കൾ നശിക്കുന്നത്; സൗന്ദര്യവും ബുദ്ധിയുമുള്ള പെൺകുട്ടികൾ നശിച്ചുപോകുന്നത് ഞാൻ കണ്ടു.

എന്തുകൊണ്ടാണ് നശിച്ചത്? അതിന് കാരണം, അവര് ഇതു പോലെയുള്ള അസാൻമാർഗ്ഗീകമായ വഴികളിലേക്ക് തിരിയുന്നു. മദ്യത്തിലേക്കും കൊള്ളരുതായ്മകളിലേക്കും തിരിയുന്നു, സാത്താൻ അവരെ പാപങ്ങളിൽ കൊണ്ടുപോയി കെട്ടിയിടുന്നു.

സാത്താന്റെ പ്രവൃത്തികൾ അഴിക്കുന്ന ക്രിസ്തുവിനെ നിങ്ങൾക്ക് ക്ഷണിക്കാം, എന്റെ കർത്താവേ, അവിടന്ന് കരുണതോന്നി എന്റെ ജീവിതത്തിലേക്ക് വന്ന് എന്നെ ബന്ധിച്ചിരിക്കുന്ന കെട്ടുകളെ പൊട്ടിച്ചുകളയണമേ എന്ന് പ്രാർത്ഥിക്കാം.

എന്റെ കുടുംബത്തിൽ സാത്താന്റെ വലിയ ബാധയുണ്ടായിരുന്നു, പിശാചിന്റെ ബാധയുണ്ടായിരുന്നു, അത് മരണത്തിന്റെ രൂപത്തിലായിരുന്നു വന്നുകൊണ്ടിരുന്നത്, 5 മരണം തുടരെ തുടരെ നടന്നു എന്റെ വീട്ടിൽ. ഞാൻ ജനിക്കുന്നതിനുമുമ്പ് മൂന്നു കുഞ്ഞുങ്ങൾ മരിച്ചു എന്ന് അമ്മ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. ഞാൻ ജനിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ എന്റെ അപ്പൻ മരിച്ചു, ഞാൻ ജനിച്ച് രണ്ടുവർഷം കഴിഞ്ഞപ്പോൾ എന്റെ ചേട്ടനും മരിച്ചു. അപ്പൻ മരിക്കുമ്പോൾ അപ്പന് 33 വയസ്സ്, ചേട്ടന് 13 വയസ്സും. പ്രിയപ്പെട്ടവരെ, അമ്മ ഇരുന്നു കരയും ഇങ്ങനെ തുടരെ മരണം വന്നു എന്ന്. എനിക്ക് രണ്ട് ജാതകം എന്റെ അപ്പൻ എഴുതിച്ചിരുന്നു. എന്റെ പെങ്ങൾക്കും അമ്മയ്ക്കും ജാതകമുണ്ടായിരുന്നു. എന്നാണ് ദുരിതങ്ങൾ തീരുക, കഷ്ടപ്പാട് തീരുക, കുടുംബത്തിൽ സമാധാനം വരുക എന്നറിയാൻ ഇടയ്ക്ക് ഞാൻ ജാതകം വായിച്ചു നോക്കുമായിരുന്നു.

ഞാൻ മാനസാന്തരപ്പെട്ടശേഷം എന്റെ ജീവിതത്തിൽ ഒരു പുതിയ സൂര്യൻ ഉദിച്ചതുകൊണ്ട് ഗ്രഹനിലകളെല്ലാം മാറിപ്പോയി. ഞാൻ ജാതകമെല്ലാം കത്തിച്ചുകളഞ്ഞു. കൈനോട്ടമുണ്ടായിരുന്നു, മുഖലക്ഷണം നോക്കിയിരുന്നു, എന്നാണീ യാതനകൾ തീരുന്നത് എന്നറിയാനായിരുന്നു. ഒരുദിവസം

നീതിസൂര്യനായ ക്രിസ്തുവന്ന് എന്റെ ഹൃദയത്തിൽ ഉദിച്ചു, ഞാൻ വചനം കേട്ടുകൊണ്ടിരുന്നപ്പോൾ യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക എന്ന്  പറഞ്ഞയുടനെ എന്റെ മേൽ ഉള്ള ബാധകൾ മാറി, എന്റെ കുടുംബത്തിന്മേലുള്ള ബാധകൾ മാറി, സാത്താന്റെ ബന്ധനങ്ങൾ മാറി. എന്റെ കുടുംബത്തിലേക്ക് സ്വസ്ഥതയും സമാധാനവും വന്നു.  ദൈവത്തിന് സമാധാനത്തിന്റെ സ്തുതി കരകേറ്റുവാൻ ഞങ്ങൾക്ക് ഇന്ന് ഭാഗ്യം തരുന്നു.  സാത്താന്റെ  ബാധകൾ അഴിഞ്ഞ് കിട്ടാൻ വേണ്ടി പ്രാർത്ഥിക്കൂ.

ജയം തരുന്ന ക്രിസ്തു സാത്താന്റെ മേൽ ജയം തരും. കർത്താവ് പറഞ്ഞു:

> “പാമ്പുകളെയും തേളുകളെയും, ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു, ഒന്നും നിങ്ങൾക്കൊരിക്കലും ദോഷം വരുത്തുകയും ഇല്ല.”
>
> ലൂക്കോസ്. 10:19

നിങ്ങളെ വലയ്ക്കുന്ന പിശാചിനെ നിങ്ങൾക്ക് കീഴ്പ്പെടുത്താം.  യേശുക്രിസ്തുവിന്റെ പരമ ശക്തിയാൽ നിങ്ങൾക്ക് ശത്രുവിനെ ജയിക്കം.  സാത്താന്റെ മേൽ ജയമെടുക്കം.  യേശുക്രിസ്തുവിന്റെ ക്രൂശിലെ തിരുരക്തത്താൽ പൈശാചിക ശക്തിയെ അകറ്റിക്കളയുവാൻ സാധിക്കും.

“രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തേയും ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയേയും, ഉച്ചയ്ക്ക് സഞ്ചരിക്കുന്ന കാറ്റിനെയും നീ പേടിക്കേണ്ട.” കാരണം നീ അത്യുന്നതന്റെ ചിറകിൻ കീഴിലേക്ക് വന്നിരിക്കുന്നു, അത്യുന്നതന്റെ മറവിൽ നീ വസിക്കുന്നു, സർവ്വശക്തന്റെ നിഴലിൻ നീ പാർക്കുന്നു, അതു മാത്രമേ പോം വഴിയുള്ളൂ. അപ്പോൾ പൈശാചിക ശക്തികൾ മാറിപ്പോകും. യേശു വസിക്കുന്നിടത്ത് സാത്താന് എത്തിനോക്കാൻ സാധ്യമല്ല. അത്യുന്നതന്റെ

മറവിലേക്ക് വരുമ്പോൾ ഈ ബാധകൾ മാറിപ്പോകും.

ഒരു കുട്ടി പറഞ്ഞതാണ് സാറേ: എനിക്ക് ഉറങ്ങാൻ പേടിയാവുന്നു, വൈകുന്നേരം ആകുമ്പോൾ പേടി ആവും, ആരോ രാത്രി വന്ന് എന്റെ മൂക്കും വായും പൊത്തിപ്പിടിക്കും. എനിക്ക് ശ്വാസം എടുക്കാൻ പറ്റുകയില്ല, ആരോ വന്ന് എന്റെ കട്ടിലിൽ നിന്ന് എടുത്ത് മുകളിലേക്ക് എറിയും. ഞാൻ ഉറക്കെ കരയും, അപ്പോൾ അമ്മ ചോദിക്കും എന്തുപറ്റി എന്ന്, ചിലപ്പോൾ ആരും അറിയാതെ ഞാൻ വാതിൽ തുറന്ന് പുറത്ത് പോകും. മുറ്റത്തുകൂടെ നടക്കും, എന്നിട്ട് വന്ന് വാതിൽ അടച്ച് കുറ്റിയിട്ട് കിടക്കും. ഒരു ദിവസം അമ്മ കണ്ടുപിടിച്ചു. ആരോ വന്നു വലിച്ചുകൊണ്ടുപോകുകയാണ്, സാറേ ഈ ബാധയിൽ നിന്ന് എനിക്ക് മോചനം കിട്ടുമോ?

നിങ്ങൾക്ക് ഇതെല്ലാം പുതുമയാണോ. ഏതെല്ലാം ബാധകളാണ് കരുണയുള്ള കർത്താവിന്റെ കൃപയാൽ ഈ കൂട്ടായ്മയിൽ വന്ന് വചനം കേട്ട് സ്വീകരിച്ചതുമൂലം മാറിക്കിട്ടിയത്! സഹോദരങ്ങളെ, ജീവന്റെ വചനം കേട്ടതുമൂലം, എത്രയോ പേർക്കാണ് ബാധകൾ മാറിക്കിട്ടിയത്, എത്രയോ കുടുംബങ്ങളാണ് സുഖവും സമാധാനവുമായി ജീവിക്കുന്നത്. പകലത്തെയും രാത്രിയിലെയും എല്ലാം ഭയവും മാറിക്കിട്ടുന്നു. ഭയത്തിന്റെ ബാധ മാറ്റിത്തരും. കരുണയുള്ള കർത്താവ് നിങ്ങളുടെ ഹൃദയത്തിൽ വരുമ്പോൾ പേടിയില്ല. പ്രിയപ്പെട്ടവരെ, അപ്പോൾ നിങ്ങൾ പറഞ്ഞുപോകും, 27-ാം സങ്കീർത്തനം ഒന്നാം വാക്യം.

> “യഹോവ എന്റെ വെളിച്ചവും എന്റെ രക്ഷയും ആകുന്നു, ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ബലം, ഞാൻ ആരെ പേടിക്കും? എന്റെ വൈരികളും ശത്രുക്കളുമായ ദുഷ്കർമ്മികൾ എന്റെ മാംസം തിന്നുവാൻ എന്നോട് അടുക്കുമ്പോൾ ഇടറി വീഴും. ഒരു സൈന്യം എന്റെ നേരെ പാളയം

> ഇറങ്ങിയാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല, എനിക്ക് യുദ്ധം നേരിട്ടാലും ഞാൻ നിർഭയമായിരിക്കും."
>
> സങ്കീർത്തനം 27:1-3

> "ആകയാൽ കർത്താവ് എനിക്ക് തുണ; ഞാൻ പേടിക്കുകയില്ല. മനുഷ്യൻ എന്നോട് എന്ത് ചെയ്യും"
>
> എബ്രാ. 13:6

എബ്രായ ലേഖനം പതിമൂന്നാം അദ്ധ്യായത്തിൽ കാണുന്നു. സഹോദരങ്ങളെ, സാത്താന്റെ ബന്ധനം അഴിപ്പാൻ ദൈവപുത്രൻ പ്രത്യക്ഷനായി. യേശുക്രിസ്തു പിശാചിന്റെ ബന്ധനമെല്ലാം അഴിച്ചുതരും.

> "ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്ത് നിൽപാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്ക് പോരാട്ടമുള്ളത്, ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും, അധികാരങ്ങളോടും, ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും, സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ."
>
> എഫെസ്യർ. 6:10-12

വീട്ടിൽ ഭാര്യയും ഭർത്താവും പോരടിക്കുന്നു, മനുഷ്യരോടല്ല യുദ്ധം പിശാചിന്റെ കെണിയാണ് സാത്താന്റെ ബാധയാണ്. അപ്പനും മക്കളും തമ്മിൽ ഇഷ്ടകേടു വരുന്നു, അത് സാത്താന്റെ ബാധയാണ്. അനേകം കുടുംബങ്ങൾ തകരുന്നതിന് കാരണം സാത്താന്റെ ബാധയാണ്, പിശാചിന്റെ പ്രവൃത്തികളാണ്.

നമുക്ക് യുദ്ധമുള്ളത് ദുരാത്മാക്കളോടാണ്. ഏതോ സർപ്പ

ക്കാവിലോ, പ്രത്യേക സ്ഥലത്തോ ആണ് പിശാച് ഇരിക്കുന്നതെന്ന് ചിന്തിക്കുന്നവരുണ്ട്. എവിടെയിരുന്നാലും സാത്താന്റെ അക്രമണം വരാം. പാപത്തെ വെറുത്തുപേക്ഷിച്ചാൽ ജീവനുള്ള ദൈവത്തിന് തന്റെ ജനത്തെ രക്ഷിക്കാൻ കഴിയും.

"യുദ്ധം യഹോവയ്ക്ക് ഉള്ളത്."

1 ശമുവേൽ 17:47

പിശാചിനോടുള്ള പോരാട്ടത്തിൽ ജയിക്കണമെങ്കിൽ സർവ്വായുധവർഗ്ഗം ധരിച്ചു കൊള്ളണം: "സത്യം അരയ്ക്കു കെട്ടിയും, നീതിയെന്ന കവചം ധരിച്ചും സമാധാന സുവിശേഷത്തിനായുള്ള ഒരുക്കം കാലിന് ചെരിപ്പ് ആക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീ അമ്പുകളെ ഒക്കെയും കെടുക്കാൻ തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നിൽപിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ.

വചനം നിന്റെ ജീവിതത്തിൽ ഉണ്ടായിരിക്കണം. കൈയ്യിൽ വേദപുസ്തകം ഉണ്ടായാൽ പോരാ. ഹൃദയത്തിൽ വചനം ഉണ്ടായിരിക്കണം. വചനത്തിൽ നല്ല ആഴം ഉണ്ടായിരിക്കണം. വചനത്തിൽ വിശ്വാസവും ആശ്രയവും വേണം. ആത്മാവിന്റെ വാൾ കൊണ്ട് പിശാചിനെ വെട്ടുവാൻ കഴിയണം. സാത്താനെ വെട്ടുവാനുള്ള ആയുധം വചനമാണ്. സർവ്വായുധ വർഗ്ഗം ധരിച്ചുകൊള്ളുവിൻ, സാത്താനോട് പോരാടുവിൻ. യാക്കോബ്ശ്ലീഹ പറയും:

"പിശാചിനോട് എതിർത്തു നിൽപിൻ, എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും, ദൈവത്തോട് അടുത്തുചെല്ലുവിൻ, അവൻ നിങ്ങളോട് അടുത്തുവരും."

യാക്കോബ് 4:7-8

സാത്താനോട് എതിർത്ത് നിൽക്കണം. നിങ്ങൾ സംശ

യിക്കണ്ട നിങ്ങളുടെ ജീവിതത്തിൽ പാപത്തിന്റെ പോരാട്ട ങ്ങൾ വരും. സാത്താന്റെ ബാധവരുമ്പോൾ നാം ചെയ്യുന്ന യുദ്ധം വിശ്വാസത്തിന്റെ പോരാട്ടമാണ്. നല്ലപോരാട്ടം പോരാ ടുക. അപ്പോൾ നമുക്ക് ജയിക്കാൻ സാധിക്കും.

"ജീവകരം, മൃതികരമെന്നേവം
കണ്ടിരുസരണികൾ സഹദേന്മാർ
നൂതനമാം ജീവിത മാർജ്ജിപ്പാൻ
ദുർഘടമാർഗ്ഗം കാംക്ഷിച്ചാർ
ദുഷ്ടാത്മാവൊടു പടവെട്ടി
ജയമോടേറിപ്പറയുന്നു
ആവശ്യക്കാർക്കാശ്രയവും
ഭക്തന്മാർക്കനുഗാമിയുമാം
കർത്താവിൻ നാമം ധന്യം."

ദുഷ്ടാത്മക്കളോട് പടവെട്ടണം, ജീവന്റെ വഴിയും മര ണത്തിന്റെ വഴിയും എന്ന് രണ്ട് വഴിയുണ്ട്. അതിൽ ജീവന്റെ വഴിയിൽ കൂടിപോകുന്നവർ ചുരുക്കപേർ മാത്രം, ജീവന്റെ വഴി ചെന്നുചേരുന്നത് നിത്യ സ്വർഗ്ഗത്തിലാണ്. നാശത്തിന്റെ വഴി, മരണത്തിന്റെ വഴി. അത് ചെന്നുചേരുന്നത് നരകത്തി ലാണ്. അതിൽ കൂടി ധാരാളം പേർ പോകുന്നുണ്ട്. സ്വർഗ്ഗ ത്തിലേക്കുള്ള വഴി ഇടുങ്ങിയ വഴിയാണ്, അത് ദുർഘടമാണ്, എന്നാൽ സഹദേന്മാർ ആ വഴി മതിയെന്ന് തീരുമാനിച്ചു.

അങ്ങനെ അവർ ആ നൂതനമാർഗ്ഗത്തിൽ കൂടി പോയ പ്പോഴാണ് പ്രശ്നം. യുദ്ധം വേണ്ടിവന്നു, ദുഷ്ടാത്മാക്കളോ ടും, ഭൂതാത്മാക്കളോടും യുദ്ധം ചെയ്യേണ്ടി വന്നു, വിശുദ്ധരെ സഹായിക്കാൻ ക്രിസ്തു ഉണ്ട്. ക്രിസ്തു അവരെ സഹായി ച്ചു, അവർ ജയം എടുത്തു, വിജയശ്രീ ലാളിതരായി അവര് കയറിനിന്നിട്ട് പിന്നാലെ വരുന്നവരോട് ജയിച്ച് പറഞ്ഞു: ആവ ശ്യക്കാരാണ് വരുന്നതെങ്കിൽ നിങ്ങൾക്കും ജയം കിട്ടും. ഞങ്ങൾ ജയം നേടിയത് കണ്ടില്ലേ, നിങ്ങൾക്കും ജയിക്കാം

എന്ന് പറഞ്ഞ് അവർ അവരെ പ്രോത്സാഹിപ്പിക്കുന്നു.

> "മക്കൾ ജഡരക്തങ്ങളോട് കൂടിയവർ ആക കൊണ്ട് അവനും അവരെപ്പോലെ ജഡരക്തങ്ങളോടു കൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു."
>
> എബ്രാ 2:14

മരണത്തിന്റെ അധികാരിയായ പിശാചിനെ ജീവനായകനായ ക്രിസ്തു തോൽപ്പിച്ചു, അങ്ങനെ നമുക്ക് മോചനം തന്നു.

## നാല്

ഒന്ന് : പാപത്തിൻ മേൽ ജയം.

രണ്ട് : രോഗത്തിൻ മേൽ ജയം.

മൂന്ന് : സാത്താന്റെ മേൽ ജയം.

നാല് : ലോകത്തിന്റെ മേൽ ജയം

> "ദൈവത്തിൽ നിന്ന് ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു, ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നെ".
>
> 1 യോഹ. 5:4

എന്താണ് ഈ ലോകം? ഈ ലോകത്ത് ജീവിക്കുമ്പോൾ കൃഷിചെയ്യണ്ടേ, വീടുപണിയണ്ടേ, വരുമാനം ഉണ്ടാക്കണ്ടേ, ഇതൊന്നും വേണ്ടെന്നല്ല, തിരുവചനം എന്തു പറയുന്നു?

"ലോകസ്നേഹം ദൈവത്തോട് ശത്രുത്വം

ആകുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രു ആയിത്തീരുന്നു."

യാക്കോബ് 4:4

ഈ ലോകത്തിലുള്ളതെല്ലാം മായയാണ്. സഭാപ്രസംഗി പറയുന്നു: സകലവും മായയെന്ന്. കിളിവാതിലുകളിൽ കൂടി നോക്കുന്നവരെല്ലാം അന്ധരാകും. ഏതാണ് കിളിവാതിൽ? കണ്ണുകൾ. നമ്മുടെ കണ്ണിന്റെ കാഴ്ച ഇല്ലാതാകുന്ന ഒരു കാലം വരും. കണ്ണ് അടഞ്ഞ് പോകും, നമ്മുടെ ഹാർട്ട് പമ്പ് ചെയ്തു കൊണ്ടിരിക്കയാണ്, ആ പമ്പിംഗ് നിന്നുപോകും, അരയ്ക്കുന്നവർ മന്ദമാകും, എന്താണ് അരയ്ക്കുന്നത്? പല്ല് കൊഴിഞ്ഞുപോകും. നമ്മുടെ ഈ ശരീരത്തിന്റെ ഓജസ്സും തേജസ്സും പോകും.

ലോകത്തിലുള്ളതെല്ലാം മായയാണ്, എല്ലാം പോകും, നാം ഇന്ന് കെട്ടിപ്പിടിച്ചുകൊണ്ടിരിക്കുന്ന പണവും നമ്മുടെ സമ്പത്തും സൗകര്യങ്ങളും എല്ലാം വിട്ട് നാം ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെടും.

ഒരു ചിന്തകൻ ഉണ്ടായിരുന്നു, "തോമസ് പെയിൻ" ഈ അദ്ദേഹം നിരീശ്വരനായിരുന്നു. അദ്ദേഹം എഴുതിയ പുസ്തകമാണ് "Age of Reasoning.'' നിരീശ്വര ചിന്താഗതിയെ പ്രഖ്യാപിക്കുന്ന പുസ്തകമാണത്. അദ്ദേഹം വേദപുസ്തകത്തെ എതിർത്തു.

എന്നാൽ അദ്ദേഹം മരണത്തോട് അടുത്തു കിടക്കുമ്പോൾ കരയാൻ തുടങ്ങി. "അയ്യോ കഷ്ടം, എന്റെ പുസ്തകം മുഴുവൻ ചുട്ടുകരിച്ചുകളയാമോ, ഞാൻ എഴുതിയ പുസ്തകം മുഴുവൻ തീയ്ക്ക് ഇരയാക്കാമോ, എനിക്ക് സമാധാനം ഇല്ല, ഞാൻ മരണത്തോട് അടുക്കുന്നു, ഞാൻ ഏറ്റവും വലിയ ദോഷമാണ് വിതച്ചത്, അനേകരെ ഞാൻ വഴിതെറ്റിച്ചു, ഇനിയാരും ആ പുസ്തകം വായിച്ച് നശിക്കരുത്."

അദ്ദേഹം അതിവേദനയോടെ സ്വസ്ഥതയില്ലാതെ കടന്നു പോയി.

തോമസ് ഹോപ്സ് എന്ന ഒരാളുണ്ട്. അദ്ദേഹം ആരോഗ്യമുള്ളകാലത്ത് ദൈവമില്ല എന്ന് പറഞ്ഞയാളാണ്. വേദപുസ്തകത്തെ എതിർത്ത ആളാണ്. അദ്ദേഹം പറയുകയാണ്. "അയ്യോ, എനിക്ക് കടന്നുപോകാൻ കഴിയുന്നില്ലല്ലോ,"

അടുത്തു നിന്നവർ ചോദിച്ചു എന്താണ് കാരണം?

അദ്ദേഹം പറഞ്ഞു: "വഴി വളരെ ഇടുക്കം, കടക്കാൻ നോക്കിയിട്ട് സാധിക്കുന്നില്ല." എന്താണ് പറയുന്നതെന്ന് അവർക്ക് മനസ്സിലായില്ല. അദ്ദേഹം അവസാനം പറഞ്ഞത് : "അയ്യോ, ഞാൻ നഷ്ടപ്പെട്ടുപോയി." അദ്ദേഹം നിരാശയോടെ കടന്നുപോയി.

വോൾട്ടയറെക്കുറിച്ച് കേട്ടിട്ടുണ്ടോ? ലോകത്തിൽ പ്രസിദ്ധനായിരുന്നു, പേരും പ്രശസ്തിയും ആർജ്ജിച്ചവനായിരുന്നു, ധാരാളം പുസ്തകം എഴുതിയ ആളായിരുന്നു, തത്ത്വജ്ഞാനിയായിരുന്നു, വേദപുസ്തകത്തെ എതിർത്തു, ദൈവവിശ്വാസത്തെയും വചനത്തെയും എതിർത്തു, മരണത്തോട് അടുത്തപ്പോൾ അദ്ദേഹം ആക്രോശിക്കാൻ തുടങ്ങി.

ഡോക്ടറോട് ചോദിച്ചു: "ഡോക്ടറേ എനിക്ക് ആറു മാസം ആയുസ്സ് നീട്ടിക്കിട്ടുമോ? "

"അത് എന്തിനാണ്?"

"ഡോക്ടറേ, ഞാൻ പറഞ്ഞതെല്ലാം തെറ്റിപ്പോയി, ഞാൻ ദൈവമില്ലെന്ന് പറഞ്ഞുപോയി, ഞാൻ വേദപുസ്തകം സത്യം അല്ലെന്ന് പറഞ്ഞുപോയി, എനിക്ക് സമാധാനം ഇല്ല, ഞാൻ പറഞ്ഞതെല്ലാം തെറ്റാണെന്ന് എല്ലായിടത്തും ഓടിനടന്ന് പറയാൻ എനിക്ക് ആറുമാസം ആയുസ്സ് തരുമോ?"

ഡോക്ടർ പറഞ്ഞു: "നിങ്ങൾക്ക് ആറു ആഴ്ചപോലും

ആയുസ്സ് ഇല്ലെന്ന് മെഡിക്കൽ സയൻസ് പറയുന്നു.”

അദ്ദേഹം വളരെ നിരാശനായി കരഞ്ഞുകൊണ്ട് സുഹൃത്തുക്കളോട് പറഞ്ഞു: ഒരു ക്രിസ്തുവിശ്വാസിയെ വിളിച്ചുകൊണ്ടുവരാമോ എനിക്ക് വേണ്ടി പ്രാർത്ഥിക്കാൻ.

അവർ പറഞ്ഞു: “നമ്മൾ പറഞ്ഞതെല്ലാം ക്രിസ്തുവിനെ എതിർത്തല്ലേ, ഇനി ക്രിസ്തുവിശ്വാസിയെ വിളിച്ചുകൊണ്ടുവരാൻ പറഞ്ഞാൽ, നമ്മൾ പറഞ്ഞ് വച്ചതെല്ലാം തെറ്റാണെന്ന് വരികയില്ലേ.?”

“അയ്യോ! നിങ്ങൾ വേഗം പോകൂ. ഏതെങ്കിലും ഒരു ക്രിസ്തുഭക്തനെ വിളിച്ചുകൊണ്ടുവരൂ. എനിക്ക് വേണ്ടി പ്രാർത്ഥിക്കാനാണ്.”

പക്ഷെ, ആരും പോയില്ല. അദ്ദേഹം പറഞ്ഞു: “ദൈവം എന്നെ ഉപേക്ഷിച്ചു നിങ്ങളും എന്നെ ഉപേക്ഷിച്ചോ.”

പിന്നെയും മൂളാനും ഞരങ്ങാനും ആക്രോശിക്കാനും തുടങ്ങി. വോൾട്ടയറിന്റെ കഠിനവേദന കണ്ടിട്ട്, വോൾട്ടയറിനെ ശുശ്രൂഷിച്ച സിസ്റ്റർ പറയുകയാണ്: “എന്റെ ആയുസ്സിൽ ഫ്രാൻസിലെ സ്വത്ത് മുഴുവൻ തന്നാലും ഒരു നിരീശ്വരനെ മരണക്കിടക്കയിൽ ശുശ്രൂഷിക്കുകയില്ല. എനിക്ക് കാണാൻ വയ്യ ഈ ദുരിതം. ഈ വേദന എനിക്ക് കാണാൻ വയ്യ, ഈ നിരാശ എനിക്ക് കാണാൻ വയ്യ.”

വോൾട്ടയർ മരണത്തോട് അടുത്തു, മരിക്കാറായി കിടക്കുകയാണ്. വോൾട്ടയർ അടുത്തു നിൽക്കുന്നവരെല്ലാവരെയും നോക്കി കണ്ണു അടച്ചു വിതുമ്പികരയാൻ തുടങ്ങി. അദ്ദേഹം പറയുകയാണ്: “അയ്യോ ഞാൻ താണു താണു പോകുകയാണല്ലോ, നരകതീയിലേക്ക് ഞാൻ താണുപോകുന്നു. ഈ നരകത്തിൽ നിന്ന് എന്നെ രക്ഷിക്കാൻ ആർക്ക് കഴിയും?”

ദൈവപൈതലേ, ഈ ലോകം മായയാണ്, ഇവിടെ

ഇപ്പോൾ പ്രശസ്തിയും പ്രതാപവും ഉണ്ട്, ആരോഗ്യവും സമ്പത്തും, സ്നേഹിതരും കൂട്ടാളികളും ഉണ്ട്. ഇപ്പോൾ നിനക്ക് താങ്ങാൻ ആളുണ്ട്, പലതും ഈ ലോകത്തിൽ നിനക്ക് ഉണ്ട്, ഇന്ന് നിനക്ക് ഓടിനടക്കാം, ഒരുചിന്തയുമി ല്ലാതെ ജീവിക്കാം. എന്നാൽ ഇതെല്ലാം മാറിപ്പോകുന്ന ഒരു ദിവസം ഉണ്ട്. നിത്യതയെ നേരിടുന്ന ഒരു ദിവസം ഉണ്ട്, ലോകം മാറിപ്പോകും, എല്ലാം മാറി നിത്യതയുടെ തീരത്തി ലേക്ക് എത്തുമ്പോഴാണ് അറിയുന്നത് അയ്യോ നേടേണ്ടത് നേടിയില്ലല്ലോ എന്ന്.

സങ്കൽപ്പിക്കൂ: നിങ്ങളുടെ അടുത്തുള്ള ഒരു നഗരത്തിൽ ഒരു വലിയ മനുഷ്യൻ വരുന്നു, അയാൾ അത്ഭുതകരമായ ഒരു വലിയ കാര്യം ചെയ്യാനാണ് വരുന്നത്. അവിടെ ആരെല്ലാം വരുന്നുവോ അവർക്കെല്ലാം ഓരോ സ്വർണ്ണനാ ണയം വെറുതെ കൊടുക്കും. ഒരു സാധാരണക്കാരൻ വരുന്നു എന്ന് പറഞ്ഞാൽ ആളുകൾ ഓടികൂടുകയില്ല, പക്ഷേ അദ്ദേഹം പറയുകയാണ് വരുന്നവർക്കെല്ലാം സൗജന്യമായി ഒരോ പവൻ കൊടുക്കും.

ആ പ്രദേശങ്ങളിലെല്ലാം പ്രസിദ്ധമാക്കി. ജനമെല്ലാം ആർത്ത് ഇരമ്പിവരും, കാരണം ഒരു പൈസയും കൊടുക്കാതെ ഒരു പവൻ കിട്ടുന്നു. ആദ്യം കുറച്ചുപേർ വന്നു, അവർക്കെല്ലാം ഓരോ പവൻ കിട്ടി. ഇത് കൊള്ളാമല്ലോ, അവർ ഇത് നാടായ നാടെല്ലാം അറിയിക്കുന്നു.

നാളെയും സ്വർണ്ണ നാണയം വിതരണം ചെയ്യും, അവിടെ ചെല്ലുന്നവർക്കെല്ലാം കിട്ടും. അത് കേൾക്കുന്നവർ എല്ലാവരും പിറ്റേന്ന് വരില്ലേ, ആളുകൾ ഓടികൂടാൻ തുട ങ്ങും. ആരെങ്കിലും തടഞ്ഞാൽ അവർ വരാതെ ഇരിക്കു മോ, ആരെങ്കിലും മുടക്കിയാൽ വരാതെ ഇരിക്കുമോ, ആരെ ങ്കിലും ഇങ്ങോട്ട് വരണ്ടാ എന്നു പറഞ്ഞാലും നിങ്ങൾ പോരാതെ ഇരിക്കുമോ, നിങ്ങൾ അങ്ങോട്ട് പോയാൽ ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാകും എന്ന് പറഞ്ഞാൽ നിങ്ങൾ പോകാതി

രിക്കുമോ, നിങ്ങൾ പോരാതിരിക്കില്ല. കാരണം സൗജന്യ മായി സ്വർണ്ണനാണയം കിട്ടുന്നു, നിസ്സാരമല്ലല്ലോ സ്വർണ്ണ നാണയം.

ഈ ലോകം മായയാണ്, ഇവിടത്തെ സമ്പത്ത് മായയാ ണ്, ഇവിടെയുള്ളതെല്ലാം മായയാണ്.

വചനം സ്വർഗ്ഗമാണ്, വചനം സ്വർഗ്ഗരാജ്യത്തിലെ നിത്യ ജീവനാണ്, വചനം സൗജന്യമായിട്ടാണ് തരുന്നത്. അതു കൊണ്ടാണ് അനേകരെ ക്ഷണിക്കുന്നത്. നിങ്ങൾ ഈ വചനം കേൾക്കുന്നത് വിലക്കുന്നവർ നിങ്ങളുടെ സൗഭാഗ്യത്തെ തട യുന്നവരാണ്. നിങ്ങൾക്കുള്ള നിത്യ സ്വർഗ്ഗീയ സൗഭാഗ്യത്തെ തടയുന്നവരാണ്.

നിങ്ങൾ വിശ്വസിക്കൂ: ജീവന്റെ വചനത്തിനരികിലേക്ക് പോകല്ലേ, പോകല്ലേ, എന്നു പറയുന്നവർ പിശാചിന്റെ പിണി യാളുകളാണ്, സാത്താന്റെ ഏജന്റുമാരാണ്. സാത്താന് സഹി ക്കുന്നില്ല നിങ്ങൾ നിത്യജീവൻ പ്രാപിക്കുന്നത്.

ആരെല്ലാം സ്വർഗ്ഗ രാജ്യത്തിൽ പോകുന്നുവോ അത് തട യുക എന്നതാണ് സാത്താന്റെ തന്ത്രം. ആരെല്ലാം ദൈവരാ ജ്യത്തിൽ എത്തുന്നുവോ അതെല്ലാം തടയുകയാണ് സാത്താ ന്റെ തന്ത്രം. ലോകത്തിലെ ധനമല്ല നമുക്ക് കിട്ടുന്നത്, ലോക ത്തിലെ സ്വർണ്ണനാണയമല്ല, പ്രതാപവുമല്ല കിട്ടുന്നത്, നമുക്ക് കിട്ടുന്നത് സ്വർഗ്ഗരാജ്യമാണ്, നിത്യ ജീവനാണ്. യേശുക്രിസ്തു വിനെയാണ് നമുക്ക് കിട്ടുന്നത്.

എന്തിലെല്ലാമാണ് നിങ്ങൾക്ക് ജയം വേണ്ടത്? ലോക ത്തിൻ മേൽ ജയം വേണമോ? പാപത്തിൻ മേൽ ജയം വേണ മോ? രോഗത്തിൻ മേൽ ജയം വേണമോ? സാത്താന്റെ മേൽ ജയം വേണമോ? നിങ്ങൾക്ക് ജയം തരാൻ യേശു വന്നിരി ക്കുകയാണ്.

ഞാൻ ഒന്നുകൂടെ പറഞ്ഞുകൊള്ളട്ടെ, ഞാൻ നേരത്തെ ഒരു പുസ്തകം എഴുതിയിട്ടുണ്ട്. അത് “ജയ ജീവിതം” എന്ന

പുസ്തകമാണ്. അത് ദയവു ചെയ്ത് നിങ്ങൾ വായിക്കാമോ? നിങ്ങൾ ആകുന്നിടത്തോളം ആ പുസ്തകം വാങ്ങി വായിച്ചു നോക്കണം. അതിൽ ജയജീവിതം എങ്ങിനെയാണെന്ന് വിശദമായിട്ട് പറഞ്ഞിട്ടുണ്ട്. ജയം നേടാൻ എന്തെല്ലാം ചെയ്യണമെന്ന്, ഇതുവരെ തോറ്റവർക്ക് എന്തെല്ലാം കിട്ടുമെന്ന്, എല്ലാം വിവരിച്ചിട്ടുണ്ട്.

പലരും ഈ ഭൂമിയിൽ നിന്ന് പെട്ടെന്ന് മാറ്റപ്പെട്ടുപോകുന്നു, നാം കാണുന്നു, നമ്മുടെ പ്രിയപ്പെട്ടവർ മാറിപ്പോകുന്നു എന്റെ അമ്മ പറഞ്ഞ് കേട്ടിട്ടുണ്ട്, എന്റെ അപ്പൻ മരിക്കുമ്പോൾ ഞാൻ കട്ടിലിൽ പിടിച്ച് നടക്കുമായിരുന്നുവെന്ന്. ഒരുവയസ്സും പതിനൊന്ന് ദിവസവും പ്രായമേ എനിക്ക് അന്നുള്ളൂ. പിടിച്ചുനടക്കുമായിരുന്നു. അമ്മ ഏങ്ങലടിച്ചുകൊണ്ട് പറയും. ‘അപ്പാ’ ‘അപ്പാ’ എന്ന് വിളിച്ചുകൊണ്ട് ഞാൻ കട്ടിലിന് ചുറ്റും നടന്നിരുന്നുവെന്ന്. അതെല്ലാം ഞാൻ കൗതുകത്തോടെ ഇരുന്ന് കേട്ടിട്ടുണ്ട്, ഞാൻ പ്രായമായി വന്നപ്പോൾ അമ്മ ഇതെല്ലാം പറയുന്നത് ഞാനും കണ്ണുനീരോടെ കേട്ടിട്ടുണ്ട്.

‘അപ്പാ’ ‘അപ്പാ’ എന്നു വിളിച്ചുകൊണ്ട് കട്ടിലിനുചുറ്റും നടന്നിരുന്നത്. അപ്പൻ ഉറങ്ങികിടക്കുകയാണെന്ന് ധരിച്ചായിരുന്നു. അപ്പൻ ഉറങ്ങിക്കിടക്കുമ്പോൾ എന്നെ ചേർത്ത് കിടത്താറുണ്ട്, അപ്പന് എന്നെ വലിയ വാത്സല്യമായിരുന്നു, അന്ന് അപ്പൻ കിടക്കുമ്പോൾ എന്തുകൊണ്ടാണ് എന്നെ വിളിച്ചുകിടത്താത്തതെന്ന് മനസ്സിലാകുന്നില്ല. അതുകൊണ്ടാണ് ഞാൻ ‘അപ്പാ’ ‘അപ്പാ’ എന്നു വിളിച്ചു നടന്നതെന്ന്. എന്നാൽ എന്റെ അമ്മ പറഞ്ഞു അന്ന് വിളിച്ചുകൊണ്ടു നടന്നത് അപ്പൻ കേട്ടില്ല, എന്നാൽ സ്വർഗ്ഗത്തിലെ അപ്പൻ അത് കേട്ടു.

ഇന്ന് കാണുന്ന മനുഷ്യനെ നാളെ കാണുന്നില്ല. ഇവിടെ നാം സ്വസ്ഥതയോടെ, സമാധാനത്തോടെ ഇരിക്കുന്നു, ലോകത്തിൽ വിവിധ പ്രദേശങ്ങളിൽ പ്രകൃതിക്ഷോഭങ്ങൾ! വീണ്ടും

അഗ്നിപർവ്വത സ്ഫോടനം!

നമ്മുടെ കേരളവും വ്യത്യസ്തമാണെന്ന് വിചാരിക്കുന്നുണ്ടോ? രണ്ടുവർഷം മുമ്പ് ഇവിടെ മധ്യകേരളവും തെക്കൻ കേരളവും ചിക്കൻ ഗുനിയായുടെ കീഴിൽ അമർന്നുപോയത് നിങ്ങൾ അറിഞ്ഞില്ലേ, ഡെങ്കിപ്പനി മുതലായ പലതരത്തിലുള്ള രോഗങ്ങൾ വേറെയും നാം കണ്ടതാണ്. മനുഷ്യ ജിവൻ ഇത്രയ്ക്കേ ഉള്ളൂ. ലോകം മായയാണ്. ഞാൻ ദൈവത്തെ വിളിക്കുന്നതിന് ഒരു കാരണം ഇതാണ്. എന്റെ ജീവിതത്തിൽ ഇതെല്ലാം മായയാണെന്ന് മനസ്സിലാക്കാൻ എനിക്ക് സാധിച്ചു. എന്തെല്ലാം ഉണ്ടെങ്കിലും ഇതെല്ലാം വിട്ടുപോകാൻ അധികം നേരമൊന്നും വേണ്ടയെന്ന് എനിക്ക് നല്ലതുപോലെ മനസ്സിലായി.

> "ലോകവും അതിന്റെ മോഹവും ഒഴിഞ്ഞ് പോകുന്നു, ദൈവ ഇഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു."
>
> 1 യോഹ. 2:27

> "നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു, അവിടെനിന്ന് നമ്മുടെ കർത്താവായ യേശു ക്രിസ്തു രക്ഷിതാവായി വരുമെന്ന് നാം കാത്തിരിക്കുന്നു. അവൻ സകലവും കീഴ്പ്പെടുത്താൻ കഴിയുന്ന തന്റെ വ്യാപരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും."
>
> ഫിലി. 3:20-21

ഇത് താഴ്ചയും ക്ഷീണവും രോഗവുമുള്ള ശരീരമാണ്, എന്നാൽ നമ്മുടെ കർത്താവായ ദൈവം നമ്മുടെ പേര് സ്വർഗ്ഗത്തിലെ രജിസ്റ്ററിൽ ചേർക്കുകയാണ്. നമ്മുടെ പേര് ജീവന്റെ പുസ്തകത്തിൽ എഴുതിക്കിട്ടുകയാണ് സ്വർഗ്ഗത്തിലെ

പൗരത്വം കിട്ടുകയാണ്  കർത്താവായ യേശുക്രിസ്തുവിന്റെ ജീവന്റെ രക്തത്താൽ നമ്മുടെ കഴിഞ്ഞകാല പാപങ്ങളെല്ലാം കഴുകികളയുകയാണ്.

ഭൂമിയിൽ നാം ജീവിക്കുന്നു, പക്ഷേ പൗരത്വം സ്വർഗ്ഗത്തിൽ ആകുന്നു. ഇനി എന്താണ് സംഭവിക്കാൻ പോകുന്നത്? അവിടെനിന്ന് എന്നെ കാത്തിരിക്കുന്ന കർത്താവായ യേശു രക്ഷിതാവായി വീണ്ടും വരും.  അവൻ സകലത്തെയും കീഴ്പെടുത്തുന്ന വ്യാപാരശക്തികൊണ്ട്, നമ്മെ രൂപാന്തരപ്പെടുത്തും.  നാം ആള് മാറും ഇപ്പോഴത്തെ ഈ ജഡമല്ല മാംസവും രക്തവും ഉള്ള ശരീരമല്ല പക്ഷേ മുഖവും ഛായയും അങ്ങനെ തന്നെ ഇരിക്കും.

ആർക്കാണ്  ഈ രൂപാന്തരം കിട്ടുന്നത്? വിശുദ്ധൻമാർക്ക് മാത്രമേ ഇതു കിട്ടുകയുള്ളൂ. ജീവന്റെ പുസ്തകത്തിൽ പേര് എഴുതിയിട്ടുള്ളവർക്ക് മാത്രമേ ഇത് കിട്ടുകയുള്ളൂ. യേശു വരുമ്പോൾ വിശുദ്ധന്മാർ മാത്രമേ രൂപാന്തരം പ്രാപിക്കുകയുള്ളൂ.

“നയവാന്മാർ തൻ മുൻകൊമ്പിൻ നാദം കേട്ടിട്ട് അങ്കിയണിഞ്ഞ് എതിരേൽപ്പാൻ പോയീടുന്നു.” എന്ന് പിതാക്കന്മാർ പാടിയില്ലേ? നീതിമാൻ മാത്രമേ, അങ്കിയണിഞ്ഞ് എതിരേൽപാൻ പോകുകയുള്ളൂ. മരിച്ച വിശുദ്ധന്മാർ ഉയർത്തെഴുന്നേൽക്കും. ജീവനോടിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടും.  അങ്ങിനെ നാം ഒരു പുതിയ  ആത്മശരീരം പ്രാപിക്കും. യേശു വീണ്ടും വരും. അന്ന് നമുക്ക് കർത്താവിന്റെ സന്നിധിയിലേക്ക് പറക്കാം.

ജീവന്റെ പുസ്തകത്തിൽ പേര് എഴുതിക്കിട്ടിയാൽ കർത്താവായ യേശു വീണ്ടും വരുമ്പോൾ അവന്റ സന്നിധിയിലേക്ക് പറന്നുയരാം.  പുതിയ ശരീരം കിട്ടും, അവൻ സകലത്തെയും കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും.

പുതിയ ശരീരം ആർക്ക് കിട്ടും? യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ കഴുകപ്പെട്ടവർക്ക് കിട്ടും. പാപത്തിൻ മേൽ ജയം കിട്ടിയവർക്ക് കിട്ടും. യേശുക്രിസ്തുവിന്റ രക്തത്താൽ സാത്താന്റെ മേൽ ജയം കിട്ടിയവർക്ക് കിട്ടും.യേശുക്രിസ്തുവിന്റെ രക്തത്താൽ ലോകത്തെ ജയിച്ചവർക്ക് ഈ സ്വർഗ്ഗീയ പൗരത്വം കിട്ടും.

യേശുവീണ്ടും വരും, കർത്താവായ യേശുക്രിസ്തു വീണ്ടും വരുമ്പോൾ പുതിയ ശരീരം പ്രാപിക്കുമെന്ന് ഉറപ്പ് പ്രാപിക്കണം. കർത്താവേ, എന്റെ കഴിഞ്ഞ കാലത്തിലെ പാപങ്ങൾ ക്ഷമിച്ചുതരണമേ, സാത്താന്റെ മേൽ ജയം തരണമേ, ലോകത്തിൻ മേൽ ജയം തരണമേ, യേശുവേ എന്നെ ജയിപ്പിക്കുവാൻ ക്രൂശിൽ പരാജയപ്പെട്ടവനെ പോലെ കിടന്ന യേശുവേ, എനിക്കുവേണ്ടി പരാജയം ഏറ്റുവാങ്ങിയ യേശുവേ, എനിക്ക് വേണ്ടി നിന്ദയും ആക്ഷേപവും പരിഹാസവും ഏറ്റുവാങ്ങിയ യേശുവേ, എനിക്കുവേണ്ടി മരണം ഏറ്റുവാങ്ങിയ യേശുവേ, എനിക്കുവേണ്ടി എന്റെ പാപം വഹിച്ച് ക്രൂശിതനായ എന്റെ രക്ഷകാ, ജീവനുള്ള പുസ്തകത്തിൽ എന്റെ പേര് എഴുതിച്ചേർക്കാൻതക്കവണ്ണം ഇപ്പോൾ എന്റെ പാപക്കറകൾ കഴുകിക്കളയണമേ, നിങ്ങൾ പ്രാർത്ഥിക്കൂ,

> "ജീവന്റെ പുസ്തകത്തിൽ പേര് എഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും."
>
> വെളി. 20:15

നമ്മുടെ പരിശ്രമങ്ങളിൽ പലതിലും നാം തോറ്റ് നിരാശപ്പെട്ട് തളർന്ന് പോയവരാണ്. പാപങ്ങൾ ജീവിതത്തിൽ വേണ്ടാ എന്ന് തീരുമാനിച്ചെങ്കിലും പിന്നെയും പാപങ്ങൾ വന്ന് നിരാശപ്പെട്ടിരിക്കുന്നവരുണ്ട്. പലപ്പോഴും തീരുമാനം എടുത്തെങ്കിലും തീരുമാനം പാലിക്കാൻ കഴിയാതെ മനസ്സ് വിഷാദവിവശരായിരിക്കുന്നവരുണ്ട്. സമർപ്പണം എടുത്തു

എങ്കിലും ആ സമർപ്പണം പാലിക്കാൻ കഴിയാതെ മനസ്സ് നൊന്തിരിക്കുന്നവരുണ്ട്. ഭൗതീക ജീവിതത്തിൽ പരാജയപ്പെട്ടിരിക്കുന്നവർ ഉണ്ട്. കുടുംബ ജീവിതത്തിൽ പരാജയപ്പെട്ടവരുണ്ട്.

ഭാര്യ പിണങ്ങിപ്പോയി. വേണ്ടായിരുന്നു. ഞാൻ ക്രൂരമായി പെരുമാറേണ്ടായിരുന്നു എന്ന് ചിന്തിച്ച് വിഷാദത്തോടെ ഇരിക്കുന്നവർ ഉണ്ട്. ഭർത്താവ് എന്നിൽ നിന്ന് അകന്നുപോയി. ഞാൻ കുറച്ചുകൂടി സ്നേഹം കൊടുത്തിരുന്നെങ്കിൽ പിണങ്ങിപ്പോവുമായിരുന്നില്ല എന്ന് വിഷമിച്ചിരിക്കുന്നവർ ഉണ്ട്. അമ്മായി അമ്മ മരിച്ചുപോയി, സ്നേഹം കൊടുക്കാൻ നല്ല സമയം കിട്ടിയതായിരുന്നു, പക്ഷേ, ഞാൻ സ്നേഹിച്ചില്ലല്ലോ ഇനി അവസരമില്ലല്ലൊ എന്ന് ഓർത്ത് വിഷാദിച്ചിരിക്കുന്നവർ ഉണ്ട്. അപ്പനോട് പിണങ്ങിയശേഷം അപ്പനോട് ഒന്ന് ഇണങ്ങാൻ കഴിയുന്നതിനുമുമ്പ് അപ്പൻ പെട്ടെന്ന് അക്കരയ്ക്ക് പറന്നു പോയല്ലോ, ഇനി ഞാൻ കാണുകയില്ലല്ലോ, എനിക്ക് മാപ്പുചോദിക്കാൻ ഒത്തില്ലല്ലോ, എന്ന് ഓർത്ത് വിഷാദിച്ചിരിക്കുന്നവർ ഉണ്ട്.

അനേകം അനേകം ചികിത്സകൾ ചെയ്തു. അനേകം ഡോക്ടർമാരെ കണ്ടു ഒരു പിഞ്ചോമനയെ കിട്ടിയില്ല എന്റെ പരിശ്രമമെല്ലാം വൃഥാവായിപ്പോയല്ലോ, എന്ന് നിരാശപ്പെട്ടിരിക്കുന്നവർ ഉണ്ട്. ബിസിനസ്സിൽ പരാജയപ്പെട്ടുപോയി, എല്ലാം തകർന്നുപോയല്ലോ എന്നോർത്ത് നിരാശയോടെ ഇരിക്കുന്നവർ ഉണ്ട്. ജീവിതത്തിൽ പലകാര്യങ്ങളിൽ തോറ്റുപോയവർ ഉണ്ട്.

എന്നാൽ കർത്താവ് പറയുന്നു: നിങ്ങൾക്ക് ഇനിയും പുതിയ ജീവിതവിജയം തരാമെന്ന്. സ്വർഗ്ഗീയ രാജാധിരാജൻ നേരിട്ട് നിങ്ങളോട് പറയുകയാണ്, മകനേ, മകളേ, നിങ്ങൾക്ക് ഞാൻ ജയം തരാം.

“നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം ജയം നൽകുന്ന ദൈവത്തിന് സ്തോത്രം.” യേശുക്രിസ്തു

മുഖാന്തിരം മാത്രം ജയം കിട്ടും. എനിക്ക് സ്വയമേവ പ്രാപിക്കാൻ സാധിക്കുകയില്ല. യേശുവിൽ കൂടി മാത്രമേ ജയം ഉള്ളൂ, യേശുവിൽകൂടി മാത്രമേ സത്യസമാധാനം ലഭിക്കുകയുള്ളൂ, കർത്താവ് അവസാനം പറഞ്ഞത്, സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത് എന്നാണ്.

> “സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു, എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത് നിങ്ങളുടെ ഹൃദയം കലങ്ങരുത് ഭ്രമിക്കയുമരുത്.”
>
> യോഹ. 14:27–28

ഇന്ന് നിങ്ങളുടെ ഹൃദയം കലങ്ങിയിരിക്കുകയാണ്, ഇന്ന് നിങ്ങളുടെ ഹൃദയത്തിൽ നിരാശമുറ്റിയിരിക്കുകയാണ്, ഇന്ന് നിങ്ങൾ വലഞ്ഞിരിക്കുകയാണ്.

എന്റെ ഭാര്യ ആലീസിന്റെ അനുഭവം പറഞ്ഞുകൊള്ളട്ടെ.

ഞാനും ആലീസും തമ്മിൽ വലിയ സ്നേഹമായിരുന്നു. ലോകപ്രകാരം ഒന്നിനും കുറവുണ്ടായിരുന്നില്ല. പക്ഷെ, ആലീസിന്റെ മുഖം മ്ലാനമായിരുന്നു. ജീവിതത്തിൽ നിരാശയായിരുന്നു. അമ്മയുമായി ഐക്യത്തിലായിരുന്നില്ല. പുറമെ അമ്മയോട് എതിർത്ത് ഒരക്ഷരംപോലും ശബ്ദിച്ചിട്ടില്ല. എല്ലാം ഉള്ളിലൊതുക്കി കഴിഞ്ഞിരുന്നു.

മുപ്പതാമത്തെ വയസ്സിൽ വിധവയായ അമ്മയാണ് എന്റെ വീട്ടിലെ കൃഷിയും കുംടുംബകാര്യങ്ങളും എല്ലാം നടത്തിക്കൊണ്ട് പോന്നിരുന്നത്. എനിക്കുവേണ്ടിയാണ് അമ്മ ജീവിച്ചത്. ജീവിതനൈരാശ്യവും ആകുലഭാരങ്ങളും മൂലം അമ്മയുടെ ജീവിതം വിരസവും പരുഷവുമായിരുന്നു.

അമ്മയുടെ കോപവും പരുക്കൻപ്രകൃതിയും ആലീസിനെ വളരെ വിഷമിപ്പിച്ചിരുന്നു. പക്ഷെ, എന്നോടോ സ്വന്തം വീട്ടിലോ ഒന്നും പറഞ്ഞിരുന്നില്ല. എല്ലാ മ്ലാനതയും ഉള്ളിൽ അടിച്ചമർത്തിവെച്ചിരുന്നു.

എനിക്ക് അമ്മയുടെ മാനസിക പശ്ചാത്തലം അറിയാം. ആലീസിന്റെ അന്ത:സംഘർവും അറിയാം. രണ്ടിന്റേയും ഇടയ്ക്ക് ഞാൻ വീർപ്പുമുട്ടിക്കൊണ്ടിരുന്നു. ചിലപ്പോൾ ഞാൻ ഉറക്കെ കരഞ്ഞുപോയിട്ടുണ്ട്. എനിക്ക് അമ്മയെ വേദനിപ്പിക്കാൻ വയ്യ. വിഷമിപ്പിക്കുന്ന വിധത്തിലൊന്നും ഞാൻ പറയുകയുമില്ല. ആലീസിനെ വിഷമിപ്പിക്കുവാനും വയ്യ. ഞാൻ അകത്ത് തീവ്രമായ വേദന അനുഭവിച്ചു.

എനിക്കും ആലീസിനും മാസശമ്പളമുണ്ട്. നെല്ലും റബറും തെങ്ങും കുരുമുളകും കശുവണ്ടിയും എല്ലാമായി ജീവിക്കാൻ പ്രയാസമില്ല. പക്ഷെ, ഉള്ളിൽ സമാധാനമില്ല. അങ്ങനെ ജീവിതത്തിൽ വശംകെട്ടുപോയി. ഞങ്ങളുടെ ജീവിതം പരാജയപ്പെട്ടുപോയിരുന്നു.

ഞങ്ങളുടെ വിവാഹം കഴിഞ്ഞ് പതിമൂന്ന് വർഷത്തിനു ശേഷമാണ് ആലീസിന് മാനസാന്തരമുണ്ടായത്. അത്ഭുതകരമായിട്ടാണ് കർത്താവ് അതിന് വഴിയൊരുക്കിയത്. നല്ല സാരികൾ വാങ്ങിച്ചുകൂട്ടുന്നത് ആലീസിന് വലിയ സന്തോഷമായിരുന്നു. എറണാകുളം ഗിരിനഗറിൽ ഒരു കൺവെൻഷൻ നടക്കുന്നു എന്ന് പത്രത്തിൽ കണ്ട് അതിനുപോകാൻ ഞാനാഗ്രഹിച്ചു. സാരി വാങ്ങാൻ പോകാം, കൺവെൻഷനിൽ അല്പ നേരം ഒന്ന് സംബന്ധിക്കുകയും ചെയ്യാം എന്ന് ഞാൻ പറഞ്ഞു. അങ്ങനെ ഞങ്ങൾ സ്കൂട്ടറിൽ എറണാകുളത്തുപോയി. "സന്തോഷം" എന്ന വിഷയത്തെക്കുറിച്ചായിരുന്നു അന്നത്തെ പ്രസംഗം. അത് ആലീസിനെ ആഴമായി സ്പർശിച്ചു. ആലീസും രണ്ടുകൈയ്യും ഉയർത്തി എഴുന്നേറ്റുനിന്ന് പരസ്യമായി സമർപ്പണം എടുത്തു.

അതോടുകൂടി വലിയ വ്യത്യാസമുണ്ടായി. തോറ്റുപോയ

കുടുംബബന്ധം വിജയത്തിലേക്ക് കുതിച്ചു. ആലീസ് അമ്മയുടെ കാൽപിടിച്ച് മാപ്പുചോദിച്ചു. അമ്മയും കരഞ്ഞു, മോളും കരഞ്ഞു. തുടർന്ന് ഞങ്ങളുടെ പിള്ളേരുടെ സ്വഭാവത്തിൽ മാറ്റം വന്നു. അവർ ചുമതലാബോധത്തോടെ പഠിക്കാൻ തുടങ്ങി. കുടുംബം സ്വർഗ്ഗമായി. തോൽവി ജയത്തിന് വഴിമാറി.

അക്കാലത്ത് തന്നെയാണ് ഞാൻ ഈ ലോകജീവിതത്തിൽ കണ്ടിട്ടുള്ളതിലേക്കും പരിശുദ്ധനായ ഒരു ദൈവപുരുഷനെക്കുറിച്ച് കേൾക്കാനിടയായത്. ആത്മാവിന്റെ നൽവരങ്ങൾ വിശിഷ്യാവിവേചന വരമുള്ള ആ ദൈവപൈതലിനെ ഞങ്ങൾ "പപ്പാ" എന്ന് വിളിച്ചു, അപ്പനെപ്പോലെ ആദരിച്ചിരുന്നു. അദ്ദേഹത്തെ എന്റെ വീട്ടിലേക്ക് വരുവാൻ ക്ഷണിച്ചു. കന്യാകുമാരി ഡിസ്ട്രിക്ടിൽ പാലവിളയിലും തിരുവനന്തപുരത്തും എല്ലാം വലിയ ആത്മീയ ഉണർവിന് ദൈവം എടുത്തുപയോഗിച്ച ആ ദൈവപുരുഷൻ എന്റെ വീട്ടിൽ വന്ന് സ്തുതിച്ചതിനെതുടർന്ന് കോലഞ്ചേരിയിലും പരിസരപ്രദേശങ്ങളിലും വലിയ ആത്മീയ ഉണർവ് പൊട്ടിപ്പുറപ്പെട്ടു. അത് എന്റെ അമ്മ, ആലീസ്, പെങ്ങൾ, അളിയൻ എന്നിങ്ങനെ അനേകരുടെ ആത്മീയ ഉണർവ്വിനും ആത്മപ്പകർച്ചയ്ക്കും വഴിമരുന്നിട്ടു.

അങ്ങനെ ആത്മീയമായി പരാജയപ്പെട്ടിരുന്ന ഞങ്ങളുടെ ദേശം ഉണർവ്വിന്റെ അഗ്നിയുടെ ശോഭയാൽ ജയമണിഞ്ഞു. "നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്ക് ജയം നൽകുന്ന ദൈവത്തിന് സ്തോത്രം."

അതുപോലെ ഒട്ടേറെപേർ മനസ്സ് മടുത്ത് ജീവിതനിരാശയിൽ ആണ്ടുപോയവരായിരിന്നു, ഓരോ കാരണങ്ങളാൽ ജീവിതം തകർന്നുപോയവരും വാടിപ്പോയവരും ആയിരുന്നു, ഇനി എന്തിനു ഞാൻ ജീവിച്ചിരിക്കുന്നു, എന്റെ ജീവിതം തകർന്നു പോയല്ലോ, എന്ന് നിരാശപ്പെട്ടവരായിരുന്നു, എന്നാൽ ദൈവത്തിന്റെ അത്ഭുതകൃപയാൽ കർത്താവ് ജയം

നൽകി.

ഇന്ന് അഡ്വക്കേറ്റായിട്ടു മൂവാറ്റുപുഴ കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ഷൈനി ജയത്തിനുദാഹരണമാണ്. ഷൈനി എൽ.എൽ.ബി. ക്ക് പഠിച്ച് കൊണ്ടിരുന്നപ്പോൾ റാഗ് ചെയ്തവളാണ്. റാഗിംങ്ങ് നടത്തി ഒരു കൂസലുമില്ലാതെ പിള്ളാരെ വലച്ചവളാണ് ഷൈനി. പഠിക്കാൻ മംഗലാപുരത്ത് ചേർന്നപ്പോൾ ക്രൂരമായ റാഗിംങ്ങ് ഏറ്റുവാങ്ങിയവളാണ്. അതുകൊണ്ട് അടുത്തവർഷം പുതിയതായി വരുന്ന കുട്ടികളോട് ക്രൂരമായി പെരുമാറി. ഷൈനിയെ കാണുമ്പോൾ ജൂനിയർ കുട്ടികൾക്ക് പേടിയായിരുന്നു, ഷൈനി റാഗിംങ്ങിൽ മുൻനിരയിലായിരുന്നു.

കോളജിൽ പഠിച്ച ഒരു യുവാവ് റാഗിംങ്ങിന്റെ കാര്യം പറഞ്ഞപ്പോൾ ഞാൻ ലജ്ജിച്ച് പോയി. പൂർണ്ണ നഗ്നനായി നിർത്തിയെന്ന്, അവനെ ക്രൂരമായി പീഡിപ്പിച്ചെന്ന്. അവൻ പറഞ്ഞത് പുറത്ത് പറയാൻ എനിക്ക് ലജ്ജതോന്നുന്നു. എത്ര ഭയാനകമായ ക്രൂരതകളാണ് ഈ യുവാക്കൾ കോളജിൽ ചെയ്തുകൊണ്ടിരുന്നത്. ഷൈനി അത്രത്തോളം ഭീകരമായിട്ട് ചെയ്തില്ല.

എന്നാൽ ഷൈനി പഠിച്ചുകൊണ്ടിരുന്ന സമയത്ത്, ഷൈനിയുടെ കൂട്ടുകാർ പറഞ്ഞു നീ വിവാഹം കഴിഞ്ഞാൽ ഉടനെ വിവാഹ മോചനം നേടും. കാരണം നീ അഹങ്കാരിയും തന്റേടിയും ആണ്. ആരെയും കീഴടങ്ങുകയില്ലാത്തവളാണ് എന്ന് ഹോസ്റ്റലിലെ കൂട്ടുകാർ പറഞ്ഞതാണ്.

ഷൈനിയുടെ കൂട്ടുകാർ പറഞ്ഞത് ശരിയാണെന്ന് ഷൈനിക്കും തോന്നി. പക്ഷേ ഇന്ന് വിവാഹത്തിന് ശേഷം ഭർത്താവും ഒരുമിച്ച് പൂർണ്ണസന്തോഷത്തോടെ ജീവിക്കുന്നു, ആരാണ് ഈ വിജയം കൊടുക്കുന്നത്? തന്റേട പ്രകൃതിയുള്ളവരെ ശാന്തരാക്കി മാറ്റുന്നത് ആരാണ്? നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തിരം ജയം തരുന്ന ദൈവത്തിന് സ്തേത്രം! ആത്മഹത്യാപ്രവണതയുള്ളവരെ ആത്മഹത്യ

വേണ്ട എന്ന് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത് ആരാണ്? കർത്താവായ യേശുക്രിസ്തു. ഭർത്താവിനോട് പിണങ്ങി ദൂരെ പാർക്കുന്നവർ വിനയപൂർവ്വം ഭർത്താവിനോട് മാപ്പു ചോദിച്ച് നിരപ്പാകാൻ കാരണക്കാരൻ ആരാണ്? കർത്താവായ യേശു ക്രിസ്തു.

തളരാതിരിക്കുക എന്നതാണ് വിജയ രഹസ്യം. ഒരു ജ്ജ്വലവാഗ്മിയാകാൻ സീസറൊ 30 വർഷം സ്നേഹിത ന്മാരുടെ മുമ്പിൽ സംസാരിച്ച് പരിശീലനം നേടി. വിശ്വോ ത്തരക്ലാസ്സിക്ക് ആയ Paradise Lost എഴുതാൻ ആവശ്യമുള്ള സമയം ലഭിക്കാൻ ജോൺ മിൾട്ടൺ എന്നും രാവിലെ നാലു മണിക്ക് എഴുന്നേൽക്കുമായിരുന്നു. Decline and Fall of Roman Empire എന്ന ചരിത്രഗ്രന്ഥം രചിക്കാൻ ഗിബ്ബൺ 26 വർഷം അദ്ധ്വാനിച്ചു. ഇംഗ്ലീഷിൽ മികവുറ്റ ഒരു നിഘണ്ടു രചിക്കാൻ Noah Webster 36 വർഷമാണ് വിശ്രമമില്ലാതെ പ്രയത്നിച്ചത്.

500 പരീക്ഷണങ്ങൾ പരാജയപ്പെട്ടിട്ടും തോമസ് ആൽവാ എഡിസൺ പിന്തിരിഞ്ഞില്ല. “ഇപ്പോഴാണ് മനസ്സിലായത് 500 പരീക്ഷണങ്ങളും വിജയത്തിലെത്തുകയില്ല എന്ന്. ഇനി വിജ യിത്തിലെത്തുവാൻ വേറൊന്ന് പരീക്ഷിക്കണമല്ലോ” എന്നാണ് എഡിസൺ പറഞ്ഞത്. തുടർന്ന് അദ്ദേഹം യത്നിച്ചു. മടുത്തുപോകാതെ പരിശ്രമിച്ചു. ഒടുവിൽ വിജയം കണ്ടു.

വിൻസ്റ്റൺ ചർച്ചിൽ 1894-ൽ ഹാരോ സർവ്വകലാശാല യിലെ ഒരു വിദ്യാർത്ഥി ആയിരുന്നു. അദ്ദേഹത്തിന്റെ പ്രോഗ്രസ് റിപ്പോട്ടിൽ ക്ലാസ് ടീച്ചർ എഴുതി "Hopeless..... Incapable of progress'' (ആശയ്ക്ക് വയകില്ല ............. അഭിവൃ ദ്ധിപ്പെടുത്തുവാൻ അസാദ്ധ്യം) രണ്ടാം ലോകമഹായുദ്ധ ത്തിന്റെ വിജയ ശിൽപിയായ ചർച്ചിൽ പിൽക്കാലത്ത് ഹാരോ സർവ്വകലാശാലയിൽ ചെന്ന് ഒരു പ്രസംഗം ചെയ്തു. "Don't give up... Don't give up... Don't give up... Never, Never

Never'' (ഒരിക്കലും വിട്ടുമാററുത്, പിന്തിരിയരുത്, ഒരിക്കലും, ഒരിക്കലും, ഒരിക്കലും)

1902–ൽ 28 വയസ്സുപ്രായമുള്ള ഒരാൾ കുറെ കവിതകൾ പ്രസിദ്ധീകരിക്കാൻ "Atlantic Monthly'' എന്ന മാസികയ്ക്ക് അയച്ചു. അതെല്ലാം തിരികെ അയച്ചു. കൂടെ ഒരു കുറിപ്പും. "Not one worthy of publishing' '(പ്രസിദ്ധീകരണയോഗ്യമായി ഒന്നുമില്ല) ആ യുവാവ് മടുത്തില്ല. അദ്ദേഹമാണ് പിൽക്കാലത്ത് വിശ്വപ്രസിദ്ധനായ "റോബർട്ട് ഫ്റോസ്റ്റ്."

റോബർട്ട് ഫ്റോസ്റ്റിന്റെ ഒരു കവിതാശകലമാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു നിര്യാതനാകുന്നതിന്റെ തൊട്ടു തലേദിവസം ഡയറിയിൽ എഴുതിയിരുന്നത്:

"The woods are lovely dark, and deep
And I have promises to keep
Miles, miles, to go before I sleep,
Miles, miles, to go before I sleep.''

1905–ൽ ബെർലിൻ യൂണിവേഴ്സിറ്റി ഒരു പി.എച്ച്.ഡി. പ്രബന്ധം നിരസിച്ചു. "Fanciful and irrelevant'' (ഭാവനാപരവും അപ്രസക്തവും) എന്നായിരുന്നു വിധികർത്താക്കളുടെ വിലയിരുത്തൽ. പക്ഷേ ആ ഊർജ്ജതന്ത്ര വിദ്യാർത്ഥി തോറ്റ് പിന്മാറിയില്ല. അതുകൊണ്ട് മനുഷ്യരാശിക്ക് വിശ്വോത്തര ശാസ്ത്രജ്ഞനായ ഐൻസ്റ്റീനെ കിട്ടി.

ഏഷ്യയിലേക്ക് ഒരു പാത കണ്ടുപിടിക്കാൻ കൊളംബസ് ഏതാനും സഹായികളെയും കൂടി സ്പെയിനിൽ നിന്ന് പടിഞ്ഞാറോട്ട് പുറപ്പെട്ടു. ദിവസങ്ങൾ യാത്രചെയ്തിട്ടും കര കണ്ടില്ല. കൂട്ടാളികൾ മടുത്തു. പിന്നെ എതിർത്തു. തിരിച്ചു പോകണമെന്ന് പറഞ്ഞ് ലഹളകൂട്ടി. കൊടുങ്കാറ്റ്, പട്ടിണി, അനിശ്ചിതത്വം എന്നിവയാൽ എല്ലാവരും മടുത്തു. കൊളംബസ് മാത്രം തളർന്നില്ല. വീണ്ടും വീണ്ടും അവരെ പ്രോത്സാഹിപ്പിച്ചു കൊണ്ടിരുന്നു. ഫലമോ? ഒരു പുതുയ ഭൂഖണ്ഡം

കണ്ടുപിടിച്ചു - അമേരിക്ക.

ഒരു വലിയ സെയിൽസ് കൺവെൻഷൻ നടക്കുകയായിരുന്നു. വിപണന രംഗത്തുള്ള രണ്ടായിരത്തോളം പേരുണ്ടായിരുന്നു. മാനേജർ അവരോട് പറഞ്ഞു, നിങ്ങൾ തളർന്ന് ക്ഷീണിക്കേണ്ട കാര്യമില്ല. അത്യുത്സാഹത്തോടെ മുന്നേറൂ. ഫലം ലഭിക്കും.

അവർ ഊർജ്ജസ്വലത പ്രാപിക്കുന്നില്ലെന്ന് കണ്ടപ്പോൾ മാനേജർ ചോദിച്ചു: Did Wright brothers quit? ( റൈറ്റ് സഹോദരൻമാരുടെ നിസ്തന്ദ്രമായ യത്നം കൊണ്ടാണല്ലോ വിമാനം കണ്ടുപിടിച്ചത്.) മറുപടി: "NO.''

വീണ്ടും ചോദ്യം "Did Winston Churchill Quit"?

മറുപടി: "NO.''

അടുത്തചോദ്യം "Did Neil Amstrong Quit?" (1969-ൽ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയ ശാസ്ത്രജ്ഞൻ.)

മറുപടി: "NO.''

പിന്നെയും ചോദിച്ചും "Did Thorndike Quit?" കുറെനേരത്തേക്ക് സദസ്സിലാകെ നിശ്ശബ്ദത. ഒരാൾ ചോദിച്ചു. "Who is this Thorndike?" Nobody has ever heard of him" മാനേജരുടെ മറുപടി "That is because he quit?"

അപ്പോസ്തലനായ പൗലോസ് പറഞ്ഞു:

> "തളർന്നു പോകാഞ്ഞാൽ തക്കസമത്ത് നാം കൊയ്യും."
>
> ഗലാ. 6:8

ശ്രദ്ധിക്കൂ: വ്യഭിചാരം ചെയ്ത ആളായിരുന്ന ദാവീദ്. പീഡകനും നിഷ്ഠൂരനുമായിരുന്നു സെ. പോൾ. ക്രിസ്തുവിനെ തള്ളിപ്പറഞ്ഞവനായിരുന്നു പത്രോസ്ശ്ലീഹ. അവിശ്വാ

സിയായിരുന്ന സെ. തോമസ്. കവർച്ചക്കാരനും കൊലയാളിയും ആയിരുന്നു! ക്രൂശിൽ വെച്ച് അനുതപിച്ച കള്ളൻ. ഇവരാരും മടുത്ത് പിന്മാറിയില്ലല്ലോ. ഇവരാരും തോറ്റതിൽ നിരാശപ്പെട്ട് പിന്മാറിയില്ലല്ലോ. അത്യുത്സാഹത്തോടെ മുന്നേറൂ. സൽഫലങ്ങൾ കൊയ്തെടുക്കാം.

ഒന്ന് : പാപത്തിന്മേൽ ജയം.

രണ്ട് : രോഗത്തിന്മേൽ ജയം.

മൂന്ന് : സാത്താൻ മേൽ ജയം.

നാല് : ലോകത്തിന്റെ മേൽ ജയം.

## അഞ്ച്

അഞ്ചാമത് : പ്രകൃതിശക്തികളുടെ മേൽ ജയം. പ്രകൃതിയിൽ ചില ശക്തികൾ ഉണ്ട്, നക്ഷത്രങ്ങൾക്ക്, ചന്ദ്രന്, സൂര്യന്, പ്രകൃതിയിലെ ഗ്രഹങ്ങൾക്ക്, ഉപഗ്രഹങ്ങൾക്ക് എല്ലാറ്റിനും മനുഷ്യന്റെ മേൽ ഒരു സ്വാധീനം ഉണ്ട്. ചന്ദ്രനോട് ബന്ധപ്പെട്ടാണ് കറുത്തവാവും വെളുത്തവാവുമുണ്ടാകുന്നത്. അവ മനുഷ്യന്റെ ആരോഗ്യത്തിൽ സ്വാധീനം ചെലുത്താറുണ്ട്. ചന്ദ്രൻ സമുദ്രത്തിലെ വെള്ളപ്പൊക്കത്തെപോലും ബാധിക്കുന്നുണ്ട്, അതിനെ ആസ്പദമാക്കിയാണ് വേലിയേറ്റവും, വേലിയിറക്കവും ഉണ്ടാകുന്നത്.

വ്യാഴം, ശുക്രൻ, ശനിദശ, ചൊവ്വാ ദശ, ചന്ദ്ര ദശ, ആദിത്യ ദശ, രാഹൂർ ദശ, കേതൂർദശ എന്നിങ്ങനെ വിവിധ ദശാന്ത്യങ്ങളെക്കുറിച്ചും കേട്ടിട്ടുണ്ടാകും. ഗ്രഹങ്ങൾക്ക് മനുഷ്യനിലുള്ള സ്വാധീനത്തെയാണ് അവ കാണിക്കുന്നത്.

എന്നാൽ, ഈ ഗ്രഹനിലകളും ദശാന്ത്യങ്ങളും അതുമൂലം വരാവുന്ന നന്മകളും തിന്മകളും മാറ്റാൻ കർത്താവായ യേശു

ക്രിസ്തുവിന് കഴിയും. ചിലർ പറയും എനിക്ക് ശനി ദശയാണ്, ശനിയുടെ അപഹാരമാണ്, ഈ കാലം കഴിഞ്ഞുകൂടാൻ വളരെ പ്രയാസമാണ്. ഇപ്പോൾ ആദിത്യ ദശയാണ്. എരിപൊരിക്കൊള്ളുന്ന കാലമാണ്. മറ്റൊരാൾ പറയും ഇപ്പോൾ ശുക്ര ദശയാണ്, നല്ലകാലമാണ്. ഏറ്റവും നല്ല കാലമാണ്. ഇങ്ങനെയെല്ലാം പറയാറുണ്ട്.

പ്രകൃതി ശക്തികളുടെ ബാധയൊന്നും നിങ്ങളെ തട്ടാതെ അവയുടെമേൽ കർത്താവ് നിങ്ങൾക്ക് ജയം തരും. നിങ്ങളുടെ ജീവിതത്തിലെ എല്ലാം ദുർദ്ദശകളും മാറ്റിമറിക്കാൻ ഒരു പുതിയ ഗ്രഹം ഉദിക്കണം. ആ പുതിയ ഗ്രഹമാണ് കർത്താവായ യേശുക്രിസ്തു.

ഒരു വീട്ടിൽ പുരുഷപ്രജകൾ വയസ്സു നാൽപതിനും നാൽപത്തഞ്ചിനും ഇടയ്ക്ക് മരിച്ചുപോകുന്നു. പക്ഷേ യേശുക്രിസ്തു ആ കുടുംബത്തിൽ ഒരാളുടെ ഹൃദയത്തിൽ വന്നപ്പോൾ ആ വ്യക്തി ഇന്നും ജീവിച്ചിരിക്കുന്നു. എന്തുകൊണ്ട്? യേശുക്രിസ്തു ആ വലിയ കെടുതി മാറ്റിക്കൊടുത്തു.

വേറൊൾ പറഞ്ഞു. “സാറെ, എന്റെ തൊട്ട് അയൽവക്കത്തെ ആൾ എന്റ കുഞ്ഞിന് കൈവിഷം കൊടുത്തതുകൊണ്ട് അവൻ പഠിക്കാൻ കഴിവില്ലാതെയായി. അവൻ നല്ലവണ്ണം പഠിച്ചുകൊണ്ടിരുന്ന കുട്ടിയായിരുന്നു, ഇപ്പോൾ പഠിത്തമില്ല, വായനയില്ല. വട്ടയപ്പമോ, കള്ളപ്പമോ എന്തിലോ കൈവിഷം കൊടുത്തു എന്റെ കുഞ്ഞിന്റെ കാര്യം ദയനീയ സ്ഥിതിയാണ്. സാറേ, ഞാൻ എന്താ ചെയ്യേണ്ടത്?”

മറ്റൊരാൾ ചോദിക്കുകയാണ്, ഞങ്ങൾക്ക് അനർത്ഥം വരാൻ ഞങ്ങളുടെ ബന്ധത്തിൽപെട്ടവർ മന്ത്രവാദം ചെയ്തു, അതുകൊണ്ട് ഒരിക്കലും വീട്ടിൽ ഒരു കരകയറ്റം കിട്ടുന്നില്ല, എന്നും വീട്ടിൽ ദുരിതം, എന്നും രോഗം, ഒരാൾക്കല്ലെങ്കിൽ മറ്റൊരാൾക്ക് രോഗം, ഞങ്ങൾതിരിച്ചും മന്ത്രവാദം ചെയ്തു നോക്കി. പക്ഷേ ഒന്നും ഫലിക്കുന്നില്ല. ഞങ്ങളുടെ കുടുംബം വലയുകയാണ്, ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?

മന്ത്രവാദം ചെയ്തവർ, ചെയ്യിച്ചവർ, മന്ത്രവാദം മൂലം ദോഷം വന്നു എന്ന് ചിന്തിക്കുന്നവർ കൈവിഷം മൂലം ദോഷം വന്നു എന്ന് ചിന്തിക്കുന്നവർ കൈവിഷം മാറാൻ വേണ്ടി കൈവിഷം ഛർദ്ദിച്ച് കളഞ്ഞവർ, ഛർദ്ദിച്ചപ്പോൾ എന്തോ കറുത്തനിറത്തിൽ കണ്ടു. അതുകൊണ്ട് ആ കൈവിഷം പോയി എന്നാണ് വൈദ്യൻ പറഞ്ഞത്.

ഇങ്ങനെയെല്ലാം ചിന്തിക്കുന്നവരില്ലേ? ഇതെല്ലാം, നിങ്ങളുടെ ജീവിതത്തിൽ നിന്ന് മാറ്റാൻ ഒരു അത്ഭുത സിദ്ധൗഷധം നിങ്ങൾ സേവിച്ചാൽ മതി. ഏതാണ് ഈ സിദ്ധ ഔഷധം? യേശുക്രിസ്തു. യേശുക്രിസ്തുവിന്റെ ശക്തി നിങ്ങളിൽ വ്യാപരിച്ചാൽ മതി. ഒരു പിശാചും തൊടുകയില്ല, ഒരു കൈവിഷവും ഫലിക്കുകയില്ല. പ്രകൃതിശക്തിയുടെ മേൽ നമുക്ക് ജയം തരും.

> “രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയേയും, ഉച്ചയ്ക്ക് നശിപ്പിക്കുന്ന സംഹാരത്തെയും നിനക്ക് പേടിപ്പാനില്ല.”
>
> സങ്കീ. 91:5-6

ചിലർ പറയും: അയ്യോ, അവിടെ സർപ്പപ്പറമ്പാണ്, അവിടെ സർപ്പക്കാവാണ്, അതിൽ കൂടി പോകരുത്. രാത്രിസമയത്ത് അതിലൂടെ പോയാൽ വെട്ടുകിട്ടും, ഇങ്ങനെയെല്ലാം പറഞ്ഞ് പേടിപ്പിക്കുന്നവരുണ്ട്. ഒന്നിനെയും പേടിക്കണ്ട, “രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയേയും, ഉച്ചയ്ക്ക് സഞ്ചരിക്കുന്ന മഹാസംഹാരത്തെയും നിനക്ക് പേടിപ്പാനില്ല.” നൂറ്റി ഇരുപത്തിഒന്നാം സങ്കീർത്തനത്തിലും ഇത് തന്നെ കാണാം.

> “പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കയില്ല.”
>
> സങ്കീ. 121:6

ഒന്നിനെയും പേടിക്കണ്ട, കർത്താവായ യേശുക്രിസ്തു നിങ്ങളുടെ ഹൃദയത്തിലേക്ക് വന്നാൽ മാത്രം മതി. നിങ്ങൾ അതിന് കൈവിഷം ഛർദ്ദിക്കാനോ, മന്ത്രവാദത്തിന് പ്രതിമന്ത്രവാദം ചെയ്യാനോ ഒന്നിനും പോകണ്ട, അതെല്ലാം ദോഷവും പാപവും ആണ്. നിങ്ങൾ കവിടിനിരത്താനും മഷിയിട്ട് നോക്കാനും പോകണ്ട.

"പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കുകയില്ല."

സംഖ്യാ പുസ്തകത്തിൽ നീ പേടിക്കേണ്ട എന്നാണ് പറയുന്നത്, ഒരു ആഭിചാരദോഷവും നിന്നോട് അടുക്കുകയില്ല ഒരു മന്ത്രവിദ്യയും ഫലിക്കുകയില്ല.

> "ആഭിചാരം യാക്കോബിന് പറ്റുകയില്ല. ലക്ഷണവദ്യ യിസ്രായേലിനോട് ഫലിക്കുകയില്ല."
>
> സംഖ്യാ 23:23

വിശ്വസിക്കൂ: പ്രകൃതിശക്തിയുടെ മേൽ ദൈവം നിനക്ക് ജയം തരാൻ പോകുന്നു. ഇന്ന് നിന്നെ അനുഗ്രഹിപ്പാൻ വന്നിരിക്കുകയാണ്.

പ്രാർത്ഥിക്കൂ: എന്റെ കർത്താവേ, നീ എന്റെ ജീവിതത്തിലേക്ക് വരണമേ, എന്റെ മേൽ ഉള്ള പ്രകൃതിയുടെ ദുസ്സാധീനങ്ങളെല്ലാം എന്നിൽ നിന്ന് മാറ്റിത്തരണമേ, എന്റെമേൽ അനേകം ബാധകളുണ്ട്. എനിക്ക് മനോരോഗം വരുത്തുന്നത്, മക്കൾക്ക് അപസ്മാരം വരുത്തുന്നത്, കുടുംബത്തിൽ ഇന്ന് ചിലർക്ക് വിട്ടുമാറാത്ത ബോധക്ഷയം വരുന്നത്, കുഞ്ഞുങ്ങൾക്ക് തലമുറയായി മാറി മാറി ചില മാനസീക വൈകല്യങ്ങൾ വരുന്നത് - ഇവയെല്ലാം മാറ്റിത്തരാൻ നിനക്ക് കഴിയുമല്ലോ, അതെല്ലാം മാറ്റിത്തരണമേ, അതിനായി യേശുവേ, നീ എന്റെ ഹൃദയത്തിൽ വരണമേ, പൂർവ്വികന്മാരിൽ നിന്ന് രക്തത്തിൽ കൂടി കടന്നുവന്നതായ എല്ലാ ദോഷവും ശാപവും മാറ്റാൻ യേശുക്രിസ്തുവിന്റെ തിരുരക്തത്തിന് കഴിയും എന്ന്

ഞാൻ  വിശ്വസിക്കുന്നു.

യേശുക്രിസ്തുവിന്റെ തിരുരക്തം നിങ്ങളുടെ സിരകളിൽ കൂടി ഒഴുകണം. ആ തിരുരക്തം ഒഴുകിയാൽ ഒരു ശക്തിയും അടുക്കുകയില്ല.

നിങ്ങൾ ഇന്ന് വിശുദ്ധ കുർബ്ബാന അനുഭവിക്കുന്നുണ്ട്, എന്താണ് വി.കുർബ്ബാന? "വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കും മാത്രം ഈ വിശുദ്ധതകൾ നൽകപ്പെടുന്നു." എന്നാണ് പട്ടക്കാരൻ പറയുന്നത്. വിശുദ്ധിയോടും വെടിപ്പോടും കൂടിയാണോ വിശുദ്ധകുർബ്ബാന അനുഭവിക്കുന്നത്? പലരും വിശുദ്ധിയും വെടിപ്പും കൂടാതെയാണ്  വിശുദ്ധ കുർബ്ബാന അനുഭവിക്കുന്നത്.  അച്ചൻ തലയിൽ കൈവച്ച് പ്രാർത്ഥിച്ചിട്ട് വന്ന് കുർബ്ബാന കൈക്കൊള്ളും, പാപത്തെ ഓർത്ത് അനുതപിക്കുകയോ പുതിയ ജീവിതത്തിന് സമർപ്പിക്കുകയോ ചെയ്യാതെ ചില ചടങ്ങുകൾ ആചരിക്കുന്നു.  ഈ പാപങ്ങളെല്ലാം, അഴുക്കെല്ലാം അങ്ങനെ പോകുന്നതാണോ?

"വിശുദ്ധിയുള്ളവർക്കും വെടിപ്പുള്ളവർക്കുംമാത്രം ഈ വിശുദ്ധതകൾ നൽകപ്പെടുന്നു.'' അങ്ങിനെ അച്ചൻ പറയുമ്പോൾ താഴെ നിന്നുകൊണ്ട് നാം പറയുന്നത് എന്താണെന്നോ?

> "പരിശുദ്ധനായ ഏകപിതാവും, പരിശുദ്ധനായ
> ഏക പുത്രനും പരിശുദ്ധനായ ഏകറൂഹായുമ
> ല്ലാതെ പരിശുദ്ധനില്ല, ആമേൻ."

ഞാൻ പരിശുദ്ധനല്ലല്ലോ, ഈ വിശുദ്ധകുർബ്ബാന കൈകൊള്ളാൻ ഞാൻ യോഗ്യനല്ലല്ലോ, പരിശുദ്ധനായ ഏക പിതാവും, പരിശുദ്ധനായ ഏക പുത്രനും, പരിശുദ്ധനായ ഏക റൂഹായും അല്ലാതെ പരിശുദ്ധനില്ല, വീണ്ടും  പറയുകയാണ്.

> "ഒന്നായിരിക്കുന്ന പിതാവിനും പുത്രനും ജീവ
> നുള്ള വിശുദ്ധ റൂഹായ്ക്കും എന്നെന്നേക്കും
> സ്തുതി ആമേൻ."

അപ്പോൾ പട്ടക്കാരൻ പറയുന്നു: "തന്റെ മനോഗുണത്താൽ ലോകത്തെ സൃഷ്ടിച്ചുവെന്ന പരിശുദ്ധനായ ഏകപിതാവ് നമ്മോടു കൂടെ. തന്റെ തിരുമേനിയുടെ വിലയേറിയ കഷ്ടതകളാൽ നമ്മെ രക്ഷിച്ചുഎന്ന പരിശുദ്ധനായ ഏകപുത്രൻ നമ്മോടു കൂടെ. ഉണ്ടായിരുന്നതും ഉണ്ടാകാനിരിക്കുന്നതുമായ സകലത്തെയും പൂർണ്ണമാക്കിത്തികയ്ക്കുന്ന പരിശുദ്ധനായ ഏക റൂഹാ നമ്മോട് കൂടെ."

എത്ര ഭയത്തോടും ഭക്തിയോടും കൂടെയാണ് വി.കുർബ്ബാന അനുഭവിക്കേണ്ടത്! പക്ഷെ, ഇന്ന് കുർബ്ബാന ചൊല്ലുന്നവരും അനുഭവിക്കുന്നവരും അത് അറിയുന്നില്ല.

യേശുക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ കൈക്കൊള്ളുമ്പോൾ പരിശുദ്ധനായ ഏകപിതാവ് നമ്മോട് കൂടെയാകുന്നു, യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ സ്വീകരിക്കുമ്പോൾ പരിശുദ്ധനായ ഏകപുത്രൻ നമ്മോട് കൂടെയാകുന്നു, യേശുക്രിസ്തുവിന്റെ തിരുശരീരരക്തങ്ങൾ സ്വീകരിക്കുമ്പോൾ പരിശുദ്ധനായ ഏകറൂഹാ നമ്മോടുകൂടെയാകുന്നു.

അതിന് നമ്മെത്തന്നെ ഒരുക്കുകയാണ്, വിശുദ്ധീകരിക്കുകയാണ്, പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുകയാണ്. പാപത്തോട് യാത്രപറയുകയാണ്. പാപം മേലിൽ വരുകയില്ലെന്ന് തീരുമാനിക്കുകയാണ്. പുതിയ ജീവിതം തുടങ്ങുകയാണ്. അങ്ങിനെ തിരുരക്തം നമ്മുടെ ശരീരത്തിൽക്കൂടി പകരുകയാണ്, രക്തധമനികളിൽ കൂടി യേശുവിന്റെ തിരുരക്തം ഒഴുകുകയാണ്. പിതാക്കന്മാരിൽ നിന്ന് പകർന്നുവന്ന രക്തം, പൂർവ്വികന്മാരിൽ നിന്ന് പകർന്നു വന്ന രക്തം മാറുകയാണ്. യേശുവിന്റെ രക്തം നമ്മുടെ സ്വഭാവമായി മാറുകയാണ്. അങ്ങിനെ നാം പുതിയ സൃഷ്ടിയായിത്തീരുകയാണ്.

പ്രകൃതി ശക്തിയുടെമേൽ നമുക്ക് കർത്താവ് ജയം തരുന്നു.

> "പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കകയില്ല."
>
> സങ്കീ. 121:6

1969 ലാണ് നീൽ ആംസട്രോങ്ങ് ചന്ദ്രനിൽ ആദ്യം കാൽകുത്തിയത്. അദ്ദേഹം ആദ്യം പറഞ്ഞത് "PRAISE THE LORD''

വീണ്ടും രണ്ടുകൊല്ലം കഴിഞ്ഞാണ് ശാസ്ത ജ്ഞനായ ഇർവിൻ അവിടെപോയത്. അദ്ദേഹവും ഭക്ത നായിരുന്നു. അദ്ദേഹം ആദ്യമായി വേദപുസ്തകം കൊണ്ടുപോയി. നമ്മുടെ ജീവന്റെ ജീവനായ ഈ വേദ പുസ്തകം ആദ്യമായിട്ട് ചന്ദ്രനിൽ എത്തിയ പുസ്തക മാണ്. ചന്ദ്രനിൽ ചെന്ന് ഇറങ്ങിയിട്ട് അദ്ദേഹം എട്ടാം സങ്കീർത്തനം വായിച്ചു.

> "നിന്റെ വിരലുകളുടെ പണിയായ ആകാശ ത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷ ത്രങ്ങളെയും നോക്കുമ്പോൾ മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനു ഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തുമാത്രം?"
>
> സങ്കീ. 8:3-4

ശാസ്ത്രജ്ഞൻ പറയുന്നതിന്റെ പൊരുൾ എന്താണ്? നീ ഉണ്ടാക്കിയ ചന്ദ്രൻ നീ ഉണ്ടാക്കിയ നക്ഷത്രങ്ങൾ. കർത്താവേ, ഇവയെല്ലാം നിന്റെ കൈപ്പണിയല്ലേ? ഞാൻ എന്തുണ്ട്, ഞാൻ ഒരു സാധാരണ മനുഷ്യൻ ചാന്ദ്രവാഹനം ഉണ്ടാക്കിയത് നിന്റെ കൃപ, അതിന്റെ ടെക്നോളജി തന്ന തും, ശാസ്ത്രം വളർന്നതും നിന്റെ കൃപ, ദൈവമേ, നീയ ല്ലോ എല്ലാം ഉണ്ടാക്കിയത്!

> "നീ അവനെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അവനെ

അണിയിച്ചിരിക്കുന്നു.”

സങ്കീ. 8:5

ദൈവീക തേജസ്സ് പ്രാപിക്കേണ്ടവരാണ് നാം. ആദാം സൃഷ്ടിക്കപ്പെട്ടപ്പോൾ ദൈവതേജസ്സിലായിരുന്നു. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശത്തിലും ആയിരുന്നു. അന്ന് മാലാഖമാർ അതിശയം കൂറി നിന്നു. അതാണ് ഈറേന്മാർ അത്ഭുതം കൂറി നിന്നു എന്ന് പിതാക്കന്മാർ ചൊല്ലുന്നത്. ഈ മനുഷ്യന്റെ യോഗ്യതയും തേജസ്സും എന്താണ്? എങ്ങിനെ ഈ മനുഷ്യന് ഇത്രയും മഹത്വം ലഭിച്ചു? ദൈവത്തിന്റെ സഖിത്വം ലഭിച്ചതെങ്ങനെ? ഏദൻ തോട്ടത്തിന്റെ വൃക്ഷങ്ങളുടെ ഇടയിലൂടെ മനുഷ്യൻ ദൈവത്തോട് ചേർന്ന് നടക്കുകയാണ്, ആദാം ദൈവത്തിന്റെ സംസർഗ്ഗത്തിലായിരുന്നു.

“ദൈവം സൃഷ്ടിച്ചാദത്തെ-
സൃഷ്ടാവൊട് തുല്ല്യം സൃഷ്ടി-
യായ് മൺമയനുദ്യാനത്തിൽ
തരുനിരയിൽപോയ് വന്നീടു-
ന്നതുകാണ്മാനുള്ളാനന്ദം
സൂക്ഷിച്ചുകൊണ്ടേമേവി
കൂറുന്നീറേന്മാർ
മണ്ണിനുയർച്ചയിലാശ്ചര്യം.”

മനുഷ്യാ നീ ദൈവത്തിന്റെ തേജസ്സുള്ളവനാണ്. പാപം ചെയ്യുമ്പോൾ തേജസ്സ് ഉരിഞ്ഞുപോയല്ലോ, നഷ്ടപ്പെട്ട തേജസ്സ് ഉടുപ്പിക്കാനാണ് തേജോമയനായ ദൈവം ഭൂമിയിലേക്ക് അവതരിച്ചത്. ഒരു സ്ത്രീയുടെ ഗർഭത്തിൽ ഒതുങ്ങി. കാലത്തിന്റെ നടുവിൽ ഒതുങ്ങിനിന്നു, ബി.സി. യുടെയും എ.ഡി. യുടെയും മദ്ധ്യത്തിൽ യേശു ഒതുങ്ങിനിന്നു. ചക്രവാളത്തിന്റെ മദ്ധ്യത്തിൽ യേശു ഒതുങ്ങിനിന്നു. ഭൂമിയുടെയും ആകാശത്തിന്റേയും മധ്യത്തിൽ യേശു ക്രൂശിന്മേൽ ഒതുങ്ങിക്കിടന്നു. മൂന്നാണികളിൽ മേൽ യേശു ക്രൂശിന്മേൽ

ഒതുങ്ങിക്കിടന്നു.

എന്തിന്? എന്നെ തേജസ്സ് അണിയിക്കാൻ, മകനെ, നിനക്ക് തേജസ്സ് മടക്കിത്തരാൻ, പ്രകൃതിശക്തിയുടെമേൽ ജയം തരുന്ന തേജസ്സ് മടക്കിത്തരുവാൻ, എനിക്കുവേണ്ടി അവൻ ക്രൂശിൽ മരിച്ചു. എന്റെ ശാപം ഏറ്റെടുക്കാൻ ശാപ ഗ്രസ്തനായി. എന്റെ ലജ്ജമാറ്റാനായി അവൻ ലജ്ജിത നായി. എന്റെ നിന്ദയും അപമാനവും മാറ്റാൻ അവൻ നിന്ദിതനായി. അപമാനിതനായി, ക്രൂശിൽമേൽ കിടന്നു, എന്റെ പാപം മാറ്റാൻ അവൻ പാപിയെപ്പോലെ ക്രൂശിൽമേൽ മരിച്ചു. ദൈവപൈതലേ, ഇത് നീ വിശ്വസി ച്ചാൽ തേജസ്സ് നിന്റേമേൽ ഇറങ്ങിവരും.

പ്രകൃതിയുടെ മേൽ ജയം തരുന്ന ക്രിസ്തു ജീവിക്കുന്നു. പാപത്തിന്റെ മേലും രോഗത്തിന്റെമേലും സാത്താന്റെമേലും ലോകത്തിന്റെമേലും പ്രകൃതിശക്തിയുടെമേലും ജയം തരും.

## ആറ്

ആറാമത്തേത്: മരണത്തിന്മേൽ ജയം തരും. പലർക്കും ഉണ്ട് മരണ ഭീതി, അയ്യോ, മരിക്കുമോ, എനിക്ക് ഏതോ രോഗമുണ്ട്, എന്താണെന്നറിഞ്ഞുകൂടാ. ചികിത്സിച്ചിട്ടു ഫല പ്പെടുന്നില്ല, ഡോക്ടർമാർക്ക് ഒന്നും ചെയ്യാൻ പറ്റുന്നില്ല. എവിടെയോ ചില പ്രയാസങ്ങൾ. മരണഭീതി. എന്നാൽ മര ണഭയം ക്രിസ്തുമാറ്റിത്തരും എന്ന് എബ്രായ ലേഖനം പറ യുന്നു:

> "മക്കൾ ജഡരക്തങ്ങളോടു കൂടിയവർ ആയ തുകൊണ്ട് അവനും അവരെപ്പോലെ ജഡര ക്തങ്ങളോടുകൂടിയവനായി മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണ ത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു."
>
> എബ്രായ. 2:14-15

എന്തുകൊണ്ടാണ് അവൻ മരണത്തെ ജയിച്ചത്? ഉയർത്തെഴുന്നേറ്റതിനാൽ. അവൻ ക്രൂശിൻ മേൽ മരണത്തെ പുഞ്ചിരിയോടെ എതിരേറ്റു.

ഡി.എൽ. മൂഡി മരിക്കാൻ കിടക്കുകയായിരുന്നു, ഭാര്യ അടുക്കൽ ഉണ്ട്, ഭാര്യയെ 'മമ്മാ' എന്നാണ് അദ്ദേഹം വിളിക്കുന്നത്. മകൻ വില്ല്യം അടുക്കൽ ഉണ്ട്, ഭക്തനായ ദൈവദാസനാണ് ഡി.എൽ. മൂഡി. എത്രയോപേരെയാണ് അദ്ദേഹം ആത്മീയതയിലേക്ക് കൊണ്ടുവന്നത്!

എപ്പോഴോ അദ്ദേഹത്തിന്റെ ഭാവം മാറുന്നത് പോലെ തോന്നി, ഉടനെ അമ്മ മകനെ വിളിച്ചു, വില്ല്യം ഓടിവന്നു. അപ്പോൾ ഡി.എൽ. മൂഡിക്ക് ബോധം പോയതുപോലെ തോന്നി, ഭാര്യയും മകനും കരയുകയാണ്. പെട്ടെന്ന് ഡി.എൽ. മൂഡി കണ്ണ് തുറന്നു. അദ്ദേഹം പറഞ്ഞു: "മമ്മാ, നീ കരയരുത് ഇന്ന് എന്റെ കിരീടധാരണോത്സവമാണ്. എന്ത് മനോഹരമായ ഉദ്യാനങ്ങൾ! എന്ത് സുന്ദരമായ പൂന്തോട്ടങ്ങൾ! മോനെ, നീ കരയരുത്, യേശു എന്നെ മാടി വിളിക്കുന്നു, സന്തോഷമായി ഇരിക്കൂ."

അവർ കരഞ്ഞു, വേർപാട് ദുഃഖകരമല്ലേ? അദ്ദേഹം കണ്ണുകൾ വീണ്ടും തുറന്നു. "അയ്യോ! നിങ്ങൾ കരയുകയാണോ, യേശുവിനെയും, മാലാഖമാരെയും വിശുദ്ധന്മാരെയും ഞാൻ കാണുന്നു, മമ്മാ ഞാൻ അക്കരയ്ക്ക് പോകുകയാണ്, മോനെ കരയല്ലേ, ഇന്ന് എന്റെ കിരീടധാരണ ദിവസമാണ്!" കണ്ണടച്ചു പിന്നെ ആ കണ്ണ് തുറന്നില്ല. സന്തോഷത്തിന്റെ മരണം, സമാധാനത്തിന്റ മരണം, എങ്ങിനെകിട്ടി? യേശു കൂടെ ഉണ്ടായിരുന്നു.

നിങ്ങളുടെ ഉള്ളിൽ യേശു ഉണ്ടോ, മരണത്തെ നിങ്ങൾക്ക് പേടിക്കേണ്ടിവരില്ല. മരണം എപ്പോൾ വന്നാൽ എന്താണ്? എന്റെ ശരീരം മണ്ണിൽ നിക്ഷേപിച്ചാലും എന്റെ ആത്മാവ് യേശുവിന്റെകൂടെ, എപ്പോഴും യേശുവിനോട് കൂടെ. നിങ്ങൾക്ക് ആ ഉറപ്പ് ഉണ്ടോ? എപ്പോഴും യേശുവി

നോട് കൂടെ,.

> ‘‘അങ്ങനെ ഞാൻ ഒന്നിലും ലജ്ജിച്ചു പോകാതെ പൂർണ്ണധൈര്യം പൂണ്ട് ക്രിസ്തു എന്റെ ശരീരത്തിങ്കൽ ജീവനാൽ ആകട്ടെ. മരണത്താൽ ആകട്ടെ. എപ്പോഴും എന്നപോലെ ഇപ്പോഴും മഹിമപ്പെടുകേയുള്ളൂ എന്ന് പ്രതീക്ഷിക്കയും പ്രത്യാശിക്കയും ചെയ്യുന്നു. എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു. വിട്ടു പിരിഞ്ഞ് ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്ക് കാംക്ഷയുണ്ട്. അത് അത്യുത്തമമല്ലോ.”
>
> ഫിലിപ്യർ 1:20–23

അപ്പോസ്തലനായ പൗലോസിന്റെ ദൃഢനിശ്ചയമാണിത്. സെ.പോൾ പറയുന്നു.

ദുരിതം പിടിച്ച ഈ ലോകത്തിൽ ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല, ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു, കർത്താവിന്റെ വേലയ്ക്ക് ആവശ്യമാണെങ്കിൽ ഇനിയും ജീവിക്കാൻ ഞാൻ തയ്യാറാണ്, ദുരിതം ഏൽക്കാൻ ഞാൻ തയ്യാറാണ്, ജയിലിൽ കിടക്കാൻ ഞാൻ തയ്യാറാണ്.

അവസാന ലേഖനത്തിൽ അപ്പോസ്തലൻ എഴുതി:

> “ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു.”
>
> 2 തീമോ. 4:7–8

മരണ ഭീതി മാറിയതുകൊണ്ടാണ് പൗലോസ് ശ്ലീഹായ്ക്ക് ഇങ്ങനെ പറയാൻ കഴിഞ്ഞത്. “മകനേ തിമാഥെയോസേ,

നീ ക്രിസ്തുയേശുവിന്റെ നല്ല ഭടനായി എന്നോടുകൂടെ കഷ്ടം സഹിക്ക. ഞാനോ പാനീയമായി ഒഴുക്കപ്പെടാൻ പോകയാണ്. നിന്റെ ശുശ്രൂഷ നിറപടിയായി നിവർത്തിക്കൂ," എന്റെ വേല നീ ആണ് ഇനി ഏറ്റെടുക്കേണ്ടത്.

നിങ്ങൾ യേശുവിന്റെ വരവിൽ പ്രത്യാശ വച്ചിട്ടുണ്ടോ? ഏതുസമയത്തും മരണം നേരിടാൻ നിങ്ങൾ തയ്യാറാണോ? മരണത്തെ നീ ജയിക്കും.

> "ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങിപ്പോകും."
>
> 1കൊരി 15:26

> "അവൻ മരണത്തെ സദാകാലത്തേയ്ക്കും നീക്കി ക്കളയും."
>
> യെശ. 25:8

ഒരാൾ എന്നോട് ചോദിച്ചു, സാറേ ഇനി എന്റെ ഭർത്താവിനെ എനിക്ക് കാണാൻ കിട്ടുമോ, ചെറുപ്പമാണ്. ഭർത്താവ് മരിച്ചുപോയി, കരഞ്ഞുകൊണ്ടാണ് ചോദിച്ചത്, 'സാറേ, ആളുപോയല്ലോ.'

വെറൊരു സ്ത്രീ പറഞ്ഞു: "സാറേ കണ്ട് കണ്ട് കൊതി തീർന്നില്ലായിരുന്നു, മിണ്ടി മിണ്ടി, പറഞ്ഞുതീർന്നില്ലായിരുന്നു, ഒരുവർഷം തികയുന്നതിനുമുമ്പ് കടന്നുപോയല്ലോ.

മരണം വേദന തന്നെയാണ്. എന്നാൽ വിശ്വാസി മരണത്തെ ജയിക്കണം. ഏതുസമയത്തും മരണം വരാം, എപ്പോൾ മരിച്ചാലും എനിക്ക് എന്റെ യേശുവിന്റെ കൂടെ ആകണം, മരിച്ചാൽ യേശുവിന്റെ കൂടെ ആകണമെങ്കിൽ ജീവിക്കുമ്പോൾ യേശുവിന്റെ കൂടെ ആയിരിക്കണം.

# ഏഴ്

ഏഴാമത് നമുക്ക് ജയം ലഭിക്കുന്നത്, പാതാളത്തിന്മേലാണ്. കാരണം എന്താണ്? യേശുക്രിസ്തു പാതാളത്തെ ജയിച്ചവനാണ്. വചനം എന്തു പറയുന്നു എന്നു നോക്കാം.

> "ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ, എന്നെന്നേക്കും ജീവിച്ചിരിക്കുന്നു, മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവശം ഉണ്ട്."
>
> വെളി. 1:18

ഉയർത്തെഴുന്നേറ്റ് മഹത്വത്തിലേക്ക് കരേറിപ്പോയ യേശുക്രിസ്തു പറയുകയാണ്, യോഹന്നാൻ ശ്ലീഹയ്ക്ക് പ്രത്യക്ഷപെട്ടുകൊണ്ട് പറയുകയാണ്, മരണത്തെയും പാതാളത്തെയും ഭയപ്പെടേണ്ടാ, ഇതാ ഞാൻ ആദ്യനും അന്ത്യനും ഒന്നാമത്തവനും ഒടുക്കത്തവനും ആകുന്നു.

> "ഭയപ്പെടേണ്ട, ഞാൻ ആദ്യനും അന്ത്യനും

> ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായിരുന്നു, എന്നാൽ ഇതാ എന്നെന്നേക്കും ജീവിച്ചിരിക്കുന്നു, മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവശം ഉണ്ട്."
>
> വെളി. 1:17–18

പാതാളത്തിന്റെ പൂട്ട് തുറക്കാൻ അവൻ അധികാരം ഉള്ളവനാണ്. പാതാളത്തിൽ അടയ്ക്കപ്പെട്ടവരെ വിടുവിക്കാൻ അവൻ അധികാരമുള്ളവനാണ്. മരണത്തിനുശേഷമുള്ള ജീവിതത്തെക്കുറിച്ച് നീ ഭയപ്പെടേണ്ട. ജീവനുള്ള ക്രിസ്തു നിന്റെ ഹൃദയത്തിൽ വന്നാൽ മാത്രംമതി. യേശു ക്രിസ്തുവിനെ രക്ഷകനായി കൈക്കൊണ്ടാൽ മാത്രം മതി. പാതാളത്തിന്റെ പൂട്ട് അവന്റെ കൈകളിൽ ഇരിക്കുന്നു.

ക്രിസ്തു പാതാളത്തെ ജയിച്ചവനാണ്. രണ്ടുപേർ നടന്നുപോകുകയായിരുന്നു, രണ്ടുപേരുടെ കൈയ്യിലും തോക്ക് ഉണ്ട്, ഒരാൾ ഡേവിഡ് ലിവിംങ്സ്റ്റൻ. ഉന്നതകുലജാതൻ, ശ്രേഷ്ഠൻ. കൂടെ സ്റ്റാൻലി ഉണ്ട്. സഹപ്രവർത്തകനാണ്. ഇംഗ്ലണ്ടിൽ നിന്ന് ദൈവവേലയ്ക്ക് ആഫ്രിക്കയിൽ പോയി, കൊടും കാട്ടിൽ കൊച്ചു കുടിൽ ഉണ്ടാക്കി പാർത്തു. ഗ്രാമങ്ങളിൽ നിന്ന് മറ്റു ഗ്രാമത്തിലേക്ക് പോകുമ്പോൾ, പുള്ളിപ്പുലിയും, കടുവയും സിംഹവും മറ്റു മൃഗങ്ങളും ആക്രമിക്കാം. അതുകൊണ്ട് അവരുടെ കൈയ്യിൽ തോക്കുണ്ട്.

ഒരു ദിവസം ഒരു സിംഹം ചാടി കടിച്ചു, ലിവിംങ്സ്റ്റന്റെ തോളിലാണ് കടിച്ചത്, രക്തം ധാരയായി ഒഴുകാൻ തുടങ്ങി ബോധം കെട്ടു താഴെ ലിവിംങ്സ്റ്റൻ വീണു. സ്റ്റാൻലി തോക്ക് എടുത്തു സിംഹത്തെ കൊന്നു.

സ്റ്റാൻലി അമ്പരപ്പോടെ നോക്കി, തുണി കീറിയെടുത്ത് മുറിവ് വെച്ച് കെട്ടി, ചോരനിലച്ചു, പക്ഷേ ബോധം തെളിയുന്നില്ല. എടുത്തുകൊണ്ട് താമസിക്കുന്ന കുടിലിൽ എത്തി.

വെറും തറയിൽ കിടത്തി, സ്റ്റാൻലി ചിന്തിച്ചു, അയ്യോ, ഇംഗ്ല ണ്ടിന്റെ വീരപുത്രൻ ആഫ്രിക്കയിലെ വനാന്തരത്തിൽ സിംഹത്തിന്റെ കടിയേറ്റ് തീരുകയാണോ? നോക്കി, ശ്വാസം ഉണ്ട്. വേദനയോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പെട്ടെന്ന് കണ്ണുതുറന്നു, പുഞ്ചിരിച്ചു, സ്റ്റാൻലിയെ നോക്കി പറഞ്ഞു.

> "ഭയപ്പെടേണ്ട ഞാൻ ആദ്യനും അന്ത്യനും ആകുന്നു. മരണത്തിന്റെയും പാതാളത്തി ന്റെയും താക്കോൽ എന്റെ കൈവശം ഉണ്ട്."

ഇങ്ങിനെയുള്ള അപകടങ്ങൾ നിങ്ങൾക്ക് വന്നിട്ടില്ലായി രിക്കും. പക്ഷേ, മാരകമായ രോഗങ്ങൾ വന്നില്ലേ? അത്യാഹി തങ്ങൾ സംഭവിച്ചവരില്ലേ? തിരികെ കിട്ടുകയില്ലെന്ന് വിചാരി ച്ചവരില്ലേ? മരണം പടിവാതിൽക്കൽ വന്ന് മുട്ടിയവരില്ലേ? തീർന്നു എന്നു വിചാരിച്ചവരില്ലേ? ആശയ്ക്ക് വകയില്ലെന്ന് വിചാരിച്ചവരില്ലേ?

ക്രിസ്റ്റ്യൻ ബുക്ക് സെന്റർ നടത്തുന്ന പ്രിയപ്പെട്ട തമ്പിയെ നിങ്ങൾക്ക് അറിയാമോ? തമ്പി എറണാകുളത്ത് ബുക്ക് സെന്റർ നടത്തുന്നു, വെല്ലൂർ മെഡിക്കൽ കോള ജിൽ നിന്ന് തമ്പിയെ തിരികെ കൊണ്ടുവന്നതാണ്. അന്ന് ആരും പ്രതീക്ഷിച്ചില്ല ജീവിച്ചിരിക്കും എന്ന്. വെല്ലൂരിൽ നിന്ന് ഇവിടെയുള്ളവർക്ക് കിട്ടിയ സന്ദേശം തമ്പിക്ക് ഏതാനും ദിവസത്തെ ആയുസ്സ് മാത്രമേ ഉള്ളൂ എന്നാണ്. ലിംഫോമാ ഫോർത്ത് ബി, കാൻസറിന്റെ നാലാമത്തെ ഘട്ടം. അന്ന് തമ്പിയെ ഞങ്ങൾ കാണുമ്പോൾ തലയിൽ ഒരു രോമത്തൊപ്പിവെച്ചിരിക്കുകയാണ്. കീമോതെറോപ്പി കഴിഞ്ഞ് രോമമെല്ലാം കൊഴിഞ്ഞ്, അങ്ങിനെയാണ് പ്രാർത്ഥ നാഹാളിലേക്ക് വരുന്നത് ഞങ്ങൾ കണ്ടത്.

പ്രിയപ്പെട്ടവർ തമ്പിയുടെ ഡെഡ്ബോഡി കാത്തിരുന്ന വരാണ്. പക്ഷേ, മരണത്തിന്റെയും പാതാളത്തിന്റേയും താക്കോൽ കൈയ്യിൽ ഏന്തുന്നവൻ ഇപ്പോൾ പതിനേഴ് വർഷമായി ക്യാൻസർ മാറ്റികൊടുത്തിരിക്കുന്നു. യേശു

ക്രിസ്തു ജീവിക്കുന്നു. മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ കൈവശമുള്ളവൻ തമ്പിയുടെ ആയുസ്സ് നീട്ടികൊടുത്തു.

രണ്ടുവാക്ക് തമ്പിയുടെ നാവ് കൊണ്ട തമ്പി തന്നെ പറയട്ടെ:

1994-ലാണ് എനിക്ക് അസുഖം വന്നത് വെല്ലൂരിലെ ഡോക്ടർ മാർ പറഞ്ഞത് ലിംഫോമാ ഫോർത്ത് ബി. ബോണിനാണ് ക്യാൻസർ. അവിടെത്തെ ടെസ്റ്റ് കഴിഞ്ഞ്, ഒരുകാരണവശാലും രക്ഷപെടുകയില്ലെന്ന് എന്റെ അപ്പച്ചനോട് ഡോക്ടർ പറഞ്ഞു. വെറും ഇരുപത് ദിവസം മാത്രമേ ജീവിക്കുകയുള്ളൂ എന്നാണ് പറഞ്ഞത്. ആദ്യത്തെ കീമോത്തെറാപ്പി കഴിഞ്ഞ സമയത്ത് 1994-ൽ കോലഞ്ചേരിയിൽ നടക്കുന്ന കൺവെൻഷനിൽ ആദ്യമായിട്ട് ഈ ഫെലോഷിപ്പിലേക്ക് കടന്നുവന്നു. വചനം കേട്ടപ്പേൾ, ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി, ഒരു നിത്യതയ്ക്ക് വേണ്ടി ഒരുങ്ങാൻ വേണ്ടി പറഞ്ഞുതന്നു, വചനം കേട്ടതിന്റെ വെളിച്ചത്തിൽ ആഴമേറിയ സമർപ്പണം എടുക്കാൻ ഞാൻ തീരുമാനിച്ചു.

എന്റെ ഭാര്യയും രണ്ട് മക്കളും അവരോടെല്ലാം എന്നെന്നേക്കുമായി യാത്രപറഞ്ഞ ഒരു മനുഷ്യനായിരുന്നു. വചനം കേട്ടതിന്റെ വെളിച്ചത്തിൽ എന്റെ മാതാപിതാക്കളോടും, സഹോദരങ്ങളോടും ക്ഷമ ചോദിച്ചു. അവരെ വേദനിപ്പിച്ചതെല്ലാം ഓർമ്മ വന്നു. നിത്യതയ്ക്ക് വേണ്ടി ആത്മാവിന്റെ ഒരുക്കം കർത്താവായ യേശുക്രിസ്തു തന്നു. ആത്മാവിന്റെ സൗഖ്യവും ശരീരത്തിന്റെ സൗഖ്യവും കർത്താവ് തരുകയായിരുന്നു. അത് പൂർണ്ണമായും ഞാൻ വിശ്വസിക്കുകയായിരുന്നു.

രണ്ടാമത്തെ കീമോതെറാപ്പിക്ക് വേണ്ടി വെല്ലൂരിലേക്ക് പോകുന്ന സമയം തന്നെ കഴുത്തിൽ ഉണ്ടായിരുന്ന ഗ്ലാൻഡ് എല്ലാം അമർന്നുപോയിരുന്നു. ശരീരത്തിൽ സൗഖ്യം ഞാൻ അനുഭവിക്കാൻ തുടങ്ങി. പതിനേഴ് വർഷമായി ഞാൻ ഈ

സൗഖ്യം അനുഭവിക്കുകയാണ്. ക്യാൻസർ രോഗത്തിന് വേണ്ടി പിന്നെ ഒരു മരുന്നും ചെയ്യേണ്ടിവന്നിട്ടില്ല. ഒരു കൊല്ലത്തെ കോഴ്സ് കഴിഞ്ഞതിന് ശേഷമാണ് മുടിയെല്ലാം വന്നത്. പുരികം പോലും ഉണ്ടായിരുന്നില്ല. സാർ പറഞ്ഞത് പോലെ, കറുത്ത തൊപ്പിയുമായി ആണ് ഞാൻ കൂട്ടായ്മ യിലേക്ക് ആദ്യമായി വന്നത്, തുടർന്ന് പതിനേഴ് വർഷകാലം ഈ കൂട്ടായ്മയിൽ ചേർന്ന് കർത്താവായ യേശുക്രിസ്തു വിനെ മഹത്വപ്പെടുത്താൻ എന്റെ കർത്താവ് സഹായിച്ചു. തുടർന്നും കർത്താവായ യേശുക്രിസ്തുവിനെ മാത്രം മഹ ത്വപ്പെടുത്തിക്കൊണ്ട് ഉള്ള ആയുസ്സ് ജീവിക്കാൻ ഞാൻ ഒരി ക്കൽകൂടി സമർപ്പണം എടുക്കുന്നു.

മരണത്തിന്റേയും പാതാളത്തിന്റേയും താക്കോൽ എന്റെ കൈവശം ഉണ്ട് നിങ്ങൾ ഭയപ്പെടേണ്ട, ഞാൻ ആദ്യനും അന്ത്യനും ആകുന്നു. മരണത്തെ ജയിച്ച ക്രിസ്തു, പാതാ ളത്തെ ജയിച്ച ക്രിസ്തു നമുക്ക് ജയം തരും.

മരണത്തെക്കുറിച്ച് സാമുവേൽ കോളറിഡ്ജ് പറഞ്ഞു: ഹേ, നിദ്രയേ, നീ എത്ര ശാന്തം. ധ്രുവാന്തരങ്ങളിലും പ്രിയ പ്പെട്ടവൾ!

ബെഞ്ചമിൻ ഫ്രാങ്കലിൻ മരണത്തെ ഉറക്കത്തോടാണ് സാദൃശ്യപ്പെടുത്തിയത്. മരണം ഉറക്കം പോലെതന്നെ. എങ്കിൽ നടക്കേണ്ട ഒരു പ്രക്രിയയാണ് പുതുക്കത്തോടെ പ്രഭാതത്തിൽ നാം എഴുന്നേറ്റുവരുമെന്നത്. ലോർഡ് ടെന്നിസൺ എഴുതിയ ഒരു വിശ്രുതവിലാപകാവ്യമുണ്ട്. "In Memmorium'' അതിൽ അദ്ദേഹം പറയുന്നു:ഉറക്കവും മരണവും ഇരട്ട സഹോദരങ്ങ ളാണ് എന്ന്.

ജോർജ്ജ് എലിയട്ട് മരണത്തെ ഒരു നല്ല വൈദ്യനെന്നാണ് നിർദ്ദേശിച്ചത്. ദീർഘ വർഷങ്ങളിൽ വിശ്രമരഹിതമായ ജീവി തത്തിന് ശേഷം അതിന്റെ ക്ഷീണമകറ്റുവാൻ മരണം ഉപക രിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്.

പ്ലേറ്റോ മരണത്തെക്കുറിച്ച് പറഞ്ഞത് : "മരണം കാരാഗൃഹത്തിൽ നിന്നുള്ള മോചനമാണ്" എന്നാണ്. ഭാരതത്തിന്റെ അപ്പോസ്തലനായ സാധുസുന്ദർസിംഗ് പറയുന്നു: "ഒരു രൂപത്തിലുള്ള അസ്തിത്വത്തിൽ നിന്ന് മറ്റൊരസ്തിത്വത്തിലേക്കുള്ള മാറ്റമാണ് മരണം."

നാരയണ വാമനതിലക് മരണത്തെ പുഞ്ചിരിയോടെ എതിരേറ്റ ആളാണ്. "അത്യാനന്ദപ്രദമായ ഒരു ഉയർന്ന അനുഭവത്തിലേക്കുള്ള ദൈവവിളിയാണ് മരണം."

Paradise Lost എഴുതിയ John Milton മരണത്തെ വിലയിരുത്തിയത് കവിതാസൗന്ദര്യം തുളുമ്പുന്ന വാക്കുകളിലാണ്. "മരണം അനശ്വരമായ ഒരു ദന്തഗോപുരത്തിന്റെ സ്വർണ്ണത്താക്കോലാണ്."

Robort Moffat ഒരിക്കൽ എഴുതിയ Where I stand I can see the smoke of 10000 African Villages that have never heard of Christ ഡേവിഡ് ലിംവിംഗ്സ്റ്റൺ ഇത് വായിച്ചു അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആവേശത്തിന്റെ തീപ്പൊരി ജ്വലിച്ചു. അദ്ദേഹം ആഫ്രിക്കയിലെത്തി. ആഫ്രിക്കൻ വനാന്തരങ്ങളിലൂടെ പതിനൊന്നായിരം മൈൽ കാൽ നടയായി സഞ്ചരിച്ചു. രോഗങ്ങളുടെ ബാധ, വന്യമൃഗങ്ങളുടെ ആക്രമണം, മുതലായവ നേരിട്ടുകൊണ്ട് അദ്ദേഹം ഇരുണ്ടഭൂഖണ്ഡത്തിന്റെ ഉൾനാടൻ പ്രദേശങ്ങളിൽ സുവിശേഷ വെളിച്ചം പകർന്നു. അടിമവ്യവസായത്തിന്റെ നാരായ വേരറുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഒരു രാഷ്ട്രത്തിന്റെ ഹൃദയം അദ്ദേഹം നേടി.

1873 മെയ് മാസത്തിൽ ഒരാഫ്രിക്കൻ ഗ്രാമത്തിലെ ചെറുകുടിലിൽ മുട്ടിന്മേൽ അദ്ദേഹം മരിച്ചുകിടക്കുന്നത് ലോകം കണ്ടു. ത്യാഗോജ്ജ്വലമായ ജീവിതം! ലോകം നോക്കുമ്പോൾ ആ ജീവിതം പരാജയമെന്നുതോന്നാം. എന്നാൽ തോൽവിയെ പിന്തള്ളി ജയക്കൊടി നാട്ടിയ ജീവിതമാണ് ലിവിഗ്സ്റ്റൺ കാഴിചവെച്ചത്. മരണത്തിലും സുഖം നേടിയ ജീവിതം.

ലിയൊണാർഡൊ ഡാവിൻസി പറഞ്ഞു: As a well - spent day brings happy sleep, so life well-used brings happy death. (യഥായോഗ്യം ചെലവഴിച്ച പകൽ സുഖനിദ്ര നൽകുന്നതു പോലെ നന്നായി ചിലവഴിച്ച ജീവിതം ഭാഗ്യമരണം പ്രദാനം ചെയ്യുന്നു.)

സോക്രട്ടീസ് 40 വർഷം പ്രവർത്തിച്ചു. പ്ലേറ്റോ 50 വർഷവും, അരിസ്റ്റോട്ടിൽ 40 വർഷവും പ്രയത്നിച്ചു. എന്നാൽ യേശുക്രിസ്തു മൂന്നര വർഷം പ്രവർത്തിച്ച പരസ്യശുശ്രൂഷ എത്രയോ മഹത്തായിരുന്നു. നിസ്തൂലമായിരുന്നു, ആ മഹാന്മാർ മൊത്തം പ്രവർത്തിച്ച 130 വർഷത്തേക്കാൾ.

മഹാനായ ഒരു തത്വചിന്തകനും ഗ്രന്ഥകർത്താവുമായിരുന്നു Herbert Spencer. മരണാസന്നനായി കിടക്കുമ്പോൾ അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ശിഷ്യഗണങ്ങളും കിടക്കയ്ക്കരികിൽ ഉണ്ടായിരുന്നു. അവർ ചോദിച്ചു: "അങ്ങയുടെ ശവകുടീരത്തിൽ ഞങ്ങളൊരു സ്മാരകക്കുറിപ്പെഴുതി പ്രതിഷ്ഠിക്കാനാഗ്രഹിക്കുന്നു. എന്താണ് ഞങ്ങൾ അലേഖനം ചെയ്യേണ്ടത്?"

അല്പനേരം ആലോചിച്ചുകൊണ്ട് കിടന്നു. അദ്ദേഹത്തിന്റെ കടക്കണ്ണിൽ കണ്ണീരുറന്നുകൂടി. നിറമിഴികളോടെ വിതുമ്പിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "Most Unhappy'' പരാജയപ്പെട്ട ജീവിതം! മരണത്തിലും തോൽവി!

മരണത്തെ ജയിച്ച യേശുക്രിസ്തുവിന്റെ അനുയായികളായ നമ്മളെയും നമ്മുടെ കർത്താവ് ഉയിർത്തെഴുന്നേൽപിക്കും എന്ന വാഗ്ദത്തം തന്നിട്ടുണ്ട്. മരണത്തെ വെല്ലുവിളിച്ചുകൊണ്ട് നമ്മുടെ അരുമരക്ഷകന്റെ തിരുമുഖശോഭ കണ്ടുകൊണ്ട് മരണയോർദ്ദാൻ കടക്കാം.

ക്രിസ്തു ക്രൂശിക്കപ്പെട്ടതിന്റെ ശേഷം പാതാളത്തിലേക്ക് ഇറങ്ങിച്ചെന്നു. മൃതരുടെ ഇടയിൽ ആദാമിനെ തേടി കണ്ടെത്തി. ആദാമിനോട് പറഞ്ഞു. നീ എന്റെ വരവിനുവേണ്ടി

നൂറ്റാണ്ടുകളായി കാത്തിരിക്കുകയായിരുന്നല്ലോ. “സ്ത്രീയുടെ സന്തതി പാമ്പിന്റെ തല ചതയ്ക്കും.” എന്ന വാഗ്ദത്തം നിവർത്തിക്കുന്നതിനുവേണ്ടി നീ വിശ്വാസത്തോടെ നോക്കിപ്പാർത്തിരിക്കുകയായിരുന്നല്ലോ. നീ പാപം ചെയ്തതിന് ഞാൻ അടിയേറ്റു. ഏദൻതോട്ടത്തിലെ വിലക്കപ്പെട്ടഫലം നീ തിന്നതിന് ഞാൻ കൈയ്പ്പ് കുടിച്ചു. നീ നഗ്നനായപ്പോൾ നഗ്നത മറയ്ക്കാൻ അത്തിയില കൂട്ടിത്തുന്നി നിനക്ക് ഉടയാട ഉണ്ടാക്കി. ഞാൻ നഗ്നനായി കുരിശിൽ കിടന്നു. എന്നെ നഗ്നനായി കുരിശിൽ തൂക്കി. എന്റെ ജീവരക്തം ഒഴുക്കി നീ ഏൽക്കേണ്ട ശിക്ഷയെല്ലാം ഏറ്റതുകൊണ്ട് പിതാവായ ദൈവത്തിന്റെ കോപം മനുഷ്യന്റെ മേൽ നിന്ന് മാറിപ്പോയി.

കൃംതാനമസ്ക്കാരത്തിൽ പാടുന്നില്ലേ?

“നാഥൻ മൃതരിടയിലുറപ്പിച്ചാദത്തെ
ഖേദിക്കേണ്ടാ നിൻ പാപത്തെ ഓർത്തിനിയും നീ
നീ കുറ്റം ചെയ്തതിനല്ലോ ഞാൻ കൊണ്ടടികൾ
ഏദൻ കനി നീ തിന്നതിനാൽ കൈപ്പുംകൂടിച്ചേൻ ഞാൻ
നഗ്നതയാൽ നീ ഇലകൾ ചാർത്തി.
നഗ്നതയോടെന്നെ അവർ തൂക്കി
ഞാൻ ചിന്തിയ രക്തത്താൽ പോയ് കോപം താതന്റെ”

ജയം തരുന്ന ക്രിസ്തു പാപത്തിന്റെമേൽ ജയം, സാത്താന്റെമേൽ ജയം, രോഗത്തിൻ മേൽ ജയം, ലോകസ്നേഹത്തിൽ മേൽ ജയം, പ്രകൃതിയുടെമേൽ ജയം, മരണത്തിൻ മേൽ ജയം, പാതാളത്തിൻ മേൽ ജയം ഈ ഏഴുകാര്യങ്ങളിൽ നമുക്ക് ജയം തരും. “നമ്മുടെ കർത്താവായ യേശുക്രിസ്തുമുഖാന്തിരം നമുക്ക് ജയം തരുന്ന ദൈവത്തിന് സ്തോത്രം.”

“എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു” എന്ന് അപ്പോസ്തലൻ പറഞ്ഞവാ

ക്ക്, നിങ്ങൾ ഏറ്റുപറയൂ. ജയം കിട്ടാതെ വലഞ്ഞവർ യേശുക്രിസ്തുവിന്റെ രക്തത്താൽ ജയശാലികളാവാൻ യേശു ആഗ്രഹിക്കുന്നുണ്ട്. നിങ്ങൾ വിശ്വസിക്കൂ: യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ, നിങ്ങളുടെ പാപങ്ങൾ പരിഹരിക്കപ്പെടുന്നു. യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ നിങ്ങളുടെ രോഗങ്ങൾ മാറുന്നു. യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ നിങ്ങൾ സാത്താനെ ജയിക്കുന്നു. യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ നിങ്ങൾ ലോകത്തെ ജയിക്കുന്നു. യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ നിങ്ങൾ പ്രകൃതി ശക്തികളെ ജയിക്കുന്നു. യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ നിങ്ങൾ മരണത്തെ ജയിക്കുന്നു. യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ നിങ്ങൾ പാതാളത്തെ ജയിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്ക് ജയം നൽകുന്ന ദൈവത്തിന് സ്തോത്രം!

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭ ഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാൻ ആകുന്നതെങ്ങനെ?
15. തുറന്ന വാതിൽ
16. വരവും ചെലവും
17. ദൈവരാജ്യം
18. AMRUTHADHARA (ENGLISH)
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മ വ്യാപാരം
23. പരിശുദ്ധാത്മ ശക്തി
24. ഉത്തമ ഗീതം
25. സങ്കേത നഗരങ്ങൾ
26. മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടു തോണിയിൽ?

(Contd..)

31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല, പ്രവാചക ശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT (English)
41. W AY TO LIBERATION (English)
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെത്തൊട്ടതാർ ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ ?
46. അത് സഹിക്കാകുന്നവൻ ആർ ?
47. എന്നെ ആർ വിടുവിക്കും ?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED ?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH - ENGLIGH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 A M |
| ശനി | സൂര്യ ടിവി | : 6.30 A M |
| ഞായർ | ജീവൻ ടിവി | : 6.30 A M |

**പ്രൊഫ. എം.വൈ. യോഹന്നാൻ**

റിട്ട. പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ്
കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

## CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.00 A M – 2.00 P M | മേച്ചക്കര, പ്രൊഫ. എം. വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് – **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30P M – 5.00P M | |
| മൂന്നാം ഞായറാഴ്ച | 12.30P M – 5.00P M | |
| എല്ലാ തിങ്കളാഴ്ചയും | 6.00P M – 8.00P M | |
| ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം) | 9.00A M – 1.00P M | |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്) | 6.00A M – 8.00P M | പ്രൊഫ. സി. എം. മാത്യു, ചാന്ത്യം – ഭവനം കോലഞ്ചേരി |
| ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം) | 6.30A M – 9.00P M | |